# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ

## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ - 2**

**പേപ്പർ - 210**

## സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും (I)

**സെമസ്റ്റർ - 4**

**പേപ്പർ –410**

## സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും (II)

കേരളസർക്കാർ

**പൊതുവിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2021**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

©
Department of Education
Government of Kerala

## ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിവരുന്ന കേരളത്തിലെ എലിമെന്ററി അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (ഡി.എഡ്) 2018 - 19 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്) ആയി മാറിയിരിക്കുകയാണ്. എൻ.സി.ടി.ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ ഇതു വിനിമയം ചെയ്യുന്നതിനാവശ്യമായ റഫറൻസ് സാമഗ്രികളുടെ അഭാവം പ്രശ്നമായി ഉയർന്നു വരാറുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയോടൊപ്പം അധ്യാപക വിദ്യാർഥികൾക്കുള്ള പഠനപിന്തുണാസഹായിയും എസ്.സി.ഇ.ആർ.ടി. തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സൗഹൃദ സ്വഭാവം പുലർത്തുന്നതും തുടർവായനയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നതുമാണ് ഈ പഠനസഹായി. ഓരോ വിഷയത്തിലേയും പഠനത്തിനു സ്വീകരിക്കാവുന്ന അന്വേഷണ രീതികളും അവശ്യ വിവരങ്ങളും ഇതിലുണ്ട്. ഇതിൽ ഉള്ളടക്ക വിശദാംശങ്ങൾ, തുടർപ്രവർത്തനസൂചനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനപിന്തുണാസഹായി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

***Prepared by***

1. **Sri. R. Raveendran Nair,** Senior Lecturer (Rtd), DIET Pathanamthitta
2. **Sri. M. Ajayakumar**, Senior Lecturer, DIET Alappuzha
3. **Smt.Safeena Beegom** , Senior Lecturer, DIET Palakkad
4. **Sri. E.C. Mohanan**, Teacher Educator G.T.T.I. Palakkad

**Experts:**

1. **Dr. C.Gokuldasan Pillai**
   Former Curriculum Head, SCERT, Thiruvananthapuram
2. **Dr. P.P. Noushad**
   Associate Prof. SGTDS, M.G. University Kottayam

Subject Co-ordinators

**Smt. Chithra Madhavan**

Curriculum head, SCERT, Thiruvananthapuram.

**Sri. Sureshkumar S**

Research Officer, SCERT, Thiruvananthapuram.

Academic Co-ordinator

**Smt. Deepa. N. Kumar**

Research Officer, SCERT, Thiruvananthapuram.

# ഉള്ളടക്കം

## സെമസ്റ്റർ – 2

**പേപ്പർ – 210 സാമൂഹ്യശാസ്ത്രം – പഠനവും ബോധനവും (I)**


യൂണിറ്റ് 1 – സാമൂഹ്യശാസ്ത്രം – അർഥം, പ്രസക്തി, വ്യാപ്തി

യൂണിറ്റ് 2 – ബോധന തന്ത്രങ്ങളും വിനിമയ സമീപനവും

യൂണിറ്റ് 3 – സാമൂഹ്യശാസ്ത്ര ഉള്ളടക്കവിശകലനം

യൂണിറ്റ് 4 – സാമൂഹ്യശാസ്ത്രവും സാങ്കേതിക വിദ്യയും


## സെമസ്റ്റർ – 4

**പേപ്പർ – 410 സാമൂഹ്യശാസ്ത്രം – പഠനവും ബോധനവും (II)**


യൂണിറ്റ് 1 – പാഠ്യപദ്ധതി വിനിമയവും ആസൂത്രണവും

യൂണിറ്റ് 2 – വിലയിരുത്തലും മൂല്യനിർണയവും

യൂണിറ്റ് 3 – സാമൂഹ്യശാസ്ത്രപഠനം – ഗവേഷണവും പ്രശ്നപരിഹാരവും

യൂണിറ്റ് 4 – സാമൂഹ്യശാസ്ത്രം – സ്കൂൾ അനുഭവ പരിപാടി

# സെമസ്റ്റർ - 2

**പേപ്പർ - 210**

**സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും (I)**

യൂണിറ്റ് 1 - സാമൂഹ്യശാസ്ത്രം - അർഥം, പ്രസക്തി, വ്യാപ്തി

യൂണിറ്റ് 2 - ബോധന തന്ത്രങ്ങളും വിനിമയ സമീപനവും

യൂണിറ്റ് 3 - സാമൂഹ്യശാസ്ത്ര ഉള്ളടക്കവിശകലനം

യൂണിറ്റ് 4 - സാമൂഹ്യശാസ്ത്രവും സാങ്കേതിക വിദ്യയും

# സാമൂഹ്യശാസ്ത്രം – പഠനവും ബോധനവും

ആകെ സമയം : 75 മണിക്കൂർ

ആകെ സ്കോർ : 10

**ആമുഖം**

*സാമൂഹ്യശാസ്ത്രം – പഠനവും ബോധനവും എന്ന പേപ്പർ ഡി.എൽ.എഡ് പാഠ്യപദ്ധതിയിലെ രണ്ടും നാലും സെമസ്റ്ററുകളിലായാണ് ഉൾച്ചേർത്തിരിക്കുന്നത്. പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായ സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിനുള്ള അടിസ്ഥാന ധാരണകളും ശേഷികളും ആർജിക്കുന്നതോടൊപ്പം അധ്യാപന നൈപുണികളും അധ്യാപക വിദ്യാർഥികളിൽ രൂപപ്പെട്ടുവരേണ്ടതുണ്ട് എന്ന ലക്ഷ്യത്തിലാണ് ഈ വിഷയം പഠിക്കേണ്ടത്. രണ്ടാം സെമസ്റ്ററിൽ ആകെ നാലു യൂണിറ്റുകളിലായി സാമൂഹ്യശാസ്ത്രപഠനത്തിന്റെ അർഥം, പ്രസക്തി, വ്യാപ്തി, ബോധന തന്ത്രങ്ങൾ, വിനിമയ സമീപനങ്ങൾ, പാഠ്യപദ്ധതി വിശകലനം, സാങ്കേതിക വിദ്യയുടെ ഉപയോഗപ്പെടുത്തൽ എന്നീ ആശയമേഖലകൾ ചർച്ച ചെയ്യുന്നുണ്ട്. സെമസ്റ്റർ നാലിലും നാലു യൂണിറ്റുകളുണ്ട്. ഇതിലൂടെ സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം, വിലയിരുത്തൽ, ഗവേഷണ പ്രവർത്തനങ്ങൾ, സ്കൂൾ അനുഭവപരിപാടി എന്നീ മേഖലകൾ ചർച്ച ചെയ്യുന്നു.*

*രണ്ടാം സെമസ്റ്റർ പൂർത്തിയാക്കുന്നതോടെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട് സ്ഥലം, കാലം, സംഭവങ്ങൾ, അധികാരഘടന, സ്ഥാപനങ്ങൾ, പ്രകൃതിപ്രതിഭാസങ്ങൾ, സാമൂഹിക സാമ്പത്തിക ബന്ധങ്ങൾ എന്നിവയെ വിമർശനാത്മകമായി വിലയിരുത്താനും സാമൂഹ്യയാഥാർഥ്യങ്ങൾ തിരിച്ചറിഞ്ഞ് ശരിയായ നിലപാടുകൾ സ്വീകരിക്കുന്നതിനുമുള്ള കഴിവ് ആർജിക്കേണ്ടതുണ്ട്. അതോടൊപ്പം അഞ്ച്, ആറ്, ഏഴ്, എട്ട് ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങൾ വിനിമയം ചെയ്യാനുള്ള അടിസ്ഥാന ധാരണകളും നേടേണ്ടതുണ്ട്. അതിനുതകുന്ന ഉള്ളടക്കമാണ് രണ്ടാം സെമസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒന്നാം സെമസ്റ്ററിൽ പഠിച്ച പരിസരപഠനത്തിന്റെ തുടർച്ചയും വളർച്ചയും ഇവിടെ കാണാനാവും.*

| പഠന നേട്ടങ്ങൾ | |
|---|---|
| **യൂണിറ്റ് 1**<br>സാമൂഹ്യശാസ്ത്രം അർഥം, പ്രസക്തി, വ്യാപ്തി. | • സാമൂഹ്യശാസ്ത്രത്തിന്റെ നിർവചനം, അർഥം, വ്യാപ്തി, സ്വഭാവം, പ്രസക്തി, ലക്ഷ്യം എന്നിവ തിരിച്ചറിഞ്ഞ് ഉദാഹരണസഹിതം വിശദീകരിക്കുന്നു.<br>• വിവിധ സാമൂഹ്യശാസ്ത്ര ശാഖകളിലെ അറിവ് പ്രയോജനപ്പെടുത്തി സാമൂഹിക വിശകലനം നടത്തുന്നു.<br>• സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രസക്തി, രീതിശാസ്ത്രം എന്നിവ വിശദീകരിക്കുന്നു. |
| **യൂണിറ്റ് 2**<br>ബോധന തന്ത്രങ്ങളും വിനിമയ സമീപനവും | • പഠിതാവ്, പഠനപ്രക്രിയ, അധ്യാപിക എന്നിവർക്ക് സാമൂഹ്യശാസ്ത്ര പഠനത്തിലുള്ള പങ്ക് വ്യാഖ്യാനിക്കുന്നു.<br>• സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതി വിനിമയസമീപനം തിരിച്ചറിഞ്ഞ് വിവിധ ബോധന തന്ത്രങ്ങൾ ക്ലാസിൽ ഉപയോഗപ്പെടുത്തുന്നു. |
| **യൂണിറ്റ് 3**<br>സാമൂഹ്യശാസ്ത്ര ഉള്ളടക്കവിശകലനം | • പാഠവിശകലനത്തിലൂടെ പാഠ്യപദ്ധതിയിലെ (5, 6, 7, 8, ക്ലാസുകൾ) വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു. ഉള്ളടക്ക വ്യാപ്തിയെക്കുറിച്ച് ധാരണനേടുന്നു. |

| | |
|---|---|
| **യൂണിറ്റ് 4**<br>സാമൂഹ്യശാസ്ത്ര പഠനവും സാങ്കേതിക വിദ്യയും | • പാഠ്യപദ്ധതി വിനിമയം ഫലപ്രദമാക്കുന്നതിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം കണ്ടെത്തി രേഖപ്പെടുത്തുന്നു.<br>• പാഠ്യപദ്ധതി വിനിമയത്തിൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ, ഉപാധികൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നു. |

**പ്രധാനാശയങ്ങൾ**

**യൂണിറ്റ് 1: സാമൂഹികശാസ്ത്രം – അർഥം, പ്രസക്തി, വ്യാപ്തി.**

- നിർവചനം, പഠനലക്ഷ്യം, വിഷയ സ്വഭാവം
- വിവിധ സാമൂഹ്യശാസ്ത്ര ശാഖകളും അവയുടെ പരസ്പര ബന്ധവും – ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്രം, സാമൂഹ്യശാസ്ത്രം.
- പ്രൈമറി പാഠ്യപദ്ധതിയിൽ ഇവയുടെ പ്രസക്തി, ഉൾച്ചേർക്കൽ.

**യൂണിറ്റ് 2: സാമൂഹ്യശാസ്ത്രം, – ബോധന തന്ത്രങ്ങളും വിനിമയസമീപനവും.**

- സാമൂഹ്യശാസ്ത്ര പഠനം എന്തിന്? എങ്ങനെ?
  - പഠിതാവ്.
  - പഠന പ്രക്രിയ
  - ബോധന രീതികൾ – തന്ത്രങ്ങൾ – പഠനപ്രവർത്തനങ്ങൾ
  - അധ്യാപികയുടെ പങ്ക്
  - സാമൂഹ്യശാസ്ത്രം – വിനിമയ സമീപനം
    - പഠിതാവ് കേന്ദ്രീകൃതം
    - പ്രവർത്തനാധിഷ്ഠിതം
    - പരിസരബന്ധിതം
    - അന്വേഷണാത്മകം
    - ജ്ഞാന നിർമ്മിതിയിലൂന്നിയത്
    - വിമർശനാത്മക ചിന്ത വളർത്തുന്നത്.

**യൂണിറ്റ് 3 : സാമൂഹ്യശാസ്ത്ര ഉള്ളടക്കവിശകലനം**

- 5, 6, 7, 8 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതി.
- പഠന നേട്ടങ്ങളുടെ തുടർച്ചയും വളർച്ചയും.
- പ്രധാനാശയങ്ങൾ, ധാരണകൾ, വസ്തുതകൾ
- മൂല്യങ്ങൾ, ശേഷികൾ, മനോഭാവങ്ങൾ
- പഠന പ്രവർത്തനങ്ങൾ – തന്ത്രങ്ങൾ
- പഠനോപകരണങ്ങൾ
- ഉൽപ്പന്നങ്ങൾ

**യൂണിറ്റ് 4 : സാമൂഹ്യശാസ്ത്രവും സാങ്കേതിക വിദ്യയും**

- സാമൂഹ്യശാസ്ത്രത്തിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം
- വിനിമയത്തിൽ ഉപയോഗപ്പെടുത്താവുന്ന സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ.
- സോഫ്റ്റ്‌വെയറുകൾ
- വെബ് പോർട്ടലുകൾ, വെബ്സൈറ്റുകൾ
- ബ്ലോഗുകൾ
- പ്രസന്റേഷനുകൾ തയാറാക്കൽ സാധ്യതകൾ
- ഇ – ടീച്ചിംഗ് മാന്വൽ
- .....................

# യൂണിറ്റ് - 1
# സാമൂഹ്യശാസ്ത്രം - അർഥം, പ്രസക്തി, വ്യാപ്തി

**ആമുഖം**

മനുഷ്യന്റെ സാമൂഹ്യജീവിതത്തെക്കുറിച്ച് പഠിക്കുകയും പ്രസ്തുത പഠനത്തിന് ശാസ്ത്രീയരീതി പ്രയോഗിക്കുകയും ചെയ്യുന്ന പഠനശാഖയാണ് സാമൂഹ്യശാസ്ത്രം. സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പരബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. മനുഷ്യബന്ധങ്ങൾ, സാമൂഹ്യ മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ പഠിതാക്കളിൽ വളർത്തേണ്ടതുണ്ട്. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും, സമൂഹവും പ്രകൃതിയും തമ്മിലുമുള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണവും വിശകലനവും ഇവിടെ നടക്കണം.

സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ തിരിച്ചറിഞ്ഞ് സാമൂഹ്യമാറ്റത്തിന് വേണ്ടി പ്രവർത്തിക്കാൻ ആവശ്യമായ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുക, സാമൂഹ്യബോധത്തോടെയും മാനവിക ജനാധിപത്യ ദർശനങ്ങളിലൂന്നിയും പ്രവർത്തിക്കാനാവശ്യമായ ഒരു ജീവിത സംസ്കാരം വളർത്തുക എന്നിവ സാമൂഹ്യശാസ്ത്രപഠനം കൊണ്ട് സാധ്യമാകണം. ഒരു പ്രധാന സ്കൂൾ വിഷയം എന്ന നിലയിൽ സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രാധാന്യവും അതുതന്നെയാണ്. സാമൂഹ്യശാസ്ത്രത്തിന്റെ നിർവചനം, അർഥം, സ്വഭാവം, വ്യാപ്തി, ലക്ഷ്യം, ഇതോടൊപ്പം സാമൂഹ്യശാസ്ത്ര വിഷയങ്ങൾ തമ്മിലുള്ള പരസ്പരബന്ധം തുടങ്ങിയവയും ഈ യൂണിറ്റിൽ ചർച്ച ചെയ്യപ്പെടുന്നു.

**1.1 സാമൂഹ്യശാസ്ത്രം – നിർവചനം**

ആദ്യകാലത്ത് സാമൂഹ്യ പാഠങ്ങളായാണ് സാമൂഹ്യശാസ്ത്രത്തെ പരിഗണിച്ചിരുന്നത്. ഇന്ന് സാമൂഹ്യപാഠത്തിന്റെ ശാഖകൾ വിപുലപ്പെടുകയും ഉള്ളടക്കത്തിലും പഠന രീതിയിലും ശാസ്ത്രീയ രീതികൾ അവലംബിക്കുകയും ചെയ്തതോടെ അതിനെ സാമൂഹ്യശാസ്ത്രമായി പരിഗണിക്കുന്നു. ചില നിർവചനങ്ങൾ പരിശോധിക്കാം.

"മനുഷ്യനെയും തന്റെ സാമൂഹ്യവും ഭൗതികവുമായ പരിസ്ഥിതികളിൽ അവൻ നടത്തുന്ന ഇടപെടലുകളെയും കുറിച്ച് പ്രതിപാദിക്കുന്ന സാമൂഹ്യശാസ്ത്രപാഠം മനുഷ്യബന്ധങ്ങൾ, പൗരത്വ പരിശീലനം എന്നിവയെ കേന്ദ്ര പ്രമേയമാക്കുന്നു." ***– മൈക്കേലിസ്***

"മനുഷ്യവ്യവഹാരങ്ങളുടെ പഠനമാണ് സാമൂഹ്യശാസ്ത്രം" ***– ചാൾസ് ബേർഡ്***

"മനുഷ്യനെ സംബന്ധിച്ച കാര്യങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാന ചിന്തന സമ്പത്താണ് സാമൂഹ്യശാസ്ത്രങ്ങൾ" ***– ജയിംസ് ഹൈ (James High)***

"പ്രാപഞ്ചികവും ജൈവികവും മാനസികവുമായ ശക്തികളുടെ ഫലമായി, ഒരു പരിണാമ പ്രക്രിയയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന മനുഷ്യ സമൂഹത്തിന്റെ ഉൽപ്പത്തി, വളർച്ച, ഘടന എന്നിവയെ സംബന്ധിച്ച പഠനമാണ് സാമൂഹ്യശാസ്ത്രം" ***– പ്രൊഫ. ഫ്രാങ്കിലിൻ പ്രിഡിംഗ്സ്.***

"മാനവ സമുദായത്തെക്കുറിച്ചുള്ള യുക്തിപരവും ചിട്ടയോടുകൂടിയതുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. മാനവ സമുദായത്തിന്റെ ഉത്ഭവം, വികാസം, സ്ഥാപനങ്ങൾ, ബന്ധങ്ങൾ എന്നിവയെപ്പറ്റിയും സാമൂഹ്യജീവിതത്തിലുൾപ്പെട്ട ആശയങ്ങളെപ്പറ്റിയും പഠിക്കുന്ന അക്കാദമിക ശാഖയാണ് സാമൂഹ്യ ശാസ്ത്രം" ***– എൻകാർട്ട, എൻസൈക്ലോപീഡിയ – 2005***

**സാമൂഹ്യശാസ്ത്രവും സാമൂഹ്യപാഠങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്? ചർച്ച ചെയ്യുക.**

സാമൂഹ്യശാസ്ത്രത്തെ സംബന്ധിച്ച് മുകളിൽ നൽകിയിട്ടുള്ള നിർവചനങ്ങൾ വിശദമായി പരിശോധിക്കൂ. ഓരോ നിർവചനത്തിന്റെയും പ്രധാനാശയങ്ങൾ പരിഗണിച്ച് സാമൂഹ്യശാസ്ത്രത്തിന് നിങ്ങളുടേതായ ഒരു നിർവചനം തയാറാക്കുക.

## 1.2 സാമൂഹ്യശാസ്ത്രം – അർഥവും സ്വഭാവവും

### 1.2.1 സാമൂഹ്യശാസ്ത്രത്തിന്റെ അർഥതലങ്ങൾ

സമൂഹത്തിന്റെ വികാസ പരിണാമരീതികളും സ്വഭാവവും തിരിച്ചറിഞ്ഞ് സമൂഹത്തെ മുന്നോട്ടു നയിക്കാനുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ സാമൂഹ്യശാസ്ത്രപഠനം സഹായിക്കുന്നു. വ്യക്തിയും സമൂഹവുമായുള്ള ബന്ധങ്ങൾ ദൃഢപ്പെട്ട് സാമൂഹ്യബന്ധങ്ങളിലൂന്നിയ വ്യക്തിവികാസം സാധ്യമാകണമെങ്കിൽ സാമൂഹിക ബന്ധങ്ങളെപ്പറ്റി വ്യക്തിക്ക് ശരിയായ കാഴ്ചപ്പാടുണ്ടായിരിക്കണം. വ്യക്തിയുടെ ഇടപെടലുകൾക്ക് ആവശ്യമായ മാർഗനിർദേശം സമൂഹത്തിൽ നിന്ന് സ്വീകരിച്ച് സാമൂഹിക പ്രശ്നങ്ങളിൽ ഗുണാത്മകമായി ഇടപെടാൻ എല്ലാവർക്കും കഴിയണം. ചുരുക്കത്തിൽ സാമൂഹ്യ ശാസ്ത്രം:

- മനുഷ്യന്റെ സാമൂഹ്യജീവിതം കൈകാര്യം ചെയ്യുകയും അതിന്റെ പഠനത്തിന് ശാസ്ത്രീയ രീതി പ്രയോഗിക്കുകയും ചെയ്യുന്നു.
- വിവിധ സാമൂഹ്യശാസ്ത്രവിഷയങ്ങളിലെ ആശയങ്ങൾ ഇണക്കിച്ചേർത്ത് ആവിഷ്കരിക്കുന്ന ഒരു പ്രത്യേക പഠനശാഖയാണ്.
- മാനവിക മൂല്യങ്ങൾ, ഭരണഘടനാമൂല്യങ്ങൾ പുരോഗമനപരമായ സാമൂഹികബോധം എന്നിവയിലധിഷ്ഠിതമായ കാഴ്ചപ്പാട് കുട്ടികളിൽ വളർത്തിയെടുക്കാൻ സഹായിക്കുന്ന പഠനവിഷയം.
- സുസ്ഥിര വികസനകാഴ്ചപ്പാട്, പ്രകൃതി വിഭവ സംരക്ഷണം, ജനാധിപത്യ ബോധം, സഹിഷ്ണുത, വ്യത്യസ്ത സംസ്കാരങ്ങളോടും ജീവിത രീതികളോടുമുള്ള ആദരവ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട മൂല്യങ്ങളും, മനോഭാവങ്ങളുമുള്ള പൗരന്മാരെ രൂപപ്പെടുത്താൻ സഹായിക്കുന്ന പഠനശാഖ.
- മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം കണ്ടെത്തുന്നു.
- സാമൂഹീകരണ പ്രക്രിയയെ സഹായിക്കുന്നു.
- മനുഷ്യസമൂഹത്തിന്റെ ഇന്നത്തെ സ്ഥിതി വിലയിരുത്തുന്നു
- 
- 

സാമൂഹ്യശാസ്ത്ര ടീച്ചർടെക്സ്റ്റിലെ ആമുഖഭാഗങ്ങൾ, വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകൾ, മറ്റ് റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ പരിശോധിച്ച് അധികവിവരങ്ങൾ കണ്ടെത്തുമല്ലോ.

### 1.2 സാമൂഹ്യശാസ്ത്രത്തിന്റ സ്വഭാവം

സാമൂഹ്യശാസ്ത്രപഠനത്തിന്റെ സ്വഭാവ സവിശേഷതകൾ 5,6,7 സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റ്, എൻ.സി.എഫ് 2005, കെ.സി.എഫ്–2011 ഇവ വിശകലനം ചെയ്ത് കണ്ടെത്തി ഇവിടെ കൊടുത്തിരിക്കുന്ന പട്ടിക വിപുലപ്പെടുത്തൂ.

**സാമൂഹ്യശാസ്ത്ര പഠനത്തിന്റെ സവിശേഷതകൾ**

- പ്രക്രിയാശേഷികൾക്ക് ഊന്നൽ നൽകുന്നു.

- യഥാർഥമായ ജീവിത സന്ദർഭങ്ങൾ അവതരിപ്പിക്കുന്നു.
- അനുഭവാധിഷ്ഠിത പഠനം
- സാമൂഹ്യ പുരോഗതി ലക്ഷ്യമിടുന്നു
- മനുഷ്യബന്ധങ്ങളെക്കുറിച്ച് പഠിക്കുന്നു
- മാനവ വികാസത്തിന്റെ പഠനം സാധ്യമാക്കുന്നു
- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു.
- സാമൂഹ്യ ജീവിതത്തിന് സജ്ജമാക്കുന്നു
- വ്യത്യസ്ത സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ കൂടിച്ചേരൽ
- ജീവിതസ്പർശിയായ പഠനശാഖ

**സാമൂഹ്യശാസ്ത്ര പഠനം – പ്രക്രിയാശേഷികൾ**

എന്തുപഠിക്കണം എന്നതുപോലെ പ്രധാനമാണ് എങ്ങനെ പഠിക്കണം എന്നത്. അതുകൊണ്ട് സാമൂഹ്യശാസ്ത്രപഠനത്തിൽ ഉള്ളടക്കത്തിനും പ്രക്രിയയ്ക്കും തുല്യപ്രാധാന്യമുണ്ടായിരിക്കണം. സാമൂഹ്യശാസ്ത്രപഠനത്തിന്റെ ഭാഗമായി ആർജിക്കേണ്ട ചില പ്രധാന പ്രക്രിയാശേഷികൾ താഴെപറയുന്നവയാണ്.

- നിരീക്ഷണം
- വിവരശേഖരണം
- വർഗീകരണം
- താരതമ്യം
- വിശകലനം
- സാമാന്യവൽക്കണം
- നിഗമനങ്ങൾ രൂപപ്പെടുത്തൽ
- പ്രവചിക്കലും അനുമാനിക്കലും
- ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ
-
-

ഇതിനുള്ള പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. സമൂഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രതിഭാസങ്ങൾ എന്നിവയെ സംബന്ധിച്ച ചർച്ചകളും അവയുടെ കാരണങ്ങൾ അന്വേഷിക്കലും വിശകലനവും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നടക്കേണ്ടതുണ്ട്.

എല്ലാ ശാസ്ത്രശാഖകളുടെയും സ്വാധീനം മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ സുവ്യക്തമാണ്. ഇവയിലെ വസ്തുതകളും ധാരണകളും സിദ്ധാന്തങ്ങളും പ്രക്രിയകളും അർഥവത്താകുന്നത് അവയെ സാമൂഹ്യ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുമ്പോഴാണ്. മനുഷ്യ ജീവിതത്തിന്റെ ചരിത്രപരവും സാംസ്കാരികവും സാമൂഹ്യവുമായ വശങ്ങൾ അവയെ മാറ്റി മറിച്ച ശാസ്ത്രപുരോഗതിയുടെ വെളിച്ചത്തിൽ വേണം മനസ്സിലാക്കാൻ.

ഇതിലൂടെ ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വളർന്നു വരുന്നു. സാമൂഹ്യശാസ്ത്രപഠനം പ്രക്രിയാധിഷ്ഠിതമാകണം. പ്രശ്നപരിഹരണത്തിന് അനുയോജ്യമായ വിവരങ്ങൾ ശേഖരിക്കുക, ലഭിച്ച വിവരങ്ങളെ വിശകലനം ചെയ്യുക, നിഗമനത്തിൽ എത്തിച്ചേരുക, എത്തിച്ചേർന്ന നിഗമനങ്ങൾ പരിശോധിക്കുക, പുതിയ സാഹചര്യത്തിൽ പ്രയോഗിക്കുക തുടങ്ങിയ ശേഷികൾ വികസിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്ലാസ്സ് മുറിയിൽ നടക്കണം. ഒരു പഠന പ്രക്രിയ പൂർത്തിയാവുമ്പോൾ താൻ എന്തെല്ലാമാണ് നേടിയതെന്ന് കുട്ടിക്ക് തിരിച്ചറിയാൻ കഴിയണം. തുടർപഠനത്തിന് ഇത് അവനെ പ്രാപ്തനാക്കും. വിവിധ പഠനതന്ത്രങ്ങൾ ഇതിനായി ഉപയോഗപ്പെടു ത്തേണ്ടതുണ്ട്. സെമിനാർ, ഗ്രൂപ്പ് ചർച്ച, സംവാദം, അഭിമുഖം, ഫീൽഡ് ട്രിപ്പ്, പ്രോജക്ട് തുടങ്ങിയവ സാമൂഹ്യശാസ്ത്രപഠനത്തിന് ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിങ്ങൾക്കറിയാമല്ലോ. സാമൂഹ്യശാസ്ത്രപഠനത്തിന്റെ ഈ സ്വഭാവം ബോധ്യപ്പെടാനുള്ള ഏതെങ്കിലും ഒരു പ്രവർത്തനം പ്രൈമറി പാഠപുസ്തകങ്ങളിൽ നിന്ന് കണ്ടെത്തി അവതരിപ്പിക്കൂ. പ്രവർത്തനഘട്ടങ്ങൾ പരിശോധിക്കൂ. ഉദാഹരണമായി ഒരു പ്രോജക്ടിലാണ് നിങ്ങൾ ഏർപ്പെടുന്നതെങ്കിൽ അതിൽ അവലംബിക്കുന്ന സൂക്ഷ്മ പ്രക്രിയകളെ ഇങ്ങനെ പട്ടികപ്പെടുത്താം.

* പ്രാരംഭചർച്ച
* പ്രശ്നത്തിലേക്കെത്തിച്ചേരൽ
* പ്രശ്നപരിഹരണത്തിനുള്ള കൂട്ടായ ആസൂത്രണം
* പരികൽപ്പന/ഊഹം രൂപീകരിക്കൽ
* തന്ത്രങ്ങൾ/ടൂളുകൾ വ്യക്തിഗതം/ഗ്രൂപ്പ് തുടങ്ങിയവ
* വിവരശേഖരണം
* വിവരങ്ങൾ ക്രോഡീകരിക്കൽ
* ക്രോഡീകരിച്ച വിവരങ്ങൾ അപഗ്രഥിക്കൽ
* തിരിച്ചറിവുകൾ പങ്കുവയ്ക്കൽ
* നിഗമനം രൂപീകരിക്കൽ
* അവതരിപ്പിക്കൽ
* പ്രോജക്ട് റിപ്പോർട്ട് തയാറാക്കൽ

- ഇവിടെ പ്രശ്നപരിഹരണത്തിന്/പഠനത്തിന് സ്വീകരിച്ച രീതി ഏതാണ്?
  *ലഭ്യമായ തെളിവുകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മ വിശകലനം നടത്തി നിഗമനങ്ങളിൽ എത്തിച്ചേരുന്ന രീതി.*

സാമൂഹ്യശാസ്ത്ര പഠനത്തിന്റെ മറ്റ് സ്വഭാവ സവിശേഷതകൾ പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റ് എന്നിവ വിശകലനം ചെയ്ത് കണ്ടെത്തൂ.

### 1.3 സാമൂഹ്യ ശാസ്ത്രം-വ്യാപ്തി

സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്കവും സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഉപവിഷയങ്ങൾ, അവ തമ്മിലുള്ള പരസ്പരബന്ധം എന്നിവ വിശകലനം ചെയ്യാം.

#### 1.3.1 സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്കം

പ്രൈമറി സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങൾ നിങ്ങൾ വിവിധ ഗ്രൂപ്പുകളിലായി വിശകലനം ചെയ്യൂ. ഇതിൽ ഉൾച്ചേർന്നിട്ടുള്ള വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങൾ പട്ടികപ്പെടുത്തൂ.

| വിഷയം | ക്ലാസ്സ് | യൂണിറ്റ് | ചർച്ച ചെയ്യപ്പെടുന്ന ആശയങ്ങൾ |
|---|---|---|---|
| ചരിത്രം | | | |
| ഭൂമിശാസ്ത്രം | | | |
| സാമ്പത്തികശാസ്ത്രം | | | |
| സമൂഹശാസ്ത്രം | | | |
| രാഷ്ട്രതന്ത്രം | | | |

ഓരോ ക്ലാസിലെയും വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന ആശയങ്ങൾ കണ്ടെത്തിയല്ലോ. ഓരോ ക്ലാസ്സിലെയും സാമൂഹ്യ ശാസ്ത്രവിഷയങ്ങളുടെ വ്യാപ്തി മനസ്സിലായില്ലേ? അതോടൊപ്പം പാഠപുസ്തകങ്ങളിലൂടെ വിഷയങ്ങളുടെ വ്യാപ്തി നിർണയിച്ചിരിക്കുന്നതെങ്ങനെയെന്നും തിരിച്ചറിഞ്ഞല്ലോ.

**സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഉപവിഷയങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം**

പ്രൈമറി ക്ലാസുകളിലെ സാമൂഹ്യശാസ്ത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വിഷയങ്ങൾ ഏവയെന്ന് നിങ്ങൾ കണ്ടുകഴിഞ്ഞു. താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിശോധിക്കൂ.

- ഓരോ ഉപവിഷയവും എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്?
- വിവിധ വിഷയങ്ങളെ ഉദ്ഗ്രഥിച്ചിരിക്കുന്നതിന്റെ യുക്തി എന്തായിരിക്കും?
- ചർച്ച ചെയ്യപ്പെടുന്ന ആശയങ്ങൾ പഠിതാവിന്റെ നിലവാരത്തിന് യോജിച്ചതാണോ?
- സാമൂഹ്യശാസ്ത്രത്തിലെ എല്ലാവിഷയങ്ങളും എല്ലായ്പ്പോഴും തുല്യപരിഗണനയിൽ വരണമെന്നുണ്ടോ?

  സാമൂഹ്യശാസ്ത്രത്തിലെ ഏതെങ്കിലും ഒരു ആശയവുമായി ബന്ധപ്പെട്ട ഉദ്ഗ്രഥന സാധ്യത പരിശോധിക്കൂ.

ഒരു സ്കൂൾ വിഷയമെന്ന നിലയിൽ ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം, സമൂഹശാസ്ത്രം എന്നിവ ഉൾച്ചേർന്നതാണ് സാമൂഹ്യശാസ്ത്രം. പ്രൈമറി പാഠഭാഗങ്ങളിൽ ഓരോ ഉപവിഷയവും ഒറ്റപ്പെട്ടു നിൽക്കുന്നില്ല. പഠിതാവിന്റെ നിലവാരം പരിഗണിച്ചുകൊണ്ടും സമൂഹത്തെ കേന്ദ്രമാക്കിയും എല്ലാ ഉപവിഷയങ്ങളും ഉദ്ഗ്രഥിച്ചാണ് ആശയങ്ങൾ അവതരിപ്പിക്കേണ്ടത്.

**1.3.2 വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളും അവയുടെ പാരസ്പര്യവും**

***ചരിത്രം:*** വർത്തമാനകാല സാഹചര്യങ്ങളെ ഇന്നലെകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിച്ച് നാളെയെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ രൂപീകരിക്കുന്നതിന് സഹായിക്കുന്ന പഠനശാഖയാണ് ചരിത്രം. സാമൂഹ്യ ജീവിയായ മനുഷ്യൻ അവന്റെ വ്യവഹാരമേഖലകളിൽ നടത്തുന്ന ഇടപെടലുകളിലൂടെ സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങളെ വിശകലനം ചെയ്ത് തെറ്റും ശരിയും ബോധ്യപ്പെടാൻ ചരിത്രപഠനം വഴിയൊരുക്കുന്നു. കാലം, സ്ഥലം, സമൂഹം എന്നിവയെപ്പറ്റി സമഗ്രമായ വീക്ഷണമുണ്ടാക്കുന്നതോടൊപ്പം സമൂഹത്തിന്റെ ബഹുമുഖമായ വളർച്ചയുടെ സമ്പൂർണമായ ചിത്രം നൽകുന്നതിനും സാമൂഹ്യശാസ്ത്ര പഠനം സഹായകമാകുന്നു.

***ഭൂമിശാസ്ത്രം:*** മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധമാണ് ഭൂമിശാസ്ത്രത്തിന്റെ കേന്ദ്രാശയം. പ്രകൃതി പ്രതിഭാസങ്ങൾക്ക് മനുഷ്യനുമേലുള്ള സ്വാധീനവും മനുഷ്യന്റെ ഇടപെടലുകൾ ഭൗമ പരിസ്ഥിതിയിൽ വരുത്തുന്ന മാറ്റങ്ങളും തിരിച്ചറിഞ്ഞ് വിശകലനം ചെയ്യുന്ന

തിന് ഭൂമിശാസ്ത്രപഠനം സഹായിക്കുന്നു. പ്രകൃതിദത്ത പരിസ്ഥിതിയും മനുഷ്യനിർമ്മിത പരിസ്ഥിതിയുമെല്ലാം പഠന വിധേയമാക്കുന്നു. ഇത്തരം പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നതിനും, അപഗ്രഥിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം, സുസ്ഥിരവികസനം എന്നീ ആശയങ്ങൾ സ്വാംശീകരിക്കുന്നതിനും ഭൂമിശാസ്ത്രപഠനം കൊണ്ടു കഴിയുന്നു.

***സാമ്പത്തികശാസ്ത്രം:*** ഉൽപ്പാദനം, വിതരണം, ഉപഭോഗം, സമ്പത്തിന്റെ വിതരണം എന്നിവയ്ക്ക് മനുഷ്യനുമേലുള്ള സ്വാധീനത്തെ സംബന്ധിച്ച പഠനമാണ് സാമ്പത്തിക ശാസ്ത്രം. ഭൂമിയിലെ വിഭവങ്ങളുടെ നീതിപൂർവവും ശാസ്ത്രീയവുമായ വിതരണവും ഉപഭോഗവും ഉറപ്പാക്കുന്ന തരത്തിലുള്ള സാമ്പത്തിക വീക്ഷണം വിദ്യാർഥികളിൽ വളർത്താനുതകുന്നതാണ് സാമ്പത്തികശാസ്ത്രപഠനം. നിലവിലുള്ള വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയാനും പ്രയോഗത്തിൽ വരുത്താനും സാമ്പത്തികശാസ്ത്രപഠനം കൊണ്ട് സാധ്യമാകുന്നു.

***രാഷ്ട്രതന്ത്രം :*** ജനത, രാഷ്ട്രം, ഭരണക്രമം തുടങ്ങിയവയെക്കുറിച്ചുള്ളപഠനമാണ് രാഷ്ട്രതന്ത്രം. രാഷ്ട്രം, രാഷ്ട്രരൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ, ഭരണകൂടം, ഭരണരീതി, ഭരണാധിപന്മാർ, ഭരണ സംവിധാനങ്ങൾ, തിരഞ്ഞെടുപ്പ് രീതി, ചുമതലകൾ എന്നിവയോടൊപ്പം പൗരന്റെ അവകാശങ്ങളും കടമകളും കൂടി രാഷ്ട്രതന്ത്രം ചർച്ച ചെയ്യുന്നു. വിവിധ ഭരണരൂപങ്ങളെയും സ്ഥാനങ്ങളെയും വിശകലനം ചെയ്യാനും അവയെ മനുഷ്യപുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്താനും രാഷ്ട്രതന്ത്രപഠനം സഹായിക്കുന്നു.

***സമൂഹശാസ്ത്രം:*** മാനവ സമൂഹത്തിന്റെ ഘടനാപരമായ തലങ്ങളെ സംബന്ധിച്ച വിവരണാത്മകവും വിശകലനാത്മകവുമായ വിജ്ഞാനശാഖയാണ് സമൂഹശാസ്ത്രം. മനുഷ്യസമൂഹത്തിലെ വിവിധ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സാമൂഹ്യബന്ധങ്ങൾ, നിയമങ്ങൾ എന്നിവയും അവ സാമൂഹ്യജീവിതത്തിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങളും സമൂഹശാസ്ത്രം പഠനവിധേയമാക്കുന്നു. സാമൂഹ്യഘടകങ്ങളെ വിശകലനം ചെയ്ത് സ്വന്തം സമൂഹത്തെക്കുറിച്ച് വസ്തുനിഷ്ഠമായ കാഴ്ച്ചപ്പാട് രൂപീകരിക്കാനും സാമൂഹ്യമാറ്റത്തിൽ സ്വന്തം പങ്ക് തിരിച്ചറിഞ്ഞ് നിലപാടുകൾ രൂപീകരിക്കാനും സമൂഹശാസ്ത്രപഠനം സഹായകമാകുന്നു.

വിവിധ വിഷയങ്ങളുടെ പഠനലക്ഷ്യങ്ങളും ആശയങ്ങളും ഉയർന്ന ക്ലാസ്സുകളിൽ വേറിട്ടു പഠിക്കുന്നുവെങ്കിലും ഇവയൊന്നും ഒറ്റപ്പെട്ടുനിൽക്കുന്നവയല്ല. രാഷ്ട്രതന്ത്രത്തിൽ അധികാരഘടനയെക്കുറിച്ച് പഠിക്കണമെങ്കിൽ അതിന്റെ ചരിത്ര പശ്ചാത്തലവും അധികാരം രൂപപ്പെട്ടുവരാനിടയാക്കിയ ഭൂമിശാസ്ത്രപരമായ ഘടകങ്ങളും വിശകലനം ചെയ്യേണ്ടതുണ്ട്. അതോടൊപ്പം സാമൂഹ്യ ബന്ധങ്ങളും ഉൽപ്പാദന ഘടകങ്ങളും ബന്ധപ്പെടുത്തിക്കൊണ്ടുമാത്രമേ രാഷ്ട്രത്തിലെ അധികാരഘടനയെക്കുറിച്ച് പഠിക്കാനാവൂ. ഇങ്ങനെ സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പരസ്പര ബന്ധവും തുടർച്ചയും കാണാനാവും.

**സാമൂഹ്യശാസ്ത്രപഠന ലക്ഷ്യം**

സാമൂഹ്യമാറ്റങ്ങളിൽ പങ്കാളിയാകുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ടു നയിക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റാൻ വ്യക്തിയെ പ്രാപ്തനാക്കുകയെന്നത് സാമൂഹ്യശാസ്ത്രപഠനത്തിന്റെ ആത്യന്തിക ലക്ഷ്യമാണ്. ഇതിനായി കൃത്യമായ നിലപാടുകളിൽ ഉറച്ചു നിന്ന് സമൂഹത്തെ നോക്കിക്കാണാനും അനിവാര്യമായ ഇടപെടലുകളിലൂടെ സാമൂഹ്യനവീകരണത്തിൽ ഭാഗഭാക്കാകുന്നതിനും ആവശ്യമായ ധാരണകൾ മനോഭാവങ്ങൾ, മൂല്യങ്ങൾ, നൈപുണികൾ എന്നിവ ഓരോ വ്യക്തിയിലും വളർന്നു വരേണ്ടതുണ്ട്. വർത്തമാനകാല സാമൂഹിക സാമ്പത്തിക രാഷ്ട്രീയസാഹചര്യങ്ങൾ, നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്നിവ വിശകലനം ചെയ്യുന്നതിനും ഗുണാത്മക ഇടപെടലുകൾ നടത്തുന്നതിനു

മുള്ള പ്രാപ്തിയാണ് സാമൂഹ്യശാസ്ത്രപഠനത്തിലൂടെ പഠിതാവിന് ലഭിക്കുന്നത്. ഈ കാഴ്ച്ചപ്പാടോടെയാണ് സാമൂഹ്യശാസ്ത്രപഠനോദ്ദേശ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

പരസ്പരം പൂർണമായി വേർതിരിക്കാവുന്നതല്ലെങ്കിലും സൗകര്യത്തിനുവേണ്ടി സാമൂഹ്യശാസ്ത്രപഠനോദ്ദേശ്യങ്ങളെ വ്യക്തിപരം, സാമൂഹ്യവും സാംസ്കാരികവും, വിദ്യാഭ്യാസപരം എന്നിങ്ങനെ തരംതിരിക്കാം.

**വ്യക്തിപരം**

- മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിഞ്ഞ് സമൂഹ വികാസ പ്രക്രിയയിൽ ഈ പാരസ്പര്യത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുക.
- മനുഷ്യസമൂഹവളർച്ചയുടെ ഓരോ ഘട്ടത്തിലും വളർന്നുവന്ന അധികാരരൂപങ്ങൾ, ഭരണക്രമം, ഭരണകൂടങ്ങൾ ഇവയെക്കുറിച്ച് പഠിക്കുന്നതിനും നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായിക്കുക.
- സമ്പത്തിന്റെ ഉൽപ്പാദനം, വിതരണം, സാമ്പത്തിക ബന്ധങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പൊതുസമൂഹത്തിന് ഗുണകരമായ വിധത്തിൽ ഈ സാമ്പത്തിക ബന്ധങ്ങളെ മാറ്റിത്തീർക്കുന്നതിനുള്ള ഇടപെടലുകൾക്ക് അവസരം നൽകുക.
- പ്രപഞ്ചം, ഭൂമി, പ്രകൃതി വിഭവങ്ങൾ എന്നിവയിൽ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടൽ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയുക, പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- ജനാധിപത്യം, സാമൂഹികനീതി, മതനിരപേക്ഷത തുടങ്ങിയ ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളുന്നതോടൊപ്പം അവയെ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കുക.
- പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തെക്കുറിച്ചും, ദരിദ്രവൽക്കരണ പ്രക്രിയയെക്കുറിച്ചും ധാരണകൾ രൂപീകരിക്കാനും നീതിയുക്തമായ സാമൂഹ്യവ്യവസ്ഥയ്ക്ക് വേണ്ടി നിലകൊള്ളാനും പ്രാപ്തരാക്കുക.
- സാമൂഹ്യവിശകലനത്തിന് സഹായകമായ വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളും അവയുടെ രീതിശാസ്ത്രവും പരിചയപ്പെടുക.

**സാമൂഹ്യവും സാംസ്കാരികവും**

* വിവിധ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ സ്ഥാപനങ്ങൾ മനുഷ്യജീവിതത്തെ സഹായിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതികൾ നിരീക്ഷിക്കുന്നതിനും ഫലപ്രദമാക്കുന്നതിനുമുള്ള കഴിവ് നേടുക.
* സാംസ്കാരികപൈതൃകത്തിൽ അഭിമാനിക്കാനും അവ കാത്തുസൂക്ഷിക്കാനുമുള്ള മനോഭാവം വളർത്തുക.
* സാമൂഹ്യ-സാമ്പത്തിക പുനഃസൃഷ്ടിയിൽ അർപ്പണ ബുദ്ധിയോടുകൂടി പങ്കാളികളാകുക.
* മാനുഷികബന്ധങ്ങളുടെ മൂല്യം തിരിച്ചറിയുക.
* സഹിഷ്ണുതയും സ്വാംശീകരണ ക്ഷമതയും സമാധാനവും ഐക്യവും ജനങ്ങളിൽ വളർത്തി മഹത്തായ രാഷ്ട്രം സൃഷ്ടിക്കാമെന്ന വിശ്വാസം പഠിതാക്കളിൽ വളർത്തുക.
* ഭരണഘടനാമൂല്യങ്ങളുടെ ഉൾക്കരുത്ത് തിരിച്ചറിയുകയും പാലിക്കുകയും ചെയ്യുക. ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള ആദർശങ്ങളുടെ പ്രോത്സാഹനം സാമൂഹ്യശാസ്ത്രപഠനത്തിന്റെ ലക്ഷ്യമാണ്.

**വിദ്യാഭ്യാസപരം**

* വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുക.
* സാമൂഹിക നൈപുണികളുടെ വികസനത്തിന് അവസരമൊരുക്കുക.
* സാമൂഹ്യവിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കുന്നതോടൊപ്പം സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള നൈപുണിയും മനോഭാവവും വികസിപ്പിക്കുക.
* തന്റെ ചുറ്റുപാടുകളുമായി ബന്ധിപ്പിച്ച് പഠിതാവിന്റെ സ്വാഭാവിക പഠനത്തിനും വളർച്ചയ്ക്കും അവസരമൊരുക്കുക.
* സമാധാനം നിലനിർത്താനുള്ള മനോഭാവം വികസിപ്പിക്കുകയും അതിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
* പരിസ്ഥിതി സംരക്ഷണപ്രവർത്തനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സഹായിക്കുക.
* ശരിയായ സാമൂഹ്യകാഴ്ച്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുതകുന്ന ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ, നൈപുണികൾ എന്നിവ സ്വായത്തമാക്കുക.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാകണം. സാമൂഹ്യശാസ്ത്രപഠനം ലക്ഷ്യമിടുന്നതും ഇതുതന്നെയാണ്. പ്രൈമറി ക്ലാസിലെ സാമൂഹ്യശാസ്ത്രപഠനം വിവിധ സാമൂഹ്യശാസ്ത്രവിഷയങ്ങൾ ഉദ്ഗ്രഥിച്ചും ആശയപരമായി കൂട്ടിയോജിപ്പിച്ചും സമഗ്രമായ അറിവും ധാരണകളും ആർജിക്കുന്നവിധം അവതരിപ്പിച്ചിരിക്കുന്നു. ഇതിലൂടെ മനുഷ്യന്റെ ആവാസവ്യവസ്ഥയായ പ്രകൃതിയേയും ഉല്പാദന ബന്ധങ്ങളേയും മനുഷ്യബന്ധങ്ങളേയും ഇടപ്പെടുന്ന സ്ഥാനങ്ങളേയും സമൂഹത്തിലെ നിയമ വ്യവസ്ഥയേയും സമഗ്രതയോടെ ഉൾക്കൊള്ളാനാവുന്നു. മനുഷ്യന്റെ ആവശ്യങ്ങൾ എങ്ങനെ, ആര്, നിറവേറ്റുന്നുവെന്നും അതിൽ സ്വന്തം റോൾ എന്തെന്ന് തിരിച്ചറിയാനും കഴിയുന്നു.

**നിങ്ങൾ ഈ യൂണിറ്റിലൂടെ ചർച്ചചെയ്ത ആശയങ്ങൾ**

1. സാമൂഹ്യശാസ്ത്രം - നിർവചനം
2. സാമൂഹ്യശാസ്ത്രത്തിന്റെ അർഥതലങ്ങൾ
3. സാമൂഹ്യശാസ്ത്രത്തിന്റെ സ്വഭാവം
4. സാമൂഹ്യശാസ്ത്ര പഠനം - പ്രക്രിയാശേഷികൾ
5. സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്ക വ്യാപ്തി
6. സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഉപ വിഷയങ്ങൾ
7. സാമൂഹ്യശാസ്ത്രപഠന ലക്ഷ്യങ്ങൾ

**തുടർപ്രവർത്തനങ്ങൾ**

1. 5, 6, 7 ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റ് ഇവ പരിശോധിച്ച് സാമൂഹ്യശാസ്ത്രത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന ഒരു പഠനപ്രവർത്തനം തയാറാക്കുക സാമൂഹ്യശാസ്ത്രപഠനത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഒരു കുറിപ്പും തയാറാക്കൂ.
2. ശാസ്ത്രത്തിന്റെ രീതിയാണ് സാമൂഹ്യശാസ്ത്ര പഠനത്തിന് സ്വീകരിക്കുന്നത്. ഇത് വ്യക്തമാക്കുന്ന ഒരു പഠനപ്രവർത്തനം തയാറാക്കി ക്ലാസിൽ അവതരിപ്പിച്ച് പ്രവർത്തനഘട്ടങ്ങൾ പട്ടികപ്പെടുത്തൂ.
3. 'ഒരു സ്കൂൾ വിഷയമെന്ന നിലയിൽ ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്രം, സമൂഹശാസ്ത്രം എന്നിവ ഉൾച്ചേർന്നതാണ് സാമൂഹ്യശാസ്ത്രം'. ഈ പ്രസ്താവനയെ

ഇപ്പോൽ നിലവിലുള്ള പ്രൈമറി സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തൂ.

4. സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഉപവിഷയങ്ങൾ തമ്മിലുള്ള പരസ്പരബന്ധം യു.പി.ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിലെ ഏതെങ്കിലും ഒരു ആശയത്തെ അവതരിപ്പിച്ചുകൊണ്ട് പ്രതികരിക്കൂ.

5. സ്കൂൾ പാഠ്യപദ്ധതിയിൽ സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രസക്തിയെ അടിസ്ഥാനമാക്കി ക്ലാസിൽ ഒരു ഗ്രൂപ്പ് ചർച്ച സംഘടിപ്പിക്കൂ.

6. സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ലക്ഷ്യം വിവിധ വായനാസാമഗ്രികളിൽ നിന്ന് കണ്ടെത്തി ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കൂ.

7. സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഉപവിഷയങ്ങളുടെ പാരസ്പര്യം ഒരു ഉപവിഷയത്തിലെ ഒരു ആശയത്തെ അടിസ്ഥാനമാക്കി ഐ.സി.റ്റി. സഹായത്തോടെ ഏതെങ്കിലും ഒരു സങ്കേതം ഉപയോഗിച്ച് ഒരു പ്രവർത്തനം തയ്യാറാക്കൂ.

***റഫറൻസ്***


1. Teaching of Social Studies - S.K.Kochhar
2. Teaching of Social Studies - Mangal S.K.
3. Teaching of Social Studies - R.P. Pathak
4. Trends and Developments in Social Science Education - Ismail Thamarassery
5. National Curriculum Framework 2007
6. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2011 - എസ്.സി.ഇ.ആർ.ടി.
7. സാമൂഹ്യശാസ്ത്രം T.B. - Std. V, VI, VII, VIII
8. സാമൂഹ്യശാസ്ത്രം H.B - Std. V, VI, VII, VIII
9. സോഷ്യൽ സ്റ്റഡീസ് ഫോർ ചിൽഡ്രൻ

## യൂണിറ്റ് - 2

# ബോധന തന്ത്രങ്ങളും വിനിമയ സമീപനവും

സാമൂഹ്യ-ഭൗതിക പരിസ്ഥിതികളുടെ പാരസ്പര്യത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണല്ലോ സാമൂഹ്യശാസ്ത്രം. സമൂഹത്തിന്റെ വളർച്ചയെയും പുരോഗതിയെയും സ്വാധീനിക്കുന്ന ഘടകങ്ങളെല്ലാം തന്നെ സാമൂഹ്യശാസ്ത്രത്തിന്റെ പരിധിയിൽ ഉൾക്കൊള്ളേണ്ടതുണ്ട്. മനുഷ്യന്റെ ഉദാത്തമായ സാമൂഹ്യ ജീവിതത്തിന് ഉത്തമമായ അടിത്തറ പണിയുന്നതിന് സാമൂഹ്യശാസ്ത്രപഠനം അനിവാര്യമാണ്. അതിനായി ഒരു പാഠ്യവിഷയമെന്ന നിലയിൽ സാമൂഹ്യശാസ്ത്രത്തെ വിനിമയം ചെയ്യേണ്ടതുണ്ട്. സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രസക്തി, രീതിശാസ്ത്രം, പഠിതാവ്, പഠനപ്രക്രിയ, അധ്യാപിക, കുട്ടികൾ എന്നീ ഘടകങ്ങൾക്ക് സാമൂഹ്യശാസ്ത്ര പഠനത്തിലുള്ള പങ്ക്, സാമൂഹ്യശാസ്ത്രവിനിമയ സമീപനം, പഠനതന്ത്രങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ഈ യൂണിറ്റിലൂടെ ചർച്ച ചെയ്യുന്നത്.

### 2.1 സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രസക്തി

"മാനുഷിക ബന്ധങ്ങളെക്കുറിച്ചുള്ള പഠനമാണ് സാമൂഹ്യശാസ്ത്രം" - Jarolimek-Social Studies in Elementary School)

" സാമൂഹ്യ പ്രതിപ്രവർത്തനങ്ങൾക്കു കാരണമാകുന്ന ഭൗതികവും ഭൗതികേതരവുമായ ചോദകങ്ങൾ ഒരേ സമയം നടത്തുന്ന പരസ്പര പ്രവർത്തനങ്ങളെ അംഗീകരിക്കുന്ന പഠനവിജ്ഞാന ശാഖകളാണ് സാമൂഹ്യശാസ്ത്രങ്ങൾ" - ജയിംസ് ഹൈ (James High-Teaching Secondary School Social Studies)

സാമൂഹ്യശാസ്ത്രത്തെ സംബന്ധിച്ച ഈ നിർവചനങ്ങളെല്ലാം വ്യക്തമാക്കുന്നത് മനുഷ്യൻ ഇടപെടുന്ന എല്ലാ മേഖലകളെയും സാമൂഹ്യശാസ്ത്രം ഉൾക്കൊള്ളുന്നുവെന്നാണ്. മനുഷ്യസമൂഹത്തിന്റെ വളർച്ചയുടെയും പുരോഗതിയുടെയും ചരിത്രങ്ങൾ, ഇടപെടുന്ന ഭൗതിക പരിസരം, സാമൂഹ്യ പരിസരം, സാമ്പത്തിക ബന്ധങ്ങൾ, ജനാധിപത്യ സംവിധാനങ്ങൾ തുടങ്ങി വിവിധ മേഖലകളാണ് സാമൂഹ്യശാസ്ത്രം പഠനവിധേയമാക്കുന്നത്. സാമൂഹ്യശാസ്ത്രത്തിലെ വിവിധങ്ങളായ മേഖലകളുടെ/ വിഷയങ്ങളുടെ പരസ്പരബന്ധം കൂടി തിരിച്ചറിയുമ്പോഴാണ് നമ്മുടെ ചിന്തകൾ സമഗ്രതയിലേക്കും പൂർണതയിലേക്കും നയിക്കപ്പെടുന്നത്.

- ഇന്നത്തെ സമൂഹം പിന്നിട്ട വഴികൾ പഠനവിധേയമാക്കുന്നതിലൂടെ വെളിപ്പെടുന്ന തിരിച്ചറിവുകളാണ് ഭാവി രൂപപ്പെടുത്തുന്നതിന് മാർഗദർശകങ്ങളായിത്തീരുന്നത്. കഴിഞ്ഞ കാലസംഭവങ്ങൾ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളെപ്പറ്റിയുള്ള - ഭരണരീതികൾ, സാമൂഹ്യബന്ധങ്ങൾ, തൊഴിൽ മേഖലകൾ, സാംസ്കാരിക രംഗം തുടങ്ങിയവ സംബന്ധിച്ച തിരിച്ചറിവ് ഭാവിയെ കരുപ്പിടിപ്പിക്കാൻ പര്യാപ്തമാകും. സാമൂഹിക മാറ്റങ്ങളിൽ പങ്കാളിയാകുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ടു നയിക്കുകയെന്ന ഉത്തരവാദിത്തവും ഓരോരുത്തരും നിറവേറ്റേണ്ടതുണ്ട്.
- ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധം - ഭൂമി, ജലം, വായു, കാലാവസ്ഥ, ഭൂവിഭാഗങ്ങൾ, ഭൗമ പ്രതിഭാസങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ധാരണകളും അതിന്മേലുള്ള മനുഷ്യന്റെ ഇടപെടലുകളും - ജീവരാശിയുടെ നിലനിൽപ്പിനെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്നു തിരിച്ചറിയുന്നു. ഈ തിരിച്ചറിവ് പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് പ്രേരിപ്പിക്കുന്നതിനും സഹായകമാകും.

- സമൂഹ വളർച്ചയുടെയും വികാസത്തിന്റെയും അടിസ്ഥാന കാരണങ്ങളിൽ ഒന്നായ സാമ്പത്തിക ഘടകങ്ങൾ - പ്രക്രിയകൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ എന്നിവ പഠനവിധേയമാക്കുന്നത് സാമൂഹ്യശാസ്ത്രമാണ്. ഇത് സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചുള്ള (ഉൽപ്പാദനം, ഉപഭോഗം, വിതരണം) പഠനം സാധ്യമാക്കുന്നു.
- ജനാധിപത്യ ഭരണ സംവിധാനങ്ങൾ, രീതികൾ, പ്രത്യേകതകൾ എന്നിവ മറ്റു ഭരണ രീതികളുമായി താരതമ്യം ചെയ്യുന്നതിനും ജനാധിപത്യ ഭരണ ക്രമത്തിൽ സ്വന്തം കടമകൾ, ഉത്തരവാദിത്തങ്ങൾ, അവകാശങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ സാധ്യമാകുകയും ജനാധിപത്യ പൗരത്വശേഷികൾ ആർജിക്കുകയും ചെയ്യുന്നു.
- വ്യത്യസ്ത സമൂഹങ്ങളെക്കുറിച്ചും ഓരോ സമൂഹത്തിനും നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളും സാമൂഹ്യശാസ്ത്രം വിശകലനം ചെയ്യുന്നു.
- വിവിധ സമൂഹങ്ങളിലെ സാംസ്കാരിക വൈജാത്യം തിരിച്ചറിയുന്നതിനും - വേഷം, ഭാഷ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ജീവിതരീതി, കുടുംബം, മതം തുടങ്ങിയ സമൂഹ സ്ഥാപനങ്ങൾ, ആരാധനാസമ്പ്രദായങ്ങൾ - അവയിലെ സ്വാഭാവികത അംഗീകരിക്കുന്നതിനുമുള്ള മനോഭാവം ജനിപ്പിക്കുന്നതിനും സാമൂഹ്യശാസ്ത്രപഠനം വഴിയൊരുക്കുന്നു. ചുരുക്കത്തിൽ മനുഷ്യൻ ഇടപെടുന്ന എല്ലാ മേഖലകളും പരിചയപ്പെടുന്നതിനും സമൂഹത്തിൽ സ്വന്തം സ്ഥാനവും ചുമതലകളും തിരിച്ചറിയുന്നതിനും സാമൂഹ്യശാസ്ത്രപഠനം വഴിയൊരുക്കുന്നു. സാമൂഹ്യബോധമുള്ള, ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു തലമുറയ്ക്ക് രൂപം നല്കാൻ സാമൂഹ്യശാസ്ത്രപഠനത്തെ ഏറെ ഗൗരവത്തോടെ കാണേണ്ടതുണ്ട്.

### 2.2 സാമൂഹ്യശാസ്ത്ര പഠനരീതി

സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ഭാഗമായി പ്രാദേശിക ചരിത്രരചന നടത്തേണ്ടതുണ്ടല്ലോ. ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനുവേണ്ടി എന്തെല്ലാം തയാറെടുപ്പുകൾ നടത്തേണ്ടതുണ്ട്?

- നിർദിഷ്ട പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിശോധിക്കണം.
- ലഭ്യമായ വിവര സ്രോതസ്സുകളെ സംബന്ധിച്ച് ധാരണ രൂപീകരിക്കണം. ചരിത്ര ശേഷിപ്പുകൾ, ചരിത്രസ്മാരകങ്ങൾ, രേഖകൾ, ഐതിഹ്യങ്ങൾ, മുതിർന്നവരുടെ അറിവുകൾ, അനുഭവങ്ങൾ, വാമൊഴികൾ മഹത്വ്യക്തിത്വങ്ങളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവയൊക്കെ വിവരസ്രോതസ്സായി സ്വീകരിക്കേണ്ടി വരും.
- വിവരശേഖരണത്തിനായി ഉപയോഗപ്പെടുത്താവുന്ന ഫലപ്രദമായ തന്ത്രങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. നിരീക്ഷണം, അഭിമുഖങ്ങൾ, രേഖകളുടെ പരിശോധന തുടങ്ങി ഉചിതമായ തന്ത്രങ്ങൾ ഏവയെന്നു തീരുമാനിക്കണം.
- വിവരശേഖരണ രീതി എങ്ങനെയാകണമെന്ന തീരുമാനവും പ്രധാനമാണ്. സംഘപ്രവർത്തനമാണെങ്കിൽ ഓരോ സംഘത്തിലും എത്രപേരുണ്ടാകണം, ഓരോ ഗ്രൂപ്പും പരിഗണിക്കേണ്ട വിവരസ്രോതസ്സുകൾ ഏവ എന്നിങ്ങനെ സൗകര്യപ്രദമായ രീതികൾ സ്വീകരിക്കേണ്ടി വരും.
- ശേഖരിച്ച വിവരങ്ങളെ ചരിത്രരചനയ്ക്ക് അനുയോജ്യമായ രീതിയിൽ തരം തിരിക്കണം. ക്രോഡീകരിക്കണം.
- ക്രോഡീകൃത വിവരങ്ങളെ വിശകലനം ചെയ്യുകയും ഇന്നത്തെ കാലഘട്ടവുമായി താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുകയും വേണം.
- പൂർണവും ശാസ്ത്രീയവുമായ രേഖപ്പെടുത്തലും അനിവാര്യമാണ്.
- സെമിനാർ, സാമൂഹ്യമാധ്യമങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലൂടെ വിനിമയം ചെയ്യുകയുമാകാം.

ഈ പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും ടീച്ചറുടെ നിരീക്ഷണം, ഇടപെടലുകൾ, കൈത്താങ്ങുകൾ എന്നിവ പഠിതാവിന്റെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കു സഹായകമാകണം.

ഈ പ്രാദേശിക ചരിത്രരചന ഒരു പഠനപ്രവർത്തനമായി പരിഗണിക്കാൻ കഴിയുമോ?

ഈ പ്രവർത്തനം പരിഗണിച്ചുകൊണ്ട് താഴെക്കൊടുത്തിട്ടുള്ള പ്രസ്താവനകളെ വിലയിരുത്തൂ. അനുയോജ്യമായ കൂട്ടിച്ചേർക്കലുകളുമാകാം.

- ഈ പ്രവർത്തനത്തിന് കൃത്യമായ ലക്ഷ്യമുണ്ട്.
- ശാസ്ത്രത്തിന്റെ രീതിയാണ് പ്രശ്ന പരിഹാരത്തിന്/പഠനത്തിന് സ്വീകരിച്ചിട്ടുള്ളത്. ലഭ്യമായ വിവരങ്ങളുടെയും തെളിവുകളുടേയും സൂക്ഷ്മ വിശകലനത്തിലൂടെ യുക്തിസഹവും ആധികാരികവുമായ കണ്ടെത്തലുകളിൽ എത്തിച്ചേരുന്നതാണ് ശാസ്ത്രത്തിന്റെ രീതി.
- നിരീക്ഷണം, വിവരശേഖരണം, ശേഖരിച്ച വിവരങ്ങളുടെ അനുയോജ്യമായ രീതിയിലുള്ള വർഗീകരണം, അപഗ്രഥനം, നിഗമനങ്ങൾ രൂപീകരിക്കൽ, അവയുടെ പരിശോധന, പഠനഫലത്തിന്റെ രേഖപ്പെടുത്തലും വിനിമയവും തുടങ്ങിയ പ്രക്രിയാ ശേഷികളുടെ പോഷണവും പ്രയോഗവുമാണ് പ്രവർത്തനത്തിലുള്ളത്.
- സ്വയംപഠനത്തിനും, സംഘപഠനത്തിനും അവസരമുണ്ട്.
- അറിവിന്റെ നിർമ്മിതിക്ക് അനുയോജ്യമായ സന്ദർഭങ്ങളാണുള്ളത്.
- ആശയവിനിമയശേഷിയുടെ വികാസത്തിന് അവസരമുണ്ട്.
- കൂട്ടായ പ്രവർത്തനങ്ങളുടെ മഹത്വം തിരിച്ചറിയുന്നതിനുള്ള സാഹചര്യങ്ങളുണ്ട്.
- സാമൂഹ്യമൂല്യങ്ങളും ജനാധിപത്യമൂല്യങ്ങളും സ്വാംശീകരിക്കാൻ അവസരമുണ്ട്.
- സ്വതന്ത്രമായ അന്തരീക്ഷത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടുകൊണ്ടുള്ള പഠനമാണു നടക്കുന്നത്.
- ടീച്ചറുടെ ശ്രദ്ധ, സന്ദർഭോചിതവും ഗുണാത്മകവുമായ ഇടപെടലുകൾ, കൈത്താങ്ങുകൾ എന്നിവ പ്രവർത്തനത്തിലുടനീളം പഠിതാക്കൾക്കു ലഭിക്കുന്നു.

**സാമൂഹ്യശാസ്ത്ര പഠനരീതിയെ ഇങ്ങനെ സംഗ്രഹിക്കാം.**

- തീരുമാനിക്കപ്പെട്ടിട്ടുള്ള ലക്ഷ്യം/പഠനനേട്ടം കൈവരിക്കുന്നതിന് ശാസ്ത്രത്തിന്റെ രീതി സ്വീകരിക്കൽ.
- ഉള്ളടക്കത്തോടൊപ്പം പ്രക്രിയാ ശേഷികൾക്കും പ്രാധാന്യം.
- ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങൾക്ക് അവസരം.
- സാമൂഹ്യ-ജനാധിപത്യ മൂല്യങ്ങൾക്ക് പ്രമുഖസ്ഥാനം.
- സ്വതന്ത്രവും ഫലപ്രദവുമായ പഠനാന്തരീക്ഷം
- കുട്ടികളുടെ അവകാശങ്ങൾക്കു പരിഗണന
- ടീച്ചറുടെ ഗുണാത്മക ഇടപെടലുകളും സഹായങ്ങളും.
- നിങ്ങളുടെ പ്രദേശത്തെ തപാലാഫീസിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ തപാലാഫീസുകളുടെ പ്രസക്തിയെ സംബന്ധിച്ച് ഒരു ലേഖനം തയാറാക്കുക. തപാൽ സംവിധാനത്തിന്റെ ചരിത്രം, നിലവിലെ അവസ്ഥ എന്നിവയും ഉൾപ്പെടുത്തണം. ഈ പഠനപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യശാസ്ത്ര പഠന രീതി ചർച്ചയ്ക്ക് വിധേയമാക്കുക.

## 2.3 സാമൂഹ്യശാസ്ത്ര വിനിമയ സമീപനം

വിഷയമേതായാലും പഠനം ആസ്വാദ്യകരമാകണം. പഠനം ആസ്വാദ്യവും ഫലപ്രദവുമാകുന്നതിന് ആവശ്യമായ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ സന്ദർഭങ്ങൾ ഒരുക്കണം. കുട്ടികളുടെ നിലവാരവും പ്രകൃതവും പരിഗണിച്ച് ലക്ഷ്യബോധത്തോടെ ഒരുക്കുന്ന പഠനപ്രവർത്തനങ്ങളിൽ കുട്ടികൾ സജീവമായി ഇടപെടുമെന്നതിൽ തർക്കമില്ല.

താഴെ കൊടുത്തിട്ടുള്ള ഒരു പഠനപ്രശ്നം പരിശോധിക്കാം.

**പഠനനേട്ടം:** കേരളത്തിന്റെ ഭൂപടത്തിൽ ജില്ലകളുടെ സ്ഥാനവും അതിരുകളും തിരിച്ചറിയുന്നു.

**പഠനപ്രശ്നം:** അയൽ സംസ്ഥാനങ്ങളുമായി അതിരുപങ്കിടുന്ന എത്ര ജില്ലകൾ കേരളത്തിലുണ്ട്? ഏതെല്ലാം?

ഈ പ്രശ്നത്തിനു പരിഹാരം കണ്ടരീതി എങ്ങനെയായിരിക്കും?

- ഓരോ കുട്ടിയും അവരുടെ മുന്നറിവിന്റെ/അനുഭവത്തിന്റെ വെളിച്ചത്തിൽ ഊഹം രേഖപ്പെടുത്തുന്നു.

**കേരളം**

| *ജില്ല* | *അതിരുകൾ പങ്കിടുന്ന ജില്ലകൾ* |
|---|---|
| തിരുവനന്തപുരം | |
| കൊല്ലം | |
| | |

- ഊഹം പരിശോധിക്കുന്നതിനാവശ്യമായ വഴികൾ തീരുമാനിക്കുന്നു.
- ലഭ്യമായ സ്രോതസ്സിൽ/സ്രോതസ്സുകളിൽ നിന്നും ആവശ്യമായ വിവരം ശേഖരിക്കുന്നു. (കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം, ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം)
- ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം ഊഹത്തിന്റെ ശരിതെറ്റുകൾ ബോധ്യപ്പെട്ട് ഓരോരുത്തരും ശരിയുത്തരം തിരിച്ചറിയുന്നു/ ഉറപ്പിക്കുന്നു.
- ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നു.

പ്രൈമറി ക്ലാസുകളിലെ കുട്ടികൾ ഈ പ്രവർത്തനം സജീവമായി ഏറ്റെടുക്കുമോ? എന്തുകൊണ്ട്?

ഈ പ്രവർത്തനത്തിന്റെ പ്രത്യേകതകൾ പരിശോധിക്കാം.

- പ്രശ്നം പഠനനേട്ടം ഉറപ്പാക്കുന്നതിനു പര്യാപ്തമായിരുന്നുവോ?
- കുട്ടിയുടെ നിലവാരം, പ്രകൃതം (ജിജ്ഞാസ, ചലനാത്മകത, സ്വാതന്ത്ര്യം, കൂട്ടായ പ്രവർത്തന താൽപ്പര്യം, അംഗീകാരലബ്ധി) എന്നിവ പരിഗണിച്ചിട്ടുണ്ടോ? (പഠിതാവുകേന്ദ്രിതം)
- സ്വയം പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് അവസരങ്ങളുണ്ടോ? (പ്രവർത്തനാധിഷ്ഠിതം)
- ഏതെല്ലാം പ്രക്രിയാശേഷികളാണ് ഈ പ്രവർത്തനത്തിൽ ഉൾച്ചേർന്നിട്ടുള്ളത്? (പ്രക്രിയാബന്ധിതം)
- ലഭ്യമായ പരിസരത്തെ / പഠനസാമഗ്രികളെ/ വിവര സ്രോതസുകളെ/ .. ഉപയോഗപ്പെടുത്താൻ അവസരമുണ്ടോ? (പരിസരബന്ധിതം)
- കൃത്യമായ പഠനനേട്ടം നിർവചിക്കപ്പെട്ടിട്ടുണ്ടോ? (പഠനനേട്ടകേന്ദ്രിതം)
- ഈ പ്രവർത്തനത്തിൽ ഐ.സി.ടി സാധ്യത എത്രത്തോളമുണ്ട്? (ഐ.സി.ടി അധിഷ്ഠിതം)

**സാമൂഹ്യശാസ്ത്രവിനിമയ സമീപനം ഇങ്ങനെ സംഗ്രഹിക്കാം.**

- അന്വേഷണാത്മകം
- പഠിതാവുകേന്ദ്രിതം
- പ്രവർത്തനാധിഷ്ഠിതം
- പരിസരബന്ധിതം
- പ്രക്രിയാബന്ധിതം
- പഠനനേട്ടകേന്ദ്രിതം
- ഐ.സി.റ്റി അധിഷ്ഠിതം

## 2.4 പ്രധാന സാമൂഹ്യശാസ്ത്ര വിനിമയ രീതികൾ/തന്ത്രങ്ങൾ

സാമൂഹ്യശാസ്ത്ര വിനിമയസമീപനം പരിഗണിച്ചാകണം സാമൂഹ്യശാസ്ത്രവിനിമയ തന്ത്രങ്ങൾ സ്വീകരിക്കേണ്ടത്. പഠിതാവിന്റെ നിലവാരം, പ്രകൃതം എന്നിവ പരിഗണിച്ചു നൽകുന്ന പഠനപ്രശ്നം പരിഹരിക്കുന്നതിനു പഠിതാവിനെ പ്രേരിപ്പിക്കുന്നതാകണം. പരിഹാര മാർഗങ്ങൾ ഒറ്റയ്ക്കും കൂട്ടായും ആരായുന്നതിനും നിർവഹിക്കുന്നതിനും അവസരമുണ്ടാകണം. കുട്ടികൾക്കു പരസ്പരം ചർച്ച ചെയ്യുന്നതിനും പ്രക്രിയാശേഷികൾ ഉപയോഗപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനാന്തരീക്ഷം ക്ലാസിന് ഉള്ളിലും പുറത്തും ലഭ്യമാകണം.

പരിസരത്തെയും മറ്റു വിവരസ്രോതസ്സുകളെയും യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും അവസരം ലഭിക്കണം. ഇവയൊക്കെ പരിഗണിച്ചുകൊണ്ടു സ്വീകരിക്കാവുന്നചില പഠനതന്ത്രങ്ങൾ താഴെ കൊടുക്കുന്നു.

**പഠനതന്ത്രങ്ങൾ**

- ലഘുപ്രോജക്ടുകൾ
- അന്വേഷണാത്മക പ്രവർത്തനങ്ങൾ (കേസ് പഠനം, പരീക്ഷണങ്ങൾ etc.)
- രചനകൾ - ഉപന്യാസം, ലേഖനം, പ്രബന്ധം, സർഗസൃഷ്ടികൾ
- ചർച്ചാ രൂപങ്ങൾ
  - ഗ്രൂപ്പുചർച്ച
  - സെമിനാർ
  - സിമ്പോസിയം
  - ഡിബേറ്റ്
  - പാനൽ ചർച്ച
  - കോൺഫറൻസ്
  - വർക്ക്ഷോപ്പ്
  - പിയർ ട്യൂട്ടറിംഗ്
- അസൈൻമെന്റ് രീതി
- സഹകരണ പഠനം/സഹവർത്തിത പഠനം

പഠനപ്രശ്നങ്ങളുടെ പരിഹാരത്തിനായി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. വിവരശേഖരണത്തിനായി താഴെ പറയുന്ന തന്ത്രങ്ങൾ സന്ദർഭോചിതമായി പ്രയോജനപ്പെടുത്താവുന്നതാണ്.

- രേഖകൾ പരിശോധന
- ബ്രയിൻ സ്റ്റോമിങ്
- നിരീക്ഷണങ്ങൾ
- അഭിമുഖങ്ങൾ
- സർവേകൾ
- ശേഖരങ്ങൾ
- സ്മാരകങ്ങൾ
- ചരിത്രശേഷിപ്പുകൾ
- പഠനയാത്രകൾ
-
-

പഠനഫലങ്ങളുടെ വ്യാപ്തി നിശ്ചയിക്കാനുതകുന്ന ഒരു ഉപകരണമായി പരിഗണിച്ചുകൊണ്ട് പഠന പ്രവർത്തനങ്ങൾക്കുവേണ്ടി പാഠപുസ്തകത്തെയും ഉചിതമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

### 2.5 സാമൂഹ്യശാസ്ത്രപഠനവും പഠിതാക്കളും

കുട്ടികൾ ജന്മനാതന്നെ വ്യത്യസ്ത കഴിവുകളുടെ ഉടമകളാണെന്ന ബോധ്യത്തോടെ അവരോട് ഇട പെടേണ്ടതുണ്ട്.

പഠിതാക്കൾ ജന്മനാ ഗവേഷകരാണ്. എന്നാൽ അവർ,

- വ്യത്യസ്ത പഠന വേഗതയുള്ളവരാണ്.
- പഠനശൈലികളിൽ വ്യത്യസ്തരാണ്
- ഭൗതിക - പഠനസാഹചര്യങ്ങളുടെ ലഭ്യതയിൽ വ്യത്യസ്തരാണ്.
- വ്യത്യസ്ത അനുഭവങ്ങളിലൂടെ കടന്നു വരുന്നവരും വ്യത്യസ്ത മാനസികാവസ്ഥയ്ക്ക് ഉടമക ളുമായിരിക്കും.

ഇക്കാരണങ്ങളാൽ ഓരോ പഠിതാവിനും ലഭിക്കേണ്ട കൈത്താങ്ങും പരിഗണനയും വ്യത്യസ്തമായി രിക്കും. പഠനസന്ദർഭങ്ങൾ ഒരുക്കുമ്പോൾ അവരുടെ പ്രത്യേകതകളും പരിമിതികളും പരിഗണിക്കാതെ പഠനാനുഭവങ്ങൾ ഫലപ്രദമാക്കാൻ ടീച്ചർക്കു സാധ്യമല്ല.

### 2.6 സാമൂഹ്യശാസ്ത്രപഠനവും ടീച്ചറും

സാമൂഹ്യശാസ്ത്രപഠനത്തിലൂടെ ലക്ഷ്യമിടുന്ന ആശയ ധാരണകൾ, കഴിവുകൾ, മൂല്യങ്ങൾ, മനോ ഭാവങ്ങൾ എന്നിവ യാഥാർഥ്യമാക്കുന്നതിൽ ടീച്ചറുടെ പങ്ക് വളരെ വലുതാണ്. ഒരു സാമൂഹ്യ ശാസ്ത്ര ടീച്ചർ,

- സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ ഉള്ളടക്കം വ്യക്തമായി സ്വാംശീകരിച്ചിരിക്കണം.
- സാമൂഹ്യശാസ്ത്ര സമീപനം പൂർണതോതിൽ ഉൾക്കൊണ്ടിരിക്കണം.

- സമീപനമുൾക്കൊണ്ട് പഠനസന്ദർഭങ്ങൾ ഒരുക്കുമ്പോൾ പഠനനേട്ടങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണയുള്ള വ്യക്തിയാകണം.
- വ്യത്യസ്ത പഠനതന്ത്രങ്ങളിൽ വഴക്കമുണ്ടാകുന്നതോടൊപ്പം പഠനസന്ദർഭങ്ങളിൽ യഥോചിതം ഉപയോഗപ്പെടുത്താൻ പഠിതാക്കളെ സഹായിക്കുന്ന വ്യക്തിയാകണം.
- ഒരു നല്ല ഗവേഷകയും സഹപഠിതാവുമാകണം. ഒരു നല്ല ഗവേഷകയ്ക്കു മാത്രമെ ഗവേഷണ പ്രവർത്തനങ്ങളിൽ പഠിതാക്കളോടൊപ്പം പ്രവർത്തിക്കാനാകൂ. അവരുടെ പ്രശ്നപരിഹാരശ്രമങ്ങളുടെ ഓരോ ഘട്ടത്തിലും ആവശ്യാനുസരണം ഇടപെട്ട് കൈത്താങ്ങുകൾ നൽകുന്നതിനും നേർവഴികാട്ടിക്കൊടുക്കുന്നതിനും ടീച്ചറിനു സാധ്യമാകണം.
- മികച്ചതും അനുകൂലവും സ്വതന്ത്രവുമായ പഠനാന്തരീക്ഷം ഒരുക്കികൊടുക്കുന്നതിനാവശ്യമായ ഭാവനയും നൈപുണിയും ടീച്ചർക്കുണ്ടാകണം. ജനാധിപത്യ കാഴ്ച്ചപ്പാടോടെ കുട്ടികളോട് ഇടപെടാനും ടീച്ചർക്കു കഴിയണം.
- കുട്ടികളുടെ പ്രകൃതത്തിലും പ്രത്യേകതകളിലുമുള്ള വൈജാത്യങ്ങളും ടീച്ചർ പരിഗണിച്ചേ മതിയാകൂ.
- സർവോപരി, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചു ധാരണയുണ്ടാകുകയും ഈ അവകാശങ്ങൾ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുകയും വേണം.

**നിങ്ങൾ ഈ യൂണിറ്റിലൂടെ ചർച്ചചെയ്ത ആശയങ്ങൾ**

1. സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രസക്തി
2. സാമൂഹ്യശാസ്ത്ര പഠന രീതി
3. സാമൂഹ്യശാസ്ത്ര വിനിമയ സമീപനം
4. സാമൂഹ്യശാസ്ത്ര വിനിമയ രീതികളും തന്ത്രങ്ങളും
5. സാമൂഹ്യശാസ്ത്ര പഠനവും പഠിതാക്കളും
6. സാമൂഹ്യശാസ്ത്ര പഠനവും അധ്യാപികയും

**തുടർപ്രവർത്തനങ്ങൾ**

1. യു.പി ക്ലാസുകളിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങൾ പരിശോധിച്ച് സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് ഉദാഹരണസഹിതം ഒരു ഉപന്യാസം തയാറാക്കുക.
2. സാമൂഹ്യശാസ്ത്രപഠനത്തിന് ശാസ്ത്രത്തിന്റെ രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ നിരത്തി സമർഥിക്കുക.
3. പ്രക്രിയാ ശേഷികളുടെ പ്രയോഗത്തോടൊപ്പം പോഷണവും സാമൂഹ്യശാസ്ത്രപഠനം ലക്ഷ്യം വയ്ക്കുന്നു. ഈ പ്രസ്താവനയോടു പ്രതികരിച്ചുകൊണ്ട് ഒരു പ്രതികരണക്കുറിപ്പു തയാറാക്കുക.

## യൂണിറ്റ് - 3

# സാമൂഹ്യശാസ്ത്ര ഉള്ളടക്കവിശകലനം

## ഭാഗം 1 – ചരിത്രം

സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പരബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. വ്യക്തിയും വ്യക്തിയും തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും വ്യക്തിയും സാമൂഹ്യസ്ഥാപനങ്ങളും തമ്മിലുമുള്ള ബന്ധങ്ങൾ ഇവിടെ വിശകലനം ചെയ്യുന്നു. പ്രൈമറി ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര ഉള്ളടക്കമാണ് ചർച്ച ചെയ്യുന്നത്. മനുഷ്യവർഗം, ജീവിതത്തിലും ചുറ്റുപാടിലും നടത്തുന്ന ഇടപെടലുകളുടേയും വരുത്തുന്ന മാറ്റങ്ങളുടേയും ആകെത്തുകയാണ് ചരിത്രം. അതുകൊണ്ടുതന്നെ മനുഷ്യ ജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തുന്ന സാമൂഹ്യശാസ്ത്രശാഖയാണ് ചരിത്രം. ഇന്നലെകളിൽ നിന്നും ജീവിച്ചു തുടങ്ങിയ മനുഷ്യൻ ചിന്തിച്ചും പ്രവർത്തിച്ചും ഇന്നത്തെ നിലയിൽ എത്തിച്ചേർന്നതെങ്ങനെയെന്നറിയാനും ഭാവി എങ്ങനെയാവുമെന്ന സൂചന ലഭിക്കാനും ചരിത്രപഠനം സഹായിക്കുന്നു. സംഭവങ്ങളും കണ്ടുപിടിത്തങ്ങളും സമൂഹത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് വ്യക്തമായ തെളിവുകളുടെ പിൻബലത്തോടെ വിശകലനം ചെയ്ത് സ്വന്തം കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് ചരിത്രപഠനത്തിലൂടെ അവസരം ലഭിക്കുന്നു. ഇതിലൂടെ സമൂഹത്തിന്റെ വികാസപരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്താനുള്ള കൂട്ടായ്മയിൽ തന്റെ റോൾ നന്നായി നിർവഹിക്കാനുള്ള അന്വേഷണത്വരയും വിമർശനാത്മക ചിന്തയും മനോഭാവവും കുട്ടികളിൽ വളർത്തിക്കൊണ്ടുവന്ന് ഉത്തമപൗരന്മാരാക്കി മാറ്റാനും കഴിയണം. ചരിത്രം സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ഉൾചേർന്നാണ് പ്രൈമറിക്ലാസുകളിൽ പരിഗണിക്കേണ്ടത്.

സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ ആദ്യഭാഗത്തു നിങ്ങൾ ചർച്ച ചെയ്തുവല്ലോ. സാമൂഹ്യമാറ്റങ്ങളിൽ പങ്കാളിയാകാനും സാമൂഹ്യ മാറ്റത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളെ രൂപപ്പെടുത്തുവാനും സാമൂഹ്യശാസ്ത്രപഠനം കൊണ്ട് സാധ്യമാകണം. പ്രൈമറി ക്ലാസ്സിലെ പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിലൂടെ ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, പ്രതികരണശേഷി, വിമർശനാത്മകചിന്ത തുടങ്ങിയ മൂല്യങ്ങളും വ്യക്തികളിൽ വളർന്നുവരണം. ഇവയെല്ലാം സാധ്യമാകണമെങ്കിൽ അധ്യാപകവിദ്യാർഥികൾക്ക് പ്രൈമറി ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠഭാഗങ്ങളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് കൃത്യമായ ആശയധാരണകൾ ലഭിക്കണം. അതിനു പ്രാപ്തമാകുന്ന തരത്തിലാണ് ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ ചർച്ച ചെയ്യേണ്ടത്. 5, 6, 7, 8 ക്ലാസ്സുകളിലെ വിവിധ യൂണിറ്റുകളിലൂടെ കടന്നുപോവുകയും അവയെ വിവിധ ആശയ മേഖലകളാക്കി ഒന്നിച്ചു ചേർത്ത് തുടർച്ചയും വളർച്ചയും വിശകലനം ചെയ്ത് വിവിധ പഠനതന്ത്രങ്ങളിലൂടെ വിനിമയം സാധ്യമാക്കുകയുമാണ് വേണ്ടത്.

**കാലഗണന രീതികൾ**

കഴിഞ്ഞ കാലത്തെക്കുറിച്ച് അറിവ് നൽകുന്നതാണ് ചരിത്രം. ഈ അറിവുകൾ വർത്തമാന കാലത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ വികസിപ്പിക്കുകയും വരുംകാലത്തെക്കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്യും. കഴിഞ്ഞ കാലത്തെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നമുക്ക് കാലഘട്ടം, സമയം എന്നിവ സംബന്ധിച്ച അറിവ് അനിവാര്യമാണ്. കൂടാതെ ആ കാലഘട്ടത്തിലെ സംഭവങ്ങൾ, ശേഷിപ്പുകൾ തുടങ്ങിയവയെക്കുറിച്ചുള്ള തെളിവുകളും ആവശ്യമാണ്. എങ്ങനെയാണ് ചരിത്രത്തിൽ കാലഗണന നടത്തുന്നത്? ചരിത്രകാലം, ചരിത്രാതീത കാലം, ബി.സി, എ.ഡി. നൂറ്റാണ്ട് തുടങ്ങിയ പദാവലികൾ കാലഗണനയിൽ ഉപയോഗിക്കാറുണ്ട്. ഇവയെന്താണെന്ന് നോക്കാം.

മനുഷ്യൻ അക്ഷരം കണ്ടുപിടിച്ചിട്ട് ഏകദേശം 5000 വർഷമേ ആയിട്ടുള്ളൂ. അതിനുമുമ്പുള്ള കാലത്തെ സംഭവങ്ങളേയും നമുക്ക് കണക്കാക്കേണ്ടിവരും. ലിഖിത രേഖകളൊന്നും ലഭ്യമല്ലാത്ത കാലത്തെയാണ് ചരിത്രാതീത കാലമെന്ന് പറയുന്നത്. ചരിത്രാവശിഷ്ടങ്ങളുടെ കാലപ്പഴക്കം നിശ്ചയിച്ചാണ് ഈ കാലത്തെ കണക്കാക്കുന്നത്. ചില ശാസ്ത്രീയ രീതികൾ ഇതിന് ഉപയോഗപ്പെടുത്തുന്നു. ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവയുടെ രൂപം, നിർമാണ വസ്തു എന്നിവയിൽ നിന്നും ആ കാലത്തെ മനുഷ്യജീവിതത്തെക്കുറിച്ച് ഏകദേശധാരണ ഊഹിച്ചെടുക്കുന്നു. ഭൂമിയിൽ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ ജീവിതാരംഭം മുതൽ അവയുടെ വളർച്ചയും വികാസവും കണക്കാക്കി തരംതിരിക്കുന്നു.

- കാർബൺ – 14 പരിശോധന
- തെർമോലുമിനിസെൻസ് ടെസ്റ്റ്
- ഫ്ളൂറിൻ ടെസ്റ്റ്
- ഡെൻഡ്രോക്രോണോളജി
- പരാഗണാപഗ്രഥനം
- സിർക്കോൺ കാലഗണന

തുടങ്ങിയ ശാസ്ത്രീയ മാർഗങ്ങൾ കാലപ്പഴക്കം നിർണയിക്കാനായി ഉപയോഗപ്പെടുത്തുന്നു. കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഈ രീതികളെ കുറിച്ച് കുറിപ്പ് തയാറാക്കൂ.

**ആർക്കിയോളജി**


പുരാവസ്തുക്കളെക്കുറിച്ചുള്ള പഠനമാണ് ആർക്കിയോളജി. നാണയങ്ങളെക്കുറിച്ചുള്ള പഠനമാണ് ന്യൂമിസ്മാറ്റിക്സ്. ലിഖിതങ്ങളെക്കുറിച്ചുള്ള പഠനം എപ്പിഗ്രാഫി എന്നും അറിയപ്പെടുന്നു. ഫോസിലുകളെപറ്റിയുള്ള പഠനമാണ് പാലിയന്റോളജി. പുരാവസ്തു ശാസ്ത്രജ്ഞർ മൺമറഞ്ഞുപോയ വിവിധതരം തെളിവുകളെ കണ്ടെത്തി ശാസ്ത്രീയമായ പഠനങ്ങൾക്ക് വിധേയമാക്കുന്നു. ഇന്ത്യയിൽ പുരാവസ്തു പഠനങ്ങൾക്ക് നേതൃത്വം നൽകുന്നതും സ്മാരകങ്ങൾ സംരക്ഷിക്കുന്നതും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ്.

എഴുതപ്പെട്ട രേഖകൾ ലഭ്യമായിട്ടുള്ള കാലമാണ് നമ്മൾ പൊതുവേ ചരിത്രകാലമെന്ന് വിശേഷിപ്പിക്കുന്നത്. കാലപ്പഴക്ക നിർണയത്തിന് ചരിത്രശേഷിപ്പുകളാണ് ഉപയോഗിക്കുന്നത്. എന്തെല്ലാമാണ് ചരിത്രശേഷിപ്പുകൾ? ലിസ്റ്റു ചെയ്യൂ... ചരിത്ര മ്യൂസിയങ്ങൾ സന്ദർശിച്ചിട്ടുണ്ടല്ലോ. പല വസ്തുക്കളും അവിടെ സംരക്ഷിച്ചു വച്ചിട്ടുണ്ട്.

* മുനിയറകൾ
* കുടക്കല്ലുകൾ
* നന്നങ്ങാടികൾ
* കോട്ടകൾ
* ആയുധങ്ങൾ/ഉപകരണങ്ങൾ
* നാണയങ്ങൾ
* ഫോസിലുകൾ
* ചിത്രങ്ങൾ/ശിലാലിഖിതങ്ങൾ

ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ സന്ദർശിച്ച് വിവിധ ശേഷിപ്പുകളും അവയുടെ കാലപഴക്കവും അന്വേഷിച്ചറിയുക. ഇവയെങ്ങനെ ചരിത്ര നിർമിതിക്ക് സഹായകമാകുന്നു എന്നു ചർച്ച ചെയ്യുക.

**കാലം കണക്കാക്കാം**




സുവ്യക്തമായ ഒരു ചരിത്ര നിർമിതിക്ക് കൃത്യമായ കാലനിർണയം ആവശ്യമാണ്. രേഖകൾ സൂക്ഷിച്ചിട്ടില്ലാത്ത ജനതയുടെ ചരിത്രം നിർമിക്കുന്നത് ഏതു നാട്ടിലായാലും വളരെ സങ്കീർണമാണ്. അതുകൊണ്ടുതന്നെ ഊഹങ്ങളും ഐതീഹ്യങ്ങളും സംശയങ്ങളും ചരിത്രത്തിൽ കടന്നുകൂടാനിടയുണ്ട്. ഇന്ന് കാലഗണനക്ക് പൊതുവായി ഉപയോഗിക്കുന്നത് ക്രിസ്തു വർഷമാണ്. യേശുക്രിസ്തു ജനിച്ച വർഷത്തെ അടിസ്ഥാനമാക്കി കാലത്തെ എ.ഡി, ബി.സി എന്നിങ്ങനെ വിഭജിക്കുന്നു. ക്രിസ്തുജനിച്ചതിനുമുമ്പുള്ള കാലം B.C (Before Christ) ക്രിസ്തു ജനിച്ചതിനുശേഷമുള്ള കാലം AD (Anno Domini) എന്നും അറിയപ്പെടുന്നു. BCE, CE (Before Common Era, Common Era) എന്നും പ്രയോഗിക്കാറുണ്ട്.


പത്തുവർഷകാലയളവിനെ 'പതിറ്റാണ്ട്' (ദശാബ്ദം) എന്നും നൂറുവർഷകാലത്തെ നൂറ്റാണ്ട് (ശതാബ്ദം) എന്നും ആയിരം വർഷത്തെ 'സഹസ്രാബ്ദം' എന്നും ചുരുക്കി പ്രയോഗിക്കാറുണ്ട്. CE ഒന്നു മുതൽ നൂറുവരെയുള്ള നൂറുവർഷമാണ് ഒന്നാം നൂറ്റാണ്ട്. CE 1901 മുതൽ 2000 വരെയുള്ള കാലമാണ് 20-ാം നൂറ്റാണ്ട്. എങ്കിൽ നിങ്ങൾ ജനിച്ചത് ഏതു നൂറ്റാണ്ടിലാണെന്നു കണ്ടെത്തൂ... താഴെപ്പറയുന്ന വർഷങ്ങൾ ഏതു നൂറ്റാണ്ടിലാണെന്ന് എഴുതി പട്ടിക പൂർത്തിയാക്കുക.

| വർഷം | നൂറ്റാണ്ട് |
|---|---|
| BC 326 | ................ |
| BC 261 | ................ |
| BC 710 | ................ |
| AD 1498 | ................ |
| AD 1857 | ................ |
| AD 1947 | ................ |

ചരിത്രപഠനത്തിൽ എന്ന്, എപ്പോൾ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കാലഗണന സഹായിക്കുന്നു. ചരിത്രബോധവും കാലഗണനയും ചരിത്രരചനക്ക് അനിവാര്യമാണ്. കാലവും തീയതിയും കണക്കാക്കുന്നതിന് സഹായകമായ ഉപകരണമാണ് കലണ്ടർ, ടൈംലൈൻ എന്നിവ. ഈ വർഷത്തെ കലണ്ടർ നിരീക്ഷിക്കുക. ക്രിസ്തുവർഷം കൂടാതെ മറ്റു സംഭവങ്ങളുടെ അടിസ്ഥാനത്തിലും കാലഗണന നടത്തിയിട്ടുണ്ട്. ഏതെല്ലാം വർഷവും തിയതികളുമാണ് പൊതു കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്? അവ ഏതു മുതലാണ് കണക്കാക്കാൻ ആരംഭിച്ചതെന്ന് അന്വേഷിച്ചു നോക്കുക. പട്ടികയാക്കുക.

| ക്രമ നം. | വർഷത്തിന്റെ പേര് | എത്രാംവർഷം | ഇന്നത്തെ തിയതി | അടിസ്ഥാനമാക്കിയ സംഭവം |
|---|---|---|---|---|
| 1. | ക്രിസ്തുവർഷം | | | ക്രിസ്തുവിന്റെ ജനനം |
| 2. | കൊല്ലവർഷം | | | |
| 3. | ശകവർഷം | | | |
| 4. | ഹിജ്റവർഷം | | | |
| 5. | ...................... | | | |

**ടൈംലൈൻ**




ചരിത്ര സംഭവങ്ങളെയും അവ നടന്ന കാലഘട്ടങ്ങളേയും ക്രമപ്പെടുത്തി ആരോഹണ ക്രമത്തിലോ അവരോഹണ ക്രമത്തിലോ തയ്യാറാക്കുന്ന രേഖയാണ് ടൈംലൈൻ. ചരിത്രപഠനത്തിൽ ഇതിന് ഏറെ പ്രാധാന്യമുണ്ട്. എങ്ങനെയാണ് ഒരു ടൈംലൈൻ തയാറാക്കുന്നതെന്നു നോക്കാം. ചരിത്ര സംഭവങ്ങളെ ക്രമപ്പെടുത്തുമ്പോൾ അവ തമ്മിലുള്ള കാലദൈർഘ്യം കൂടി ഒറ്റ നോട്ടത്തിൽ മനസ്സിലാകുന്ന തരത്തിൽ യൂണിറ്റുകളാക്കി രേഖപ്പെടുത്തിയാൽ കൂടുതൽ ഫലപ്രദമാകും. താഴെ നൽകിയ ടൈംലൈൻ നിരീക്ഷിക്കുക. ഇങ്ങനെ ടൈംലൈനിൽ രേഖപ്പെടുത്തുന്നതിന്റെ മെച്ചങ്ങൾ ചർച്ച ചെയ്യുക.

> **ടൈംസ്കെയിൽ നിർമ്മിക്കുക :**
>
> കേരള നവോത്ഥാനവുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ കണ്ടെത്തി ടൈംലൈൻ നിർമിക്കുക.

**ശിലായുഗങ്ങൾ**

ആദ്യകാലമനുഷ്യ ജീവിതം എങ്ങനെയായിരുന്നു? കായ്കനികൾ ശേഖരിച്ചും വേട്ടയാടിയും മനുഷ്യർ ചെറിയ കൂട്ടങ്ങളായി പ്രകൃതിയോടും വന്യമൃഗങ്ങളോടും പൊരുതിയാണ് വസിച്ചിരുന്നത്. രക്ഷനേടാനായി ഉപകരണങ്ങളും ആയുധങ്ങളും ആവശ്യമായിവന്നു. ആദ്യകാലഘട്ടങ്ങളിൽ പ്രകൃതിയിൽ നിന്നും ലഭിച്ച പരുക്കൻ കല്ലുകളും എല്ലിൻ കഷണങ്ങളും തടിക്കഷണങ്ങളും ഉപയോഗിച്ചു. പിന്നീട് ആയുധങ്ങൾ പരിഷ്ക്കരിച്ച് ഉപയോഗിക്കുവാൻ തുടങ്ങി. ഇത്തരത്തിൽ ആയുധങ്ങൾ പരിഷ്ക്കരിച്ച് ഉപയോഗിക്കാനുള്ള കഴിവാണ് മനുഷ്യനെ മറ്റു ജീവികളിൽ നിന്നും വ്യത്യസ്തനാക്കിയത്. ക്രമേണ കൃഷി ആരംഭിക്കുകയും സ്ഥിരതാമസം തുടങ്ങുകയും ചെയ്തു. വിവിധ നദീതടങ്ങളിലായിരുന്നു ആദ്യകാല മനുഷ്യവാസം. എന്തെല്ലാമാകാം കാരണങ്ങൾ? ചർച്ച ചെയ്യുക.

ആദിമ മനുഷ്യരുടെ ജീവിതത്തെ സ്വാധീനിച്ച പ്രധാനവസ്തുവാണ് ശിലകൾ. ശിലകൾ ആയുധമായി ഉപയോഗിച്ച കാലഘട്ടം ശിലായുഗം എന്നറിയപ്പെടുന്നു. ലോഹങ്ങളുടെ കണ്ടുപിടിത്തത്തോടെ വെങ്കലയുഗം, ഇരുമ്പുയുഗം എന്നീപേരുകളിലും കാലഗണന അറിയപ്പെടുന്നു. താഴെ നൽകിയ ഫ്ളോചാർട്ട് നിരീക്ഷിക്കൂ.

ഇരുമ്പുയുഗം

↑

വെങ്കല യുഗം (താമ്രശിലായുഗം)

↑

നവീന ശിലായുഗം


↑

മധ്യകാല ശിലായുഗം

↑

പ്രാചീന ശിലായുഗം

### പ്രാചീന ശിലായുഗം



മിനുസമില്ലാത്ത പരുക്കൻ ശിലായുധങ്ങൾ ഉപയോഗിച്ചിരുന്നു. അതിദീർഘമായ കാലഘട്ടമായിരുന്നതിനാൽ ശിലായുഗങ്ങളിൽ വൈവിധ്യം ഉണ്ട്. ഏകദേശം 10,000 വർഷങ്ങൾക്ക് മുമ്പ് പ്രാചീന ശിലായുഗ മനുഷ്യർ വരച്ച ഗുഹാചിത്രങ്ങളിൽ നിന്നും അവർ ഗുഹകളിലാണ് വസിച്ചിരുന്നതെന്ന് തെളിവുകളുണ്ട്. വേട്ടയാടലുമായി ബന്ധപ്പെട്ട ചിത്രങ്ങളാണ് വരച്ചിട്ടുള്ളത്.

മധ്യപ്രദേശിലെ ഭിംബേഡ്ക ഗുഹ ഇതിനുദാഹരണമാണ്.

### മധ്യകാല ശിലായുഗം

പ്രാചീനശിലായുഗത്തിനും നവീനശിലായുഗത്തിനും ഇടയ്ക്കുള്ള കാലമാണിത്. B.C-9000 ത്തിനടുത്താണ് ഈ കാലഘട്ടം. സൂക്ഷ്മവും മുനയുള്ളതുമായ ശിലായുധങ്ങളാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് സൂക്ഷ്മ ശിലായുഗം എന്നും ഈ കാലഘട്ടം അറിയപ്പെടുന്നു. ഇന്ത്യയിൽ രാജസ്ഥാനിലെ ബാഗൊർ, മധ്യപ്രദേശിലെ ആദംഗഡ് എന്നിവിടങ്ങളിൽ നിന്നും ഈ കാലത്തെ മനുഷ്യജീവിതത്തെക്കുറിച്ച് തെളിവുകൾ ലഭിച്ചിട്ടുണ്ട്.

### നവീന ശിലായുഗം

ആദിമ മനുഷ്യർ ആയുധങ്ങൾ മിനുസപ്പെടുത്തി ഉപയോഗിക്കാൻ തുടങ്ങിയതും ഭക്ഷണംശേഖരിക്കുന്നവരിൽ നിന്നും ഭക്ഷ്യോത്പാദകരായി മാറിയെന്നുള്ളതും ഈ കാലഘട്ടത്തിലെ പ്രധാനമാറ്റമാണ്. BC 7000-4000 വരെയുള്ള കാലഘട്ടമാണ് നവീന ശിലായുഗം. ബീഹാറിലെ ചിരാത്ത്, തമിഴ്നാട്ടിലെ പയംപള്ളി, കേരളത്തിലെ ഇടയ്ക്കൽ തുടങ്ങിയവ നവീനശിലായുഗ കേന്ദ്രങ്ങളാണ്.

### താമ്ര ശിലായുഗം (വെങ്കലയുഗം)




ഈ കാലഘട്ടത്തിൽ മനുഷ്യർ കല്ലുകൊണ്ടുള്ള ഉപകരണങ്ങളോടൊപ്പം ചെമ്പുകൊണ്ടുള്ള ഉപകരണങ്ങളും നിർമിച്ചു. ബലൂചിസ്ഥാനിലെ മെഹർഗഡ്, ബീഹാറില ചിരാത്, മഹാരാഷ്ട്രയിലെ ചന്തോളി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ഇതിനുള്ള തെളിവുകൾ ലഭിച്ചിട്ടുണ്ട്. ചെമ്പും ശിലയും ഒരേസമയം ഉപയോഗിച്ച കാലമായതിനാൽ 'ചാൽക്കോലിത്തിക്' എന്നും ഈ കാലം അറിയപ്പെടുന്നു. വെങ്കലത്തിന്റെ കണ്ടെത്തലും പ്രയോഗവും മനുഷ്യന്റെ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി. നദീ തടങ്ങളിൽ വാസം ആരംഭിച്ചു. വെങ്കലയുഗം **Tin+Copper**

### ഇരുമ്പുയുഗം

ഈയവും ചെമ്പും ചേർത്തുള്ള കൂട്ടുലോഹങ്ങളുടെ കണ്ടുപിടുത്തം ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും കാഠിന്യം കുറവ് എന്ന പരിമിതിയുണ്ടായിരുന്നു. ഇരുമ്പിനെ സംസ്കരിക്കാനുള്ള സാങ്കേതിക വിദ്യ ആർജിച്ചതോടെ കൂടുതൽ കരുത്തും മൂർച്ചയുള്ളതുമായ ഉപകരണങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. നദീതടസംസ്കാരങ്ങളുടെ വ്യാപനത്തിനും നഗരവൽക്കരണത്തിനും ഉത്പാദനം വർദ്ധിപ്പിക്കാനും ഇതുമൂലം സാധിച്ചു.

## Diagram of Stone Age - Bronze Age - Iron Age




പ്രാചീനകാലം മുതൽ സാമൂഹ്യ മാറ്റത്തിന് സഹായകമായത് ഉപകരണങ്ങളുടെ കണ്ടെത്തലും പ്രയോഗവും നവീകരണവുമാണ്. ഇത്തരം നവീകരണത്തിലൂടെ സമയം ലാഭിക്കാനും വിശ്രമവേളകൾ ലഭിക്കാനും സർഗചിന്തകളുണ്ടാക്കാനും സാധിച്ചു. വിവിധ കാലഘട്ടങ്ങളിലൂടെ കടന്നുവന്ന മനുഷ്യന് മെച്ചപ്പെട്ട ജീവിത സാഹചര്യത്തിലെത്തിച്ചേരുവാനും സാധിച്ചു. ഈ മാറ്റം ഉത്പാദന വർദ്ധനവ്, കൈമാറ്റകേന്ദ്രങ്ങൾ, പുരാതന നഗരങ്ങളുടെ ആവിർഭാവം എന്നിവയിലേക്ക് നയിച്ചു. ഫലഭൂയിഷ്ടമായ മണ്ണ്, സസ്യസമ്പത്ത്, അനുകൂല കാലാവസ്ഥ, മേച്ചിൽ പുറങ്ങൾ, ഗതാഗതം തുടങ്ങിയവ ഈ വികാസത്തിന് അനുകൂല ഘടങ്ങളായിരുന്നു.

ശിലായുഗം, വെങ്കലയുഗം, ഇരുമ്പുയുഗം എന്നീ കാലഘട്ടങ്ങളിൽ ആദിമ മനുഷ്യന്റെ ജീവിതത്തിലുണ്ടായ മാറ്റങ്ങൾ താഴെ പട്ടികയിൽ സംഗ്രഹിക്കുക.

| മേഖല | പ്രാചീന ശിലായുഗം | നവീന ശിലായുഗം | വെങ്കല യുഗം | ഇരുമ്പു യുഗം |
|---|---|---|---|---|
| ഉപകരണങ്ങൾ | | | | |
| തൊഴിൽ | | | | |
| ആഹാരസമ്പാദനം | | | | |
| സ്ഥിരവാസം | | | | |
| മൃഗപരിപാലനം | | | | |
| പാത്രനിർമാണം | | | | |
| സാങ്കേതികവിദ്യ | | | | |

* പ്രാചീന ശിലായുഗം, മധ്യകാല ശിലായുഗം, നവീന ശിലായുഗം, വെങ്കല യുഗം എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് കാലഗണനാക്രമത്തിൽ ഒരു ഡിജിറ്റൽ ആൽബം നിർമിക്കുക.

### നദീതട സംസ്കാരങ്ങൾ

മനുഷ്യന്റെ സംസ്കാരത്തിലേക്കുള്ള മാറ്റം വേഗത്തിലാക്കിയ സംഭവവികാസമാണ് ലോഹങ്ങളുടെ കണ്ടുപിടിത്തവും ഉപയോഗവും. ഇതോടെ നദീതടങ്ങളിലെ അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൃഷി ആരംഭിക്കുകയും സ്ഥിരവാസം തുടങ്ങുകയും ചെയ്തു. ഉത്പാദന പ്രക്രിയയിൽ വലിയ മാറ്റങ്ങളും ഉണ്ടായി. വെങ്കലയുഗത്തിൽ ഉണ്ടായമാറ്റങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം...

* നഗരവൽക്കരണം
* എഴുത്തുവിദ്യയുടെ ആവിർഭാവം
* കണക്കുകൂട്ടൽ
* കച്ചവടത്തിന്റെ ആരംഭം
* ഭരണ വ്യവസ്ഥയുടെ തുടക്കം
* ജലസേചന സൗകര്യങ്ങൾ
* കാർഷിക ഉത്പാദനവർദ്ധനവ്


ഇതോടെ വെങ്കലയുഗത്തിൽ നദീതടങ്ങൾ കേന്ദ്രീകരിച്ച് ഈജിപ്റ്റ്, മെസപ്പോട്ടോമിയ, സിന്ധുതടം, ചൈന എന്നിവിടങ്ങളിൽ സംസ്കാരങ്ങൾ രൂപപ്പെട്ടു. ഇന്ത്യയിൽ ഗംഗാസമതല പ്രദേശമാണ് ഇരുമ്പുയുഗത്തിന് ആദിമസ്ഥാനമായത്. യൂറോപ്പിൽ ഗ്രീക്ക്, റോമൻ സംസ്കാരങ്ങളുമാണ് ഇരുമ്പുയുഗത്തിൽ ശക്തി പ്രാപിച്ച സംസ്കാരങ്ങൾ. പ്രകൃതിയിൽ അയിരുകളായി കാണപ്പെടുന്ന ഇരുമ്പിനെ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ആർജിച്ചതോടെ സാമൂഹിക സാംസ്കാരിക ജീവിതം മാറ്റി മറിക്കപ്പെട്ടു. എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായത്?

* കൂടുതൽ കടുപ്പമേറിയതും മൂർച്ചയുള്ളതുമായ ഉപകരണങ്ങൾ നിർമിച്ചു.
* വനം വെട്ടി തെളിച്ചു കൃഷി വ്യാപകമാക്കി
* നഗരവൽക്കരണം വേഗത്തിലായി
* നദീതടങ്ങൾ തമ്മിലുള്ള ബന്ധവും കുടിയേറ്റവും വർദ്ധിച്ചു.
* ...........

* സിന്ധൂനദിതട സംസ്ക്കാരം, ഈജിപ്ഷ്യൻ സംസ്കാരം, മെസപ്പൊട്ടോമിയൻ സംസ്കാരം, ചൈനീസ് സംസ്കാരം എന്നീ വെങ്കലയുഗ സംസ്കാരങ്ങൾ ആവിർഭവിച്ച പ്രദേശങ്ങൾ, പ്രധാന സവിശേഷതകൾ, പ്രധാന നേട്ടങ്ങൾ, തകർച്ചയുടെ കാരണങ്ങൾ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.
* ലോക ഭൂപടത്തിൽ നദീതടസംസ്കാര കേന്ദ്രങ്ങൾ അടയാളപ്പെടുത്തുക.

**നദീതട സംസ്കാരങ്ങൾ**

| ഹാരപ്പൻ സംസ്കാരം | ഈജിപ്ഷ്യൻ സംസ്കാരം | മെസപ്പൊട്ടോമിയൻ സംസ്കാരം | ചൈനീസ് സംസ്കാരം |
|---|---|---|---|
| സിന്ധുനദീതടം | നൈൽ നദീതടം | യൂഫ്രട്ടീസ് ടൈഗ്രിസ് നദീതടം | ഹൊയാങ്ങ് ഹോ നദീതടം |
| കൃഷി | ഹൈറോഗ്ലിഫിക്സ് | ക്യൂണിഫോം | എഴുത്തു വിദ്യ ചൈനീസ് ലിപി |
| കരകൗശലം ഹാരപ്പൻ ലിപി | പിരമിഡുകൾ സ്ഫിംഗ്സ് | സിഗുറാത്തുകൾ | പട്ടു തുണി |
| നഗരാസൂത്രണം | കലണ്ടർ സൂര്യഘടികാരം, ജലഘടികാരം | കലണ്ടർ, ഗണിത ശാസ്ത്രം | കലണ്ടർ |




**ഗംഗാ സമതലം – (വേദകാലം BC 1500-600 BC വരെ)**

**വേദകാല സമൂഹം**

- പുരോഹിതർ
- സേനാനികൾ
- സാധാരണക്കാർ

ഇന്ത്യയിൽ ഇരുമ്പിന്റെ ഉപയോഗം ആരംഭിച്ചത് ഏകദേശം 3000 വർഷങ്ങൾക്ക് മുമ്പാണ്. ഇരുമ്പു നിക്ഷേപത്തിന്റെ കേന്ദ്രം കൂടിയായിരുന്നു ഗംഗാസമതലം. മധ്യ ഏഷ്യയിൽ നിന്ന് കുടിയേറി സിന്ധു നദീതട പ്രദേശത്തു താമസിച്ചിരുന്ന ആര്യന്മാർ എന്ന ആദ്യകാല വൈദികജനത മേച്ചിൽപുറങ്ങൾ തേടി ഗംഗാസമതലത്തിലെത്തുകയും ക്രമേണ ഇരുമ്പായുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ച് കാടുകൾ വെട്ടിത്തെളിച്ചും എക്കൽ മണ്ണ് ഉഴുതുമറിച്ചും കൃഷി ആരംഭിച്ചു. സിന്ധു ഗംഗാതടത്തിലെ ആദ്യകാല ജനതയ്ക്ക് അവരെ തടഞ്ഞുനിർത്താനായില്ല. പിൽക്കാലത്ത് ആദ്യകാല ജനതയെ കീഴടക്കുകയും കൃഷിപ്പണികൾക്കായി പുതിയതായി ആരംഭിച്ച കൃഷിയിടങ്ങളിലേക്ക് വ്യാപകമായി ഉപയോഗിക്കുകയും ചെയ്തു.

**ഗംഗാസമതലത്തിലെ സമൂഹം**

| ബ്രാഹ്മണർ | ക്ഷത്രിയർ | വൈശ്യർ | ശൂദ്രർ |
|---|---|---|---|
| പുരോഹിതർ | സേനാനികർ | കച്ചവടം, കൃഷി | ദാസ്യവൃത്തി |

ഇത് സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്ക് തുടക്കം കുറിച്ചു. പിന്നീട് ജാതിവ്യവസ്ഥയായി പരിണമിച്ചു. ഗംഗാസമതലത്തിലെ മിച്ച ഉത്പന്നങ്ങൾ കൈമാറ്റം ചെയ്യാൻ ആരംഭിച്ചതോടെ വാണിജ്യം തൊഴിലാക്കിയ പുതിയ വിഭാഗത്തിന്റെ ഉദയത്തിനും കാരണമായി. ഗംഗാനദി ഒരു പ്രധാന വാണിജ്യ ജലപാതയാവുകയും വാണിജ്യ കേന്ദ്രങ്ങൾ പ്രധാന പട്ടണങ്ങളായി മാറുകയും ചെയ്തു. 'കാശി' പ്രധാനനഗരമായിരുന്നു. കാർഷിക പഞ്ചാംഗം, ചാപ്പകുത്തിയ നാണയങ്ങൾ, മുദ്രകൾ തുടങ്ങിയവ ഉപയോഗത്തിലുണ്ടായിരുന്നു. പിൽക്കാല വേദകാലമെന്നറിയപ്പെടുന്ന ഈ കാലത്ത് ജനങ്ങൾ ഉപയോ

ഗിച്ചിരുന്ന പാത്രങ്ങൾ 'ചായം തേച്ച ചാരനിറപാത്രങ്ങൾ' എന്നാണറിയപ്പെടുന്നത്. തൊഴിലിന്റെ അടിസ്ഥാനത്തിൽ ചാതുർവർണ്യം നിലനിന്നിരുന്നു. വേദകാലത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ അന്വേഷിച്ച് കുറിപ്പു തയ്യാറാക്കുക.

### ഗ്രീക്കു സംസ്കാരവും റോമൻ സംസ്കാരവും

ഇരുമ്പുയുഗത്തിൽ യൂറോപ്പിൽ വികസിച്ച രണ്ടു സംസ്കാരങ്ങളാണ് ഗ്രീക്കും റോമനും. പുരാതന സംസ്കാരങ്ങളിൽ ശ്രദ്ധേയമായത് ഗ്രീക്കുസംസ്കാരമായിരുന്നു. ഗ്രീക്കു സംസ്കാരവുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രധാനമായും ലഭിക്കുന്നത് ഹോമറിന്റെ ഇലിയഡ്, ഒഡീസ്സി എന്നീ ഇതിഹാസ കൃതികളിൽ നിന്നുമാണ്. കൃഷിയും കന്നുകാലി വളർത്തലുമായിരുന്ന പ്രധാന തൊഴിൽ. സാധന കൈമാറ്റ വ്യവസ്ഥയായ ബാർട്ടർ സമ്പ്രദായം നിലനിന്നിരുന്നു. ഏഥൻസ്, സ്പാർട്ട തുടങ്ങിയ സ്ഥലങ്ങൾ പ്രധാന നഗരങ്ങളായി വളർന്നു. വിജ്ഞാന മേഖലയിൽ വളരെ പുരോഗതി നേടിയിരുന്നു.

| | |
|---|---|
| തത്വ ചിന്ത | സോക്രട്ടിസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ |
| ഗണിതശാസ്ത്രം | ആർക്കമിഡിസ്, യൂക്ലിഡ് |
| വൈദ്യശാസ്ത്രം | ഹിപ്പോക്രാറ്റസ് |
| നാടകം | സോഫോക്ലീസ്, യൂറിപ്പിഡിസ് |
| ചരിത്രം | ഹെറോഡോട്ടസ്, തൂസിഡൈഡീസ് |
| ശില്പകല | ഫിഡിയാസ് |
| ഭൂമിശാസ്ത്രം | ഇറാത്തോസ്തനീസ് |


ഇറ്റലിയിലെ ടൈബർ നദീതീരമായിരുന്നു റോമൻ സംസ്കാര കേന്ദ്രം. നിരന്തരയുദ്ധങ്ങളുടെ ചരിത്രമാണ് റോമിനുള്ളത്. കൂടുതൽ പ്രദേശങ്ങൾ കീഴടക്കിയ ജനത കൃഷിയിലേക്ക് തിരിയുകയും ചെയ്തു. സാഹിത്യത്തിലും ശില്പകലയിലും തത്വചിന്തയിലും മുന്നേറ്റം ഉണ്ടായിരുന്നു. കീഴടക്കിയ ജനങ്ങളെ കാലികളേയും ഉത്പന്നങ്ങളേയും പോലെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന അടിമത്തം നിലനിന്നിരുന്നു. പുരാതന റോമാ സാമ്രാജ്യത്തിൽ കർഷക തൊഴിലാളികളും കച്ചവടക്കാരും ഉൾക്കൊള്ളുന്ന പ്ലീബിയന്മാർ, സമ്പന്ന അധികാരവർഗമായ പെട്രീഷ്യന്മാർ എന്നിങ്ങനെ സമൂഹം വിഭജിക്കപ്പെട്ടിരുന്നു. ഇവർ തമ്മിൽ നീണ്ട പോരാട്ടം നടന്നിരുന്നു. ലോകത്തിന് റോമിന്റെ വിലപ്പെട്ട സംഭാവനയെന്നു പറയാവുന്നത് റോമൻ നിയമങ്ങളും ഭരണതത്വങ്ങളുമാണ്. റോമൻ സമാധാനം (Pax Roman) റോമക്കാരുടെ വലിയ സംഭാവനയായി കണക്കാക്കുന്നു.

* ഗംഗാസമതലത്തിലെ വൈദിക സംസ്കാരം, ഗ്രീക്കു സംസ്ക്കാരം, റോമൻ സംസ്കാരം എന്നീവടങ്ങളിൽ നിലനിന്നിരുന്ന സാമൂഹ്യജീവിതം, ഉച്ച നീചത്വങ്ങൾ, തൊഴിൽ വാണിജ്യം, പ്രധാന നേട്ടങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കുക. അവയെ താരതമ്യം ചെയ്ത് ഒരു ഫ്ളോചാർട്ട് നിർമിക്കുക.
* 5, 6, 7, 8 ക്ലാസ്സുകളിലെ ചരിത്രവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ വിശകലനം ചെയ്ത് പ്രധാനപഠന നേട്ടങ്ങൾ, പ്രധാനാശയങ്ങൾ, പഠനബോധ തന്ത്രങ്ങൾ, പഠന സാമഗ്രികൾ തുടങ്ങിയവ കണ്ടെത്തി പട്ടികപ്പെടുത്തുക.

#### പ്രാചീന-മധ്യകാല ഇന്ത്യയിലെ അധികാരരൂപങ്ങൾ

മനുഷ്യൻ നാടോടികളുടെ അവസ്ഥയിൽ നിന്നും സ്ഥിരവാസമാരംഭിക്കുകയും തുടർന്ന് ലോഹങ്ങളുടെ ഉപയോഗം സാമൂഹ്യജീവിതം വികസിച്ചു വരുന്നതിനു കാരണമാവുകയും ചെയ്തു. കാലാന്തരത്തിൽ സാമൂഹ്യജീവിതം സങ്കീർണമായത് സമൂഹനിയന്ത്രണ സംവിധാനങ്ങളും വിവിധ അധി

കാര രൂപങ്ങളും വികസിക്കുന്നതിനും വ്യാപിക്കുന്നതിനും ഇടയാക്കി. പ്രാചീന-മധ്യകാല ഭാരതത്തിൽ വിവിധ കാലഘട്ടങ്ങളിൽ ഇത്തരത്തിൽ നിരവധി സാമ്രാജ്യങ്ങളും ഭരണസംവിധാനങ്ങളും വികസിച്ചു വന്നതിനെക്കുറിച്ചുള്ള ധാരണകൾ നേടിയെങ്കിൽ മാത്രമേ ചരിത്ര ധാരണ വിപുലപ്പെടുകയുള്ളൂ. ആദ്യകാല അധികാര രൂപങ്ങൾ ഏതെല്ലാമെന്ന് വിശകലനം ചെയ്യുക.




കുടുംബത്തിൽ നിന്നും വംശത്തിലേക്കും ഗോത്രത്തിലേക്കും വളർന്നുവെന്നും ഗോത്രത്തലവൻ അധികാരചുമതല നിർവ്വഹണത്തിലേക്ക് എത്തിയെന്നും കണ്ടുവല്ലോ ഇതുപോലെ ഗോത്രത്തിന്റെ പരിമിതികൾ മറികടന്നുകൊണ്ട് രാഷ്ട്ര സങ്കൽപത്തിലേക്ക് മനുഷ്യർ എത്തിച്ചേർന്നത് എങ്ങനെയായിരിക്കും?

* ഉദ്പാദന വർദ്ധനവ്
* കൈമാറ്റം - കച്ചവടത്തിലേക്കുള്ള വ്യാപനം
* കച്ചവട കേന്ദ്രങ്ങൾ - നഗരങ്ങളായി രൂപാന്തരണം
* കച്ചവടക്കാർ - കൈവേലക്കാർ ആവിർഭാവം
* സ്വകാര്യസ്വത്ത് - സ്ഥാപനങ്ങളുടെ വ്യാപനം
* സാമൂഹ്യ സമത്വം
* വിവിധ വിഭാഗങ്ങളെ നിയന്ത്രിക്കൽ
* അധികാരകേന്ദ്രങ്ങളുടെ വ്യാപനം

ആദ്യകാലത്ത് പ്രധാനമായും കാർഷിക മേഖലയെ അവലംബിച്ചിരുന്ന പ്രത്യേക ഭൂപരിധിയിലെ ജനങ്ങൾ ഉൾപ്പെട്ട പ്രദേശം മഹാജനപദങ്ങൾ എന്ന പേരിൽ വളർന്നു. പ്രധാനമായും പതിനാറ് മഹാജനപദങ്ങളാണ് രൂപംകൊണ്ടത്. ഇവിടെ രൂപപ്പെട്ട രാഷ്ട്രീയാധികാര രൂപങ്ങളെ രാജവാഴ്ചയെന്നും ഗണസംഘങ്ങളെന്നും അറിയപ്പെട്ടു.

- 16 മഹാജനപദങ്ങൾ ഇപ്പോൾ ഏതെല്ലാം സംസ്ഥാനങ്ങളിലെന്നും ഏതെല്ലാം നദീതടങ്ങളിലാണ് രൂപപ്പെട്ടതെന്നും അവിടങ്ങളിൽ ജനപദങ്ങൾ രൂപപ്പെടാനിടയാക്കിയ കാരണങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

രാജവാഴ്ചയും ഗണസംഘ വാഴ്ചയും ഒരു പോലെയായിരുന്നോ? ഏതെല്ലാം ജനപദങ്ങളിലാണ് ഇത്തരത്തിലുള്ള അധികാരരൂപം വളർന്നുവന്നത് പട്ടിക വിശകലനം ചെയ്യുക.

| രാജവാഴ്ച | ഗണസംഘം |
|---|---|
| * ഗംഗാസമതലത്തെ കേന്ദ്രീകരിച്ച് പ്രഭുത്വഭരണം രൂപപ്പെട്ടു. | * പർവ്വത താഴ്‌വരകളെ കേന്ദ്രീകരിച്ച് |
| * മന്ത്രിമാരും ഉപദേശകസമിതികളും | * ഗോത്രത്തലവന്മാരുടെ കൂട്ടായ്മ |
| * പരമ്പരാഗത അധികാര കൈമാറ്റം | * ജനാധിപത്യ സ്വഭാവത്തിൽ റിപ്പബ്ലിക് എന്ന് പേര് |
| * നികുതി പിരിവ്, ക്രമസമാധാനം, ഉത്പാദന - വിതരണം നിയന്ത്രണം | * സമത്വവുംനീതിയും പാലിക്കുന്ന ഭരണനിയമങ്ങൾ |
| * കാശി, കോസലം, മഗധം | * വജ്ജി, മല്ല |

മഹാജനപദങ്ങളിൽ ചിലത് രാഷ്ട്രമെന്ന പദവിയിലേക്കും ചിലത് സാമ്രാജ്യമെന്ന രൂപത്തിലേക്കും വികസിച്ചു. ഇവയിൽ മഗധമാണ് ആദ്യ സാമ്രാജ്യമായി വളർന്ന രാഷ്ട്രം. മഗധയെ സാമ്രാജ്യമായി വികസിക്കാൻ ഇടയാക്കിയ അനുകൂല സാഹചര്യങ്ങൾ എന്തെല്ലാം.

- ഗംഗയുടേയും പോഷക നദികളുടേയും സാമീപ്യം
- ഫലഭൂയിഷ്ഠമായ പ്രദേശം
- ധാതുസമ്പത്ത് (ബീഹാർ - ഝാർഖണ്ഡ് ഭാഗത്തെ ഇരുമ്പയിര്)
- ചുറ്റുമുള്ള കുന്നുകൾ രാജഗൃഹത്തെ സംരക്ഷിച്ചു.
- വ്യാപാരാഭിവൃദ്ധി-നഗരവൽക്കരണം
- കഴിവുറ്റ ഭരണ നേതൃത്വം
- ഹിമാലയ താഴ്‌വരയിലെ വന സമ്പത്ത്


മഗധക്ക് ലഭിച്ചിരുന്ന അനുകൂല ഘടകങ്ങൾ ഏതെല്ലാമെന്ന് കണ്ടുവല്ലൊ. ഇവയോരോന്നും എങ്ങനെ സാമ്രാജ്യമായി വളരാൻ സഹായിച്ചു എന്ന് ചർച്ച ചെയ്യൂ.... കൂടുതൽ വായനക്കായി എ.ശ്രീധരമേനോന്റെ ഇന്ത്യാചരിത്രം വായിക്കുക.

മഹാപത്മനന്ദൻ ഭരണം പിടിച്ചെടുത്ത് രാജ്യാതിർത്തി വിപുലമാക്കിയതോടെ ഇന്ത്യയിൽ സാമ്രാജ്യ ഭരണത്തിന് തുടക്കമായി. നന്ദവംശത്തിനെതിരായി ജനഹിതം വളർന്നതോടെ മൗര്യസാമ്രാജ്യ രൂപീകരണത്തിലേക്ക് നയിച്ചു. മൗര്യ സാമ്രാജ്യത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരി അശോക ചക്രവർത്തിയായിരുന്നു. അശോക ഭരണകാലത്തെക്കുറിച്ച് എന്നും ഓർക്കുന്നതരത്തിൽ ഇന്ത്യയുടെ ദേശീയ ചിഹ്നങ്ങളിലുൾപ്പെടെ സ്ഥാനം പിടിച്ച നിരവധി തെളിവുകൾ ലഭിച്ചിട്ടുണ്ട്. (BC-274-234)

- അശോകസ്തംഭം, നാണയങ്ങൾ, ശാസനങ്ങൾ തുടങ്ങിയ അശോക ഭരണകാലത്തെ തെളിവുകൾ ശേഖരിക്കുക. അശോക കാലഘട്ടത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**കലിംഗയുദ്ധം (B.C.261)**

അശോകഭരണകാലത്തെ പ്രധാന സംഭവമാണ് കലിംഗയുദ്ധം. സാമ്രാജ്യ വികസനത്തിനായി, കലിംഗരാജ്യത്തെ (ഇന്നത്തെ ഒഡീഷ പ്രദേശം) യാതൊരു പ്രകോപനവും കൂടാതെ അശോകചക്രവർത്തി ആക്രമിക്കുകയായിരുന്നു. ഈ യുദ്ധത്തിൽ പരിപൂർണ വിജയം നേടിയെങ്കിലും യുദ്ധത്തിന്റെ കെടുതികൾ ഭയാനകമായിരുന്നു. ഒരു ലക്ഷത്തിലധികം ജനങ്ങൾ മരിക്കുകയും ഒന്നരലക്ഷത്തോളം ജനങ്ങൾ തടവുകാരാക്കപ്പെടുകയും ധാരാളം മൃഗങ്ങൾ കൊല്ലപ്പെടുകയും ചെയ്തു. ഇതോടെ അശോകൻ യുദ്ധം അവസാനിപ്പിച്ച് ബുദ്ധമതം സ്വീകരിച്ചു.





മൗര്യ ഭരണകാലത്ത് ജനങ്ങൾ പൊതുവെ ഐശ്വര്യപൂർണവും സമാധാനപരവുമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. ജനങ്ങൾക്ക് സാമ്പത്തിക - സാമൂഹികപുരോഗതിയുണ്ടായി. തൊഴിൽ സംഘങ്ങൾ ഉണ്ടായിരുന്നു. ഉത്പാദനപരമായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർക്ക് മാന്യമായ സ്ഥാനം ഉണ്ടായിരുന്നു. നഗരവാസികൾ ഒരു പ്രത്യേക വർഗമായി പരിഗണിക്കപ്പെട്ടു. കൗടില്യന്റെ അർത്ഥശാസ്ത്രം, രാഷ്ട്ര സങ്കൽപത്തിന് വ്യക്തമായ വിശദീകരണം നൽകുന്നുണ്ട്.

അശോകനുശേഷം മൗര്യഭരണം ദുർബലമായപ്പോൾ രാജ്യത്തിനു കീഴിലുള്ള വിസ്തൃതമായ ഭൂപ്രദേശത്തെ ഒന്നിച്ചു നിർത്തുക പ്രയാസമായിരുന്നു. തുടർന്ന് സുംഗന്മാർ, കണ്വന്മാർ, ചോദികൾ, കുഷാനവംശം തുടങ്ങിയ പ്രാദേശിക ശക്തികൾ ഭരണം പിടിച്ചെടുത്തു. തുടർന്ന് വന്ന ഗുപ്തരാജവംശമായിരുന്നു ക്രിസ്തുവിനുശേഷം 4-ാം നൂറ്റാണ്ടിൽ പ്രാചീന ഭാരതത്തിൽ ശക്തി പ്രാപിച്ചത്. പഞ്ചാബും രാജസ്ഥാനും ഒഴികെയുള്ള ഉത്തരേന്ത്യ മുഴുവൻ വ്യാപിച്ചതായിരുന്നു ഗുപ്തസാമ്രാജ്യം. ഭരണ സൗകര്യത്തിനായി രാജ്യത്തെ മുക്തികൾ (പ്രവിശ്യകൾ) വിഷയങ്ങൾ (ജില്ലകൾ) ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ച് ചുമതലക്കാരെ നിശ്ചയിച്ചിരുന്നു. രാജാവിനായിരുന്നു പരമാധികാരം. മന്ത്രിമാർ രാജാവിനെ സഹായിച്ചു.

## ഭൂദാനങ്ങൾ

കേന്ദ്രീകൃത ഭരണം ദുർബലമായപ്പോൾ രാജ്യത്തിനകത്തും പുറത്തുമുള്ള സംഭവങ്ങൾ രാഷ്ട്രത്തിന്റെ തകർച്ചയ്ക്കിടയാക്കി. കച്ചവടക്കാരും കൈത്തൊഴിലുകാരും കൃഷിപ്പണിയിലേക്ക് തിരിഞ്ഞത് കച്ചവടത്തിന്റേയും നഗരങ്ങളുടേയും തകർച്ചയ്ക്കിടയാക്കി. കനത്ത നികുതിയും ബാധ്യതകളും കർഷകർക്കും അസഹ്യമായി. നികുതി ലഭിക്കാതായതോടെ രാജാക്കന്മാരുടെ വരുമാനത്തിൽ കുറവുവന്നു. ശമ്പളം, ദാനം, ദക്ഷിണ തുടങ്ങിയ ചെലവുകൾക്ക് മാർഗമില്ലാതായപ്പോൾ ശമ്പളത്തിനും പുരോഹിതർക്കുള്ള ദക്ഷിണയ്ക്കുമായി ഭൂമിദാനം ചെയ്യുന്ന സമ്പ്രദായം വന്നു.

**ഫ്ളോചാർട്ട് നിരീക്ഷിക്കുക:**




ഭൂദാനത്തിന്റെ ഭാഗമായി രാജാവിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി ബ്രാഹ്മണർക്കും ഉദ്യോഗസ്ഥർക്കുമായി നൽകിയതോടൊപ്പം അവിടത്തെ നികുതി പിരിവുകൂടി അവർക്ക് ലഭിക്കുകയും പകരം രാജാവിന്റെ ആവശ്യത്തിന് സൈന്യത്തെ എത്തിച്ചുകൊടുക്കാനുള്ള ബാധ്യത അവർക്കുണ്ടാവുകയും ചെയ്തു. ഈ സമ്പ്രദായം രാജാവിന്റെ അധികാരം പരിമിതപ്പെടുത്തി. നികുതി അടക്കാതെയും സൈന്യത്തെ വേണ്ടത്ര നല്കാതെയും സാമന്ത രാജാക്കന്മാർ ശക്തരായി. ചാലൂക്യർ, രാഷ്ട്രകൂടർ തുടങ്ങിയ രാജവംശങ്ങൾ ശക്തിപ്പെട്ടത് ഈ കാലത്താണ്.

തൊഴിൽ കൂട്ടായ്മകളായിരുന്നു മൗര്യകാലഘട്ടത്തിൽ ഉണ്ടായിരുന്നതെങ്കിലും ഗുപ്തഭരണത്തിന്റെ അവസാനമാകുമ്പോഴേക്കും ഈ കൂട്ടായ്മ ജാതി വ്യവസ്ഥയായി പരിണമിച്ചു.

ഇന്ത്യയിൽ മാത്രം കാണുന്ന പ്രത്യേകമായ ഒരു സാമൂഹിക പ്രതിഭാസമാണ് ജാതിവ്യവസ്ഥ. പരിഷ്കൃത ജീവിതത്തിന്റെ ആരംഭത്തിൽ ലോകത്തു പലയിടത്തും ജാതിയുടെ പ്രാകൃതഭാവം കാണാറുണ്ട്. പ്രവൃത്തി വിഭജനമായിരുന്നു അതിനടിസ്ഥാനം.

ഭാരതത്തിലെ പൂർവ്വ നിവാസികളും വിവിധ ഘട്ടങ്ങളിലായി ഗംഗാസമതലത്തിലേക്ക് എത്തിച്ചേർന്ന ആര്യന്മാരും ഒന്നിച്ചൊരു സമുദായമായി ജീവിക്കാൻ തുടങ്ങിയതോടെയാണ് ഇന്ത്യയിൽ വർണവ്യവസ്ഥ ആരംഭിച്ചത്. ആര്യന്മാർ യജമാനന്മാരും പൂർവ്വ നിവാസികൾ ദാസന്മാരുമെന്ന നിലയിൽ പ്രവൃത്തി വിഭജനമുണ്ടായി. ആര്യന്മാർ വെളുത്ത വർഗ്ഗക്കാരും ദാസന്മാർ കറുത്തവരും ആയതിനാൽ അവർക്കിടയിൽ വർണ്ണ വ്യത്യാസവുമുണ്ടായതായി ഡി.ഡി. കൊസാംബി പറയുന്നു. ബ്രാഹ്മണർ ആത്മീയമായ സ്വാധീനവും സാമൂഹ്യ-രാഷ്ട്രീയ സ്വാധീനവും നേടിയതോടെ ചാതുർവർണ്യം അലംഘനീയമായ ഒരാചാരമായി. കർമ്മമനുസരിച്ചുണ്ടായ ജാതി വിഭജനം ജന്മമനുസരിച്ചായി. എന്ന് പ്രൊഫസർ എസ്. അച്ചുതവാര്യർ തന്റെ കേരള സംസ്കാരം - ജാതിവ്യവസ്ഥ എന്ന ഭാഗത്ത് അഭിപ്രായപ്പെടുന്നു.

ഇതോടെ സമൂഹത്തിൽ പ്രകടമായി ചില മാറ്റങ്ങൾ ദൃശ്യമായി.

- തൊഴിലുമായി ബന്ധപ്പെട്ട വിഭജനം ജാതിവ്യവസ്ഥയായി.
- ഭൂസ്വത്ത് സാമൂഹ്യപദവി നിർണയിക്കുന്ന ഘടകമായി മാറി.
- ഭൂസ്വത്തുള്ളവർക്ക് ഉയർന്ന പദവി ലഭിച്ചു.

- ജാതികൾ വളർന്ന് ജാതിവ്യവസ്ഥ സങ്കീർണമാക്കി.
- ഉയർന്ന ജാതി-താഴ്ന്ന ജാതി വേർതിരിവ് അസമത്വങ്ങളുണ്ടാക്കി.
- ജാതിവ്യവസ്ഥ ശുദ്ധാശുദ്ധ സങ്കൽപ്പത്തിന് കാരണമായി.
- വിവാഹത്തിന്റെ മാനദണ്ഡം ജാതിയായി മാറി.

പ്രാചീന ഭാരതത്തിലെ മൗര്യ-ഗുപ്ത കാലഘട്ടത്തിൽ തന്നെ ലോകത്ത് മറ്റു പല സ്ഥലങ്ങളിലും നഗരരാഷ്ട്രങ്ങൾ വികസിച്ചു വന്നിരുന്നു. ഗ്രീസിലെ നഗര രാഷ്ട്രങ്ങളായ ഏഥൻസ്, സ്പാർട്ട എന്നിവയും റോമൻ റിപ്പബ്ലിക്കും ഇതിനുദാഹരണമാണ്. ഏഥൻസിൽ ജനാധിപത്യ ഭരണക്രമവും സ്പാർട്ടയിൽ സൈനിക ഭരണവുമായിരുന്നു നിലനിന്നിരുന്നത്. ആദ്യകാല റോമൻ നാഗരികതയുടെ കേന്ദ്രം ഇറ്റലിയായിരുന്നു. കിഴക്കൻ രാജ്യങ്ങളുടെയും ഗ്രീസിന്റെയും സാംസ്കാരിക സംഭാവനകൾ യൂറോപ്പിലെത്തിയിരുന്നത് ഇറ്റലിയിലൂടെ ആയിരുന്നു. ബി.സി. ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ രാജാവിനെ പുറത്താക്കിയ ജനങ്ങൾ റോമിൽ റിപ്പബ്ലിക് സ്ഥാപിച്ചു. യൂറോപ്പിൽ ഫ്യൂഡലിസമായിരുന്നു വികസിച്ചത്. യുദ്ധതടവുകാരായി പിടിക്കപ്പെട്ടവരായിരുന്ന അടിമകൾ, പ്രഭുക്കന്മാരുടെ സ്വകാര്യ സ്വത്തായിരുന്നു. അവർക്ക് ഭൂമിയിലോ ഉത്പന്നത്തിലോ അവകാശം ഇല്ലായിരുന്നു.

*പ്രാചീന ഭാരതത്തിന്റെ സാമ്രാജ്യത്വ വികാസവും ഗ്രീക്ക് - റോമാ സാമ്രാജ്യങ്ങളുടെ വികാസവും താരതമ്യം ചെയ്യുക.*

### മധ്യകാല ഇന്ത്യ

പ്രാചീന ഭാരതത്തിലെ അധികാര കേന്ദ്രങ്ങൾ, ജനജീവിതം എന്നിവയെക്കുറിച്ചു മനസ്സിലാക്കിയല്ലോ. മധ്യകാല ഇന്ത്യയിലേക്ക് എത്തുമ്പോൾ എന്തു മാറ്റമാണ് ഉണ്ടായതെന്ന് വിശകലനം ചെയ്യാം. സി.ഇ. 8-ാം നൂറ്റാണ്ടു മുതൽ 18-ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടം ഇന്ത്യാ ചരിത്രത്തിൽ മധ്യകാല ഘട്ടം എന്നാണറിയപ്പെടുന്നത്. സി.ഇ. എട്ടാം നൂറ്റാണ്ടിൽ രജപുത്ര വിഭാഗത്തിൽപ്പെട്ട തൊമര രാജവംശമായിരുന്നു ഡൽഹി അധികാര കേന്ദ്രമാക്കി ഭരിച്ചുകൊണ്ടിരുന്നത്. ദില്ലിക എന്ന പേരിലാണ് ഡൽഹി അറിയപ്പെട്ടിരുന്നത്. (ഭൂമിശാസ്ത്രപരമായി ഗംഗാസമതലവും, മലനിരകളുടെ സാന്നിധ്യവും യമുനയുടെ ജലസഞ്ചാരം അനുകൂലമായതുമാണ് ഡൽഹിയെ കേന്ദ്രമാക്കിയത്). തുടർന്ന് ചൗഹാൻ രാജവംശമായിരുന്നു ഭരണം നടത്തിയത്. പൃഥിരാജ ചൗഹാന്റെ ഭരണകാലത്ത് എ.ഡി. 1192ൽ ഘോറിലെ (അഫ്ഗാനിസ്ഥാനിലെ) മുഹമ്മദ് അദ്ദേഹത്തെ ആക്രമിച്ച് കീഴടക്കുകയും ഡൽഹിയിൽ ആധിപത്യം ഉറപ്പിക്കുകയും ചെയ്തു. മുഹമ്മദിന്റെ മരണശേഷം സി.ഇ. 1206 ൽ കുത്ബുദ്ദീൻ ഐബക് എന്ന സേനാനായകനായിരുന്നു ഭരണം ഏറ്റെടുത്തത്. അദ്ദേഹത്തിന്റെ രാജവംശം മാലൂക്ക് വംശം (അടിമവംശം) എന്നറിയപ്പെട്ടു. (സി.ഇ. 1206 മുതൽ സി.ഇ. 1526 വരെ ഡൽഹി ആസ്ഥാനമാക്കി അഞ്ച് രാജവംശങ്ങളാണ് ഭരണം നടത്തിയത്. ഇവരെ സുൽത്താൻമാർ എന്നും ഈ കാലഘട്ടത്തെ സൽത്തനത്ത് എന്നും അറിയപ്പെടുന്നു. തുടർന്ന് ബാബർ മുഗൾ ഭരണം സ്ഥാപിച്ചു. മധ്യകാലഘട്ടത്തിൽ ഡൽഹി ആസ്ഥാനമാക്കിയ രാജവംശങ്ങളേയും ഭരണാധികാരികളേയും ചേർത്ത് പട്ടിക നിരീക്ഷിക്കുക.

| രാജവംശം | പ്രധാന ഭരണാധികാരികൾ |
|---|---|
| • മംലൂക്ക് വംശം (അടിമവംശം) | • കുത്ബുദ്ദീൻ ഐബക്, ഇൽത്തുമിഷ്, ബാൽബൻ |
| • ഖിൽജി വംശം | • അലാവുദ്ദീൻ ഖിൽജി |
| • തുഗ്ലക്ക് വംശം | • മുഹമ്മദ് ബിൻതുഗ്ലക്, ഫിറോസ്ഷാതുഗ്ലക് |
| • സയ്യിദ് വംശം | • ഖിസിർഖാൻ |
| • ലോധിവംശം | • ഇബ്രാഹിം ലോധി |
| • മുഗൾ രാജവംശം | • ബാബർ, ഹുമയൂൺ, അക്ബർ, ഷാജഹാൻ... |

- ഡൽഹി കേന്ദ്രമാക്കി അധികാരം സ്ഥാപിച്ച സൽത്തനത്ത്, മുഗൾ ഭരണത്തെക്കുറിച്ചും പ്രധാന ഭരണാധികാരികൾ, പ്രധാന ഭരണനടപടികൾ എന്നിവയെക്കുറിച്ചും വിവരങ്ങൾ ശേഖരിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.
- മധ്യകാലഘട്ടത്തിൽ ഡൽഹി കേന്ദ്രീകരിച്ച് ഭരണം നടത്തിയതിന്റെ ചരിത്ര സ്മാരകങ്ങൾ ഉൾപ്പെടുത്തി ഒരു പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കുക. അവയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുക.
- ഡൽഹി ഒരു അധികാര കേന്ദ്രമായി വളരുവാൻ ഇടയാക്കിയ ഭൂമിശാസ്ത്രപരമായ അനുകൂല സാഹചര്യങ്ങൾ എന്തെല്ലാം? വിവരങ്ങൾ ശേഖരിച്ച് കുറിപ്പു തയാറാക്കുക.

മധ്യകാല ഇന്ത്യയിൽ ഡൽഹി കേന്ദ്രമാക്കി ഉത്തരേന്ത്യൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന അധികാര കേന്ദ്രങ്ങളാണ് നാം ഇതുവരെ ചർച്ച ചെയ്തത്. ഈ കാലയളവിൽ ദക്ഷിണേന്ത്യയിലും പശ്ചിമേന്ത്യയിലും നിലവിലുണ്ടായിരുന്ന പ്രധാന രാജ്യങ്ങളായിരുന്നു ചോളരാജ്യം, വിജയനഗരം, ബാഹ്മിനി രാജ്യം, മറാത്ത രാജ്യം എന്നിവ. അപ്പർ പ്രൈമറി ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിൽ നിന്നും മറ്റു വായനാസാമഗ്രികളിൽനിന്നും ഈ രാജ്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് താഴെ പട്ടിക പൂർത്തിയാക്കുക.

| രാജവംശം | പ്രധാന ഭരണാധികാരികൾ | ആസ്ഥാനവും ഭരണപ്രദേശവും | പ്രധാനഭരണ നേട്ടങ്ങൾ | കാലഘട്ടം |
|---|---|---|---|---|
| ചോളരാജ്യം | | | | |
| വിജയനഗരം | | | | |
| ബാഹ്മിനിരാജ്യം | | | | |
| മറാത്ത രാജ്യം | | | | |

### കേരളം – അന്നും ഇന്നും

കേരളത്തിന്റെ ചരിത്രാതീതകാലത്തെക്കുറിച്ചുള്ള അറിവ് പരിമിതമാണ്. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള മഹാശിലായുഗാവശിഷ്ടങ്ങളായ പുലച്ചിക്കല്ല്, മേശക്കല്ല്, തൊപ്പിക്കല്ല്, കുടക്കല്ല്, നന്നങ്ങാടികൾ തുടങ്ങിയ തെളിവുകളുടെ അടിസ്ഥാനത്തിൽ 6000 വർഷങ്ങൾക്ക് മുമ്പുതന്നെ ജനവാസമുണ്ടായിരുന്നതായി അനുമാനിക്കുന്നു. നരവംശശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പുരാതനജനതയെ നീഗ്രിറ്റോ, പ്രോട്ടോ-ആസ്ട്രലോയ്ഡ്, മെഡിറ്ററേനിയൻ എന്നീ പല വംശക്കാരായി തിരിക്കുന്നു. ഈ വംശങ്ങൾ ഒന്നായി ചേർന്ന ഒരു വർഗമാണ് ഇപ്പോഴുള്ളത്. തെക്കേ ഇന്ത്യയിൽ പശ്ചിമഘട്ടത്തിന്റെ പൂർവഭാഗത്ത് ആദ്യമനുഷ്യവാസം ആരംഭിക്കുകയും പിന്നീട് പടിഞ്ഞാറുഭാഗത്തേക്ക് വ്യാപിക്കുകയും ചെയ്തു എന്ന് ഭൂമിശാസ്ത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കരുതുന്നു. അവർ കേരളത്തിന്റെ കിഴക്കൻ മലനിരകളിൽ പണിയർ, ഇരുളർ, കുറിച്യർ, മലയരയർ, ഉള്ളാടർ, മലവേടർ, കാണിക്കാർ തുടങ്ങിയ പേരുകളിൽ ജീവിച്ചുവരുന്നു. ഇവരിൽ വയനാട്ടിൽ മാത്രമുള്ള പണിയവിഭാഗമാണ് ഏറ്റവും പ്രാചീനർ.



*മറയൂർ മുനിയറ*



*കുടക്കല്ല്/തൊപ്പികല്ല്*

ഏതാണ്ട് ഒരു നൂറ്റാണ്ട് മുമ്പുവരെ ഗുഹാകളിലും ഏറുമാടങ്ങളിലും കഴിഞ്ഞിരുന്ന ഇവർ വനവിഭവങ്ങൾ ശേഖരിച്ചും വേട്ടയാടിയുമാണ് ജീവിച്ചത്. ആദിവാസി വിഭാഗമായ ഇവർ തമിഴ്നാടിനോടു ചേർന്ന പ്രദേശങ്ങളിൽ തമിഴ് കലർന്ന ഭാഷയും മൈസൂരിനോട് ചേർന്ന ഭാഗത്തുള്ളവർ കന്നട കലർന്ന മലയാളവും സംസാരിക്കുന്നതു കാണാം. ഇപ്പോൾ പുറംലോകവുമായുള്ള ബന്ധത്തിലൂടെയും വിദ്യാഭ്യാസം നേടിയതുവഴിയും ഭാഷയിലും ജീവിതത്തിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്.



*നന്നങ്ങാടികൾ*



*ഇടക്കൽ ഗുഹാ*

### സാമൂഹ്യജീവിതം

തെക്കേ ഇന്ത്യയിലെ ജനങ്ങളെ ദ്രാവിഡർ എന്നും അവരുടെ ഭാഷയെ ദ്രാവിഡ ഭാഷയെന്നും സംസ്കാരത്തെ ദ്രാവിഡ സംസ്കാരമെന്നും വിളിച്ചുവരുന്നു. ആരാണ് ദ്രാവിഡർ? ബി.സി. നാലാം നൂറ്റാണ്ടിനോടടുപ്പിച്ച് മെഡിറ്ററേനിയൻ വർഗക്കാർ ബലൂചിസ്ഥാൻ വഴി ഇന്ത്യയിലെത്തുകയും അവിടെയുണ്ടായിരുന്ന ആസ്ട്രലോയ്ഡ് വർഗക്കാരുമായി കൂടിച്ചേർന്ന് ദ്രാവിഡരായി പരിണമിക്കുകയും ചെയ്തു. പിന്നീട് ആര്യന്മാരുടെ അധിനിവേശത്തോടെ ഈ ജനത തെക്കോട്ടു വ്യാപിച്ച് വാസമുറപ്പിച്ചവരാണ് ദ്രാവിഡജനത. പിതൃദായസമ്പ്രദായമാണ് ഇവർ തുടർന്നിരുന്നത്. പൊതുവെ സമാധാനത്തിലും സൃഷ്ടിപരമായ പ്രവർത്തനങ്ങളിലും അധിഷ്ഠിതമായിരുന്നു ഇവരുടെ ജീവിതം. മഹാശിലാസംസ്കാരവും ഇരുമ്പുകൊണ്ടുള്ള ആയുധങ്ങളും ഇവിടെ നടപ്പിലാക്കിയതിവരാണ്. ചേര-ചോള-പാണ്ഡ്യരാജവംശങ്ങളായിരുന്നു ഗോത്രസമൂഹത്തിൽനിന്നും രാജാധികാരത്തിലേക്കുള്ള മാറ്റത്തിന്റെ ആദ്യ കണ്ണികൾ. സംഘകാല കൃതികൾ ഇതിന് തെളിവാണ്. കേരളത്തിലേക്കുള്ള ആര്യന്മാരുടെ കടന്നുവരവ് എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ചിരുന്നു. തലമുറകളിലൂടെയുള്ള കുടിയേറ്റം, കടന്നുവന്ന പ്രദേശങ്ങളിലെ ജീവിതശൈലി സ്വീകരിക്കാൻ പര്യാപ്തമാക്കിയിരുന്നു. കേരളത്തിൽ എത്തിയ തമിഴ് ബ്രാഹ്മണരും പരദേശ ബ്രാഹ്മണരും ഈ പരമ്പരയിൽപ്പെട്ടവരാണ്. ഭരണാധികാരികളെക്കൊണ്ട് യാഗാദികർമങ്ങൾ ചെയ്യിക്കാൻ ഇവർക്ക് കഴിഞ്ഞു. (ഇതിന്റെ ഫലമായി സമൂഹത്തിൽ ഉയർന്ന സ്ഥാനം നേടാൻ കഴിഞ്ഞു.) ആചാരാനുഷ്ഠാനങ്ങളിലും ഭാഷാ-വേഷഭൂഷാദികളിലും പ്രകടമായ വ്യത്യാസം കാണാം. കേരള സംസ്കാരത്തിൽ ജാതിസമ്പ്രദായവും ഭൂഉടമസമ്പ്രദായവും രൂപപ്പെട്ടത് ഈ കൂടിച്ചേരലിന്റെ ഭാഗമായാണ്. ദേവസ്വം, ബ്രഹ്മസ്വം തുടങ്ങിയ രീതിയിൽ ഭൂമിയുടെ ഉടമസ്ഥത വിഭജിച്ചെടുത്തു. ജന്മിത്വം രൂപപ്പെട്ടു. ജാതിരഹിത കേരളസമൂഹത്തിൽ ജാതിവ്യവസ്ഥയുടെ തട്ടുകൾ തിരിക്കുകയും സാധാരണ ജനങ്ങളെ ഹീനജാതിക്കാരായി തരംതാഴ്ത്തുകയും ചെയ്തു.

അതിപ്രാചീനകാലം മുതൽതന്നെ വിവിധ മതങ്ങളുടെ സംഗമ ഭൂമിയായിരുന്നു കേരളം. ഹാരപ്പയിൽനിന്നുള്ള ചില ചരിത്രരേഖാമുദ്രകളിൽനിന്നും സൈന്ധവ സംസ്കാരവുമായും കാത്യായനന്റെ വാർത്തികം എന്ന പുരാതന ഗ്രന്ഥത്തിൽനിന്നും ഉത്തരേന്ത്യയുമായും ബന്ധം ഉണ്ടായിരുന്നതായി തെളിയുന്നു. സുമേറിയക്കാർ, അറബികൾ, ഫിനീഷ്യർ, യവനർ, റോമാക്കാർ എന്നിവരുമായി വിദേശവ്യാപാരവും ഉണ്ടായിരുന്നതായി നാണയശേഖരങ്ങൾ കണ്ടെത്തിയതിൽനിന്നും മനസ്സിലാക്കാം. അശോക ശാസനങ്ങളിൽനിന്നും ബുദ്ധമതവും ജൈനമതവും കേരളത്തിൽ പ്രചരിച്ചിരുന്നു എന്നറിയുന്നു. വൈദേശിക ബന്ധത്തിന്റെ ഫലമായി ക്രിസ്തു, ഇസ്ലാം, ജൂതമതങ്ങളും നേരത്തെ തന്നെ പ്രചാരത്തിലായി. പ്രാചീന കേരളത്തിൽ പ്രത്യേക മതത്തിൽ അധിഷ്ഠിതമല്ലാത്ത ദ്രാവിഡ ആചാരങ്ങളായിരുന്നു നിലവിലിരുന്നത്. പ്രകൃതിശക്തികളും കുലദേവതകളും മലദൈവങ്ങളും മുത്തപ്പനും ആയിരുന്നു ആരാധനാമൂർത്തികൾ. ഈ സാഹചര്യത്തിലേക്കാണ് ബുദ്ധ-ജൈനമതാശയങ്ങളും

വൈദേശിക മതാശയങ്ങളും കടന്നുവന്നത്. കാർഷികവൃത്തി അറിയാമായിരുന്ന ബുദ്ധ-ജൈനന്മാർ തങ്ങളുടെ അറിവ് സമൂഹത്തിൽ പങ്കുവച്ചതോടെ കാർഷിക അഭിവൃദ്ധിയും ഭൂമിയുടെ ഉടമസ്ഥതയും ആരംഭിച്ചു. കാർഷികാഭിവൃദ്ധി ക്ഷേത്രങ്ങളുടേയും ദേവാലയങ്ങളുടേയും നിർമാണത്തിലേക്കും അതിലൂടെ കൈത്തൊഴിൽകാരുടെ വളർച്ചയിലേക്കും എത്തിച്ചേർന്നു. വിദ്യാഭ്യാസം, സാഹിത്യം, ചികിത്സാപദ്ധതി എന്നീ രംഗങ്ങളിൽ ബുദ്ധമതം വമ്പിച്ച മാറ്റം കൊണ്ടുവന്നു. ബുദ്ധവിഹാരങ്ങളോട് ചേർന്ന് പാഠശാലകൾ ഉണ്ടായിരുന്നു.

- കേരളത്തിലെ പ്രാചീന ഗോത്രസമൂഹത്തിൽനിന്നും രാജവംശത്തിലേക്കുള്ള വളർച്ച വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. ഗോത്രസമൂഹത്തിന്റെ ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കുക.
- കേരളത്തിൽ വിവിധ മതവിശ്വാസങ്ങൾ രൂപപ്പെടാനിടയാക്കിയ സാഹചര്യങ്ങൾ വിശകലനം ചെയ്ത് ഏതെല്ലാം മതവിശ്വാസങ്ങൾ പ്രചാരത്തിലായെന്ന് പട്ടികപ്പെടുത്തുക.

### അധികാര രൂപങ്ങൾ

ചേര-ചോള-പാണ്ഡ്യരാജവംശങ്ങളായിരുന്നു ആദ്യകാല ഭരണം നടത്തിയിരുന്നത്. ഏറ്റവും പ്രാചീനം ചേരന്മാരാണെന്ന് ചരിത്രകാരന്മാർ പറയുന്നു. മലമ്പ്രദേശമായതിനാൽ ചേരൽ എന്ന പദത്തിൽനിന്നുമാവാം ചേരന്മാർ ഉണ്ടായത്. ചേരൽ എന്ന വാക്കിന്റെ സംസ്കൃത രൂപമാണ് കേരളം എന്നു കരുതപ്പെടുന്നു. മുചീരി (കൊടുങ്ങല്ലൂർ) കേന്ദ്രമാക്കി വടക്ക് തുളുനാടു മുതൽ തെക്ക് ആയ്നാട്ടുവരേയും കിഴക്ക് കൊങ്ങുനാടിന്റേയും അധിപരായിരുന്നു ചേരന്മാർ. എട്ടാം ശതകത്തോടെ ചേര സാമ്രാജ്യം, പാണ്ഡ്യരാജാക്കന്മാർ കീഴ്പ്പെടുത്തി. തുടർന്ന് തിരുവഞ്ചിക്കുളം (മാകോതൈ) കേന്ദ്രമാക്കി രണ്ടാം ചേരസാമ്രാജ്യം ശക്തിപ്രാപിച്ചു. രാമരാജശേഖരൻ (800-844) ആയിരുന്നു രണ്ടാം ചേരസാമ്രാജ്യ സ്ഥാപകൻ. കൊല്ലം തുറമുഖത്തിന്റെ ഉദ്ഭവുമായി ബന്ധപ്പെട്ട് കൊല്ലവർഷം (എ.ഡി. 825) ആരംഭിച്ചത് സ്ഥാണുരവി രാജാവിന്റെ കാലത്താണ്. സംഘകാലത്തുണ്ടായിരുന്ന ചോള-പാണ്ഡ്യ ഭരണരീതി തന്നെയായിരുന്നു കേരളത്തിലും നടപ്പിലായിരുന്നത്. ചില ഭൂവിഭാഗങ്ങളിൽ ഗോത്രത്തലവന്മാർ പാരമ്പര്യമായി ഭരണം നടത്തുകയും രാജാവിനോടു കൂറുപുലർത്തുകയും ചെയ്തിരുന്നു. സംഘകാലാനന്തരം പ്രവിശ്യകളിലെ അധികാരം ഉടയവർ പാരമ്പര്യമായി വഹിച്ചിരുന്നു. ഭൂനികുതിയായിരുന്നു പ്രധാന വരുമാനം. കൂടാതെ തലക്കാണം, ഏണിക്കാണം, ചുങ്കം, അടിമക്കാശ് എന്നീ നികുതികളും പിരിച്ചിരുന്നു. കുറ്റവാളികൾക്ക് തടവ്, പിഴ എന്നീ ശിക്ഷകൾ നൽകിയിരുന്നു. വ്യക്തികൾ തമ്മിലുള്ള തർക്കം അങ്കംവെട്ടി തീരുമാനിച്ചിരുന്നു. 900- ാമാണ്ടിലെ കേരളം നിരീക്ഷിക്കുക.

### കേരളം 800-1122 വരെ



എ.ഡി. 9- ാം നൂറ്റാണ്ടോടെ കേരളത്തിൽ പെരുമാക്കന്മാർ മഹോദയപുരം ആസ്ഥാനമാക്കി ഭരണം ആരംഭിച്ചു. പുറകീഴനാട്, കുറുമ്പ്രനാട്, ഏറനാട്, വള്ളുവനാട് തുടങ്ങിയപ്രദേശങ്ങളാണ് അവരുടെ ഭരണത്തിൻ കീഴിലുണ്ടായിരുന്നത് നാടുവാഴിത്തത്തിൽ അധിഷ്ഠിതമായിരുന്നു ഭരണം. എ.ഡി. 1124 ഓടെ പെരുമാക്കന്മാരുടെ ഭരണം അവസാനിച്ചു. തുടർന്ന് രാജ്യം ചെറുനാടുവാഴികൾ സ്വതന്ത്ര ഭരണം നടത്തിക്കൊണ്ട് വിവിധ സ്വരൂപങ്ങളായി മാറി. വേണാട്, കോലത്തുനാട്, നെടിയിരുപ്പ്, പെരുമ്പടപ്പ് സ്വരൂപം, താന്നൂർ സ്വരൂപം, തരൂർ സ്വരൂപം, തൃപ്പാപ്പൂർ സ്വരൂപം തുടങ്ങിയവ പ്രബലമായ നാട്ടുരാജ്യങ്ങളായിരുന്നു. ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയായിരുന്നു നിലവിലുണ്ടായിരുന്നത്.

ആധുനിക കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്ന കാലത്താണ് പോർച്ചുഗീസുകാരുടെ വരവും ആധിപത്യം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളും ആരംഭിച്ചത്. തുടർന്ന് ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നീ യൂറോപ്യൻ ശക്തികൾ വ്യാപാരത്തിനായി എത്തി.

- തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ വിദേശീയരുടെ ആധിപത്യശ്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഒരു ചർച്ച സംഘടിപ്പിക്കുക.
- തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളായിരുന്ന കേരളം എങ്ങനെയാണ് ഐക്യ കേരള രൂപീകരണത്തിലേക്ക് എത്തിയത്? വിവരങ്ങൾ ശേഖരിച്ച് ഐക്യകേരളത്തിലേക്ക് എന്ന ഒരു സെമിനാർ സംഘടിപ്പിക്കുക. (പ്രധാന നാടുവാഴികളും ഭരണവും നാട്ടുരാജ്യങ്ങളുടെ സംയോജനം, നവോത്ഥാനനായകരും പ്രവർത്തനങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പങ്ക് ജന്മിത്വത്തിനും വിദേശാധിപത്യത്തിനും എതിരെ നടന്ന പ്രക്ഷോഭ സമരങ്ങൾ തുടങ്ങിയ മേഖലകൾ വിശകലനം ചെയ്ത് സെമിനാർ സംഘടിപ്പിക്കുമല്ലോ.)

### നവകേരളം

1956 ന് മുമ്പ് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളായിരുന്നു കേരളം. മാർത്താണ്ഡവർമ മഹാരാജാവിന്റെ കീഴിൽ തിരുവിതാംകൂർ ശക്തമായ രാജ്യമായിരുന്നു. ശക്തൻതമ്പുരാന്റെ ഭരണകാലത്തായിരുന്നു കൊച്ചിരാജ്യം വികസിച്ചത്. മലബാർ മേഖലയെ സാമൂതിരിയുടെ ഭരണകാലത്ത് മൈസൂർ രാജാക്കന്മാർ ആക്രമിച്ച് കൈവശപ്പെടുത്തുകയും സ്വാധീനം ഉറപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് ബ്രിട്ടീഷുകാർ ടിപ്പുസുൽത്താനെ പരാജയപ്പെടുത്തി ഈ മേഖല കൈവശപ്പെടുത്തിക്കൊണ്ട് മദ്രാസ് പ്രവിശ്യയുടെ ഭാഗമാക്കി.ആദ്യം തിരു-കൊച്ചി സംയോജനവും തുടർന്ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ മലബാറും കൂട്ടിചേർത്ത് കേരളം രൂപീകൃതമായി. ഈ പ്രക്രിയയിൽ നിരവധി പ്രക്ഷോഭസമരങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങളും നേതാക്കന്മാരും പങ്കുവഹിച്ചുവെന്നും സെമിനാറിലൂടെ ബോധ്യമായല്ലോ. സംസ്ഥാനം രൂപീകരിച്ചപ്പോൾ ഏതെല്ലാം ജില്ലകളാണ് ഉണ്ടായിരുന്നത്? തുടർന്ന് കൂട്ടിച്ചേർക്കപ്പെട്ട ജില്ലകൾ ഏതെല്ലാമെന്ന് അന്വേഷിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.

### ഐക്യകേരളം

ഐക്യകേരളം രൂപപ്പെട്ടതിനു പിന്നിൽ നിരവധി പ്രക്ഷോഭങ്ങൾക്കിടയാക്കിയ സാമൂഹ്യവ്യവസ്ഥയായിരുന്നു കേരളത്തിൽ. വിവിധ വിഭാഗം ജനങ്ങൾ തമ്മിൽ ഇടപെടുന്നതിന് തീണ്ടാപ്പാട് എന്ന ആചാരം നിലവിലുണ്ടായിരുന്നു. കൂടാതെ:

- സവർണ-അവർണ വേർതിരിവ്
- ജാതി വ്യവസ്ഥയനുസരിച്ച് വസ്ത്രധാരണം.
- ജാതിയടിസ്ഥാനത്തിൽ - വിവിധ നികുതികൾ ചുമത്തൽ
- അടിമസമ്പ്രദായം
- ആഹാരത്തിലും ജാതിവേർതിരിവ്
- ജന്മിസമ്പ്രദായം
- അടിയായ്മ
- ഭൂമിയിൽ അവകാശമില്ലായ്മ
- ഊഴിയവും വിരുത്തിയും (കൂലിയില്ലാജോലി)
- പൊതുനിരത്തിൽ സഞ്ചാരനിഷേധം
- വിചിത്രമായ ശിക്ഷാവിധികൾ

| ജില്ല | രൂപീകരിച്ച വർഷം |
|---|---|
| 1. തിരുവനന്തപുരം | |
| 2. കൊല്ലം | |
| 3. ആലപ്പുഴ | |
| 4. കോട്ടയം | |
| 5. ഇടുക്കി | |
| 6. പത്തനംതിട്ട | |
| 7. എറണാകുളം | |
| 8. തൃശൂർ | |
| 9. പാലക്കാട് | |
| 10. മലപ്പുറം | |
| 11. കോഴിക്കോട് | |
| 12. വയനാട് | |
| 13. കണ്ണൂർ | |
| 14. കാസർഗോഡ് | |

- ക്ഷേത്രപ്രവേശന നിഷേധം
- ..........................................................

തുടങ്ങിയ നിരവധി ആചാരങ്ങളും അനാചാരങ്ങളും കൊണ്ട് നിറഞ്ഞതായിരുന്നു 19- ാം നൂറ്റാണ്ട്. സാമൂഹ്യനവോത്ഥാനത്തിന്റെ ഭാഗമായി, ഇത്തരം ജാത്യാചാരങ്ങൾക്കെതിരെ സാമൂഹ്യ പരിഷ്കർത്താക്കളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും നിരവധി പ്രക്ഷോഭങ്ങൾ നയിച്ചതിന്റെ ഭാഗമായി ഈ അവസ്ഥ പതുക്കെ മാറാൻ തുടങ്ങി. എന്താണ് നവോത്ഥാനം? ബാഹ്യപ്രേരണകളാൽ നിയന്ത്രിക്കപ്പെടാത്ത ചിന്തയുടേയും സ്വാതന്ത്ര്യത്തിന്റേയും പുനരുത്ഥാനം ആണ് നവോത്ഥാനം. ഇത് മനുഷ്യമനസ്സുകളിൽ യുക്തിബോധവും സർഗശക്തിയും വളർത്തി. ഇറ്റലിയിൽ ആരംഭിച്ച് യൂറോപ്പിലാകമാനം വ്യാപിച്ച നവോത്ഥാനത്തിന്റെ ഫലമായി ജീവിതത്തോടും പ്രപഞ്ചത്തോടും ഒരു പുതിയ സമീപനം മനുഷ്യരുടെ ഇടയിൽ രൂപപ്പെട്ടു. യൂറോപ്പിലാകമാനം സാമൂഹ്യ രാഷ്ട്രീയ-ശാസ്ത്രമേഖലകളിൽ വമ്പിച്ച മാറ്റം കുറിച്ച നവോത്ഥാനചിന്ത ലോകമെമ്പാടും വ്യാപിച്ചു. ശാസ്ത്രരംഗത്തുണ്ടായ വളർച്ചയാണ് ലോക പര്യവേഷണയാത്രയ്ക്ക് തുടക്കം കുറിച്ചത്.

**19- ാം നൂറ്റാണ്ടിലെ ചില നികുതികൾ**

- ഏണിക്കാണം
- മേനിപ്പൊന്ന്
- വലപ്പണം
- ഏഴപ്പണം
- അടിമപ്പണം
- കോഴപ്പണം
- കാഴ്ചപ്പണം
- തലൈവില
- അങ്കക്കിഴി
- തുറപ്പണം
- തളക്കാണം
- ചുങ്കം
- രാജഭോഗം

തുടങ്ങിയ 110 ഇനം നികുതികൾ 1865 ൽ പിരിച്ചിരുന്നതായി റവ.മെറ്റിയർ രേഖപ്പെടുത്തുന്നു.

**കേരള നവോത്ഥാനം:**

ഭാരതത്തിൽ നവോത്ഥാനം ആരംഭിക്കുന്നത് 19- ാം നൂറ്റാണ്ടിൽ ബംഗാളിലാണ്. തുടർന്ന് മഹാരാഷ്ട്ര, പഞ്ചാബ്, കേരളം തുടങ്ങിയ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനം, ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനം, സർഗാത്മക സാഹിത്യത്തിന്റെ സ്വാധീനം, ഇന്ത്യൻ പണ്ഡിതന്മാരുടെ പരിശ്രമങ്ങൾ എന്നിവയാണ് സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കിയത്. ഇതിന്റെ ഫലമായി സാമൂഹ്യപരിഷ്ക്കരണം എല്ലാ വിഭാഗങ്ങളുടേയും പ്രധാന ആവശ്യമായി മാറി. കേരളത്തിൽ സാമൂഹ്യപരിഷ്ക്കരണത്തിന് നേതൃത്വം നൽകിയത് ആരെല്ലാമായിരുന്നു?

- ശ്രീനാരായണഗുരു
- അയ്യങ്കാളി
- വൈകുണ്ഠസ്വാമികൾ
- പൊയ്കയിൽ യോഹന്നാൻ
- സഹോദരൻ അയ്യപ്പൻ
- പണ്ഡിറ്റ് കറുപ്പൻ
- ചട്ടമ്പിസ്വാമികൾ
- കുമാരനാശാൻ
- വാഗ്ഭടാനന്ദൻ
- വി.ടി. ഭട്ടതിരിപ്പാട്
-

തുടങ്ങിയ സാമൂഹ്യപരിഷ്കർത്താക്കളുടേയും വിവിധ സംഘടനകളുടേയും പ്രവർത്തന ഫലമായി ജീർണമായതും ശാപഗ്രസ്തവുമായ ബ്രാഹ്മണ്യത്തിന്റെ നശീകരണശക്തിയെ അതിജീവിക്കുവാനും അടിയാള വിഭാഗങ്ങൾക്ക് അവർ പേറിവന്ന അടയാളചിഹ്നങ്ങൾ തകർത്തെറിയാനും ഒരുപരിധി വരെ കഴിഞ്ഞു.

എല്ലാ പരിഷ്കർത്താക്കളും ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് പ്രചാരണം നടത്തിയതിനാൽ കൂടുതൽ പേർക്ക് അതിന്റെ പ്രയോജനം ലഭിച്ചു. ഇതിനു പുറമെ മദ്യവർജനം, ശാസ്ത്രബോധം, മിശ്രഭോജനം, മിശ്രവിവാഹം, വിധവാവിവാഹം, വിവാഹപ്രായമുയർത്തൽ സ്ത്രീസമത്വം തുടങ്ങിയ വിഷയങ്ങൾ സമൂഹം മുഖ്യധാരാവിഷയങ്ങളായി ചർച്ചചെയ്യുകയും അവ നടപ്പിലാക്കുന്നതിന് തയ്യാറെടുക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി കേരള സമൂഹത്തിൽ വലിയമാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ചില നാടുവാഴികളും സാമുദായിക-രാഷ്ട്രീയ പ്രസ്ഥാനങ്ങളും നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രവർത്തിച്ചിരുന്നു.

- 19, 20 നൂറ്റാണ്ടുകളിൽ കേരളത്തിലെ സാമൂഹ്യാവസ്ഥയും അവയിൽ മാറ്റം വരുത്തുന്നതിന് സാമൂഹ്യപരിഷ്കർത്താക്കൾ വഹിച്ച പങ്കും വിശകലനം ചെയ്യുക.

### വിദ്യാഭ്യാസ-ആരോഗ്യരംഗം

സ്വാതന്ത്ര്യാനന്തരം കേരളം മാനവവികസനത്തിൽ വലിയ മുന്നേറ്റം കുറിച്ചു. ഭൂപരിഷ്ക്കരണം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസപുരോഗതി, സാമൂഹികനീതി എന്നീ മേഖലകളിൽ കേരളത്തിന്റെ മുന്നേറ്റം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇത് അന്തർദേശീയ തലത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തരം ചുരുങ്ങിയ നാളുകൾകൊണ്ട് കേരളം സാക്ഷരതയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തി. സാമ്പത്തിക പിന്നാക്കാവസ്ഥയനുഭവിക്കുമ്പോഴും ഈ നേട്ടം ശ്രദ്ധേയമാണ്. 1817 ലെ തിരുവിതാംകൂറിലെ ഭരണാധികാരിയായിരുന്ന റാണി പാർവ്വതിഭായി വിദ്യാഭ്യാസം ഗവൺമെന്റിന്റെ ഉത്തരവാദിത്വമായി ഏറ്റെടുത്തിരുന്നു. തുടർന്നുവന്ന ക്രിസ്ത്യൻ മിഷണറിമാരും സാമൂഹികപ്രസ്ഥാനങ്ങളും മാറിമാറി വന്ന ഗവൺമെന്റുകളുടെ തീരുമാനങ്ങളും ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസബില്ല്, ഉയർന്ന സാമൂഹ്യബോധം തുടങ്ങിയവയും വിദ്യാഭ്യാസ പുരോഗതിക്കു പിന്നിലുള്ള ഘടകങ്ങളാണ്.

പൊതുജനാരോഗ്യരംഗത്ത് കേരളം വൻനേട്ടങ്ങളാണ് കൈവരിച്ചത്. ഈ രംഗത്തുണ്ടായ വികസനം, വികസിതരാജ്യങ്ങളോട് കിടപിടിക്കുന്നതാണ്. ആധുനിക ചികിത്സാസൗകര്യങ്ങളും ഏകോപിത പ്രവർത്തനങ്ങളും അലോപ്പതി, ആയുർവേദം, ഹോമിയോ, യുനാനി തുടങ്ങിയ ചികിത്സാശാഖകളുടെ വളർച്ചയും ബോധവൽക്കരണ പ്രവർത്തനങ്ങളും ഈ നേട്ടങ്ങൾക്ക് പിന്നിലുണ്ട്.

കേരളത്തിന്റെ നിലവിലുള്ള നേട്ടങ്ങൾ അന്വേഷിച്ച് പട്ടിക പൂർത്തിയാക്കുക.

| സ്ത്രീ– പുരുഷ അനുപാതം | കേരളം | ഇന്ത്യ |
|---|---|---|
| പ്രതിശീർഷവരുമാനം | | |
| സാക്ഷരതാനിരക്ക് | | |
| പുരുഷൻ | | |
| സ്ത്രീകൾ | | |
| മൊത്ത സ്കൂൾ പ്രവേശന നിരക്ക് | | |
| കൊഴിഞ്ഞുപോക്ക് നിരക്ക് | | |
| ജനനനിരക്ക് | | |
| ആയുർദൈർഘ്യം | | |
| ശിശുമരണനിരക്ക് | | |
| മരണനിരക്ക് | | |
| ദാരിദ്ര്യാനുപാതം | | |

*മാനവവികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ നേട്ടങ്ങളെ ഇന്ത്യയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.*

വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സൗജന്യ ഉച്ചഭക്ഷണം, വികേന്ദ്രീകൃത ആസൂത്രണം, പാഠ്യപദ്ധതി പരിഷ്കരണം, അധ്യാപക പരിശീലനം, കേന്ദ്രാവിഷ്കൃത പദ്ധതികളായ DPEP, SSA, RMSA, സമഗ്രശിക്ഷാ അഭിയാൻ, സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ കേരളത്തെ മുന്നോട്ടു നയിക്കുന്നു. എങ്കിലും വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും ഗുണനിലവാരത്തിന്റെ കുറവും ചില പിന്നാക്ക മേഖലകളിലെ കൊഴിഞ്ഞു പോക്കും പ്രശ്നങ്ങളാണ്. അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

**ആരോഗ്യരംഗത്ത് എല്ലാവർക്കും ചികിത്സാസൗകര്യം ഉറപ്പുവരുത്തൽ**

- കടുംബക്ഷേമ പരിപാടികൾ
- പോഷകാഹാര പരിപാടി
- പകർച്ച വ്യാധികൾ നിർമാർജനം
- ശുചീകരണ യജ്ഞം
- ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ
- ആർദ്രം മിഷൻ
- ..............................

തുടങ്ങിയവയിലൂടെ എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുന്ന ശ്രമങ്ങൾ നടക്കുമ്പോൾ തന്നെ ഗുണനിലവാരക്കുറവ്, ഗ്രാമീണ മേഖലയിലെ ചികിത്സാ സൗകര്യലഭ്യതക്കുറവ്, പകർച്ചവ്യാധികളുടെ തിരിച്ചുവരവ്, ജീവിതശൈലീരോഗങ്ങൾ, മാലിന്യനിർമാർജന പ്രശ്നങ്ങൾ, ഉയർന്ന ചികിത്സാ ചെലവ് തുടങ്ങിയ പ്രശ്നങ്ങൾ കേരളം അഭിമുഖീകരിക്കുന്നുണ്ട്.

## ദാരിദ്ര്യ നിർമാർജനം കേരളത്തിൽ

കുറഞ്ഞ പ്രതിശീർഷക വരുമാനമെങ്കിലും മാനവ വികസന സൂചികകളുടെ അടിസ്ഥാനത്തിൽ കേരളം മുന്നിലാണ്. 2013 സെപ്റ്റംബർ - വാർഷിക കണക്കു പ്രകാരം 7.05% പേർ കേരളത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഇന്ത്യൻ ശരാശരി 21.92% ആയി കണക്കാക്കിയപ്പോഴാണിത്. തൊഴിലില്ലായ്മ, ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷ്യസുരക്ഷ, പാർപ്പിടം, ശുദ്ധജലം, ശുചിത്വം എന്നിവയുടെ കുറവ്, ഭൂമിയുടെ ലഭ്യത, ലിംഗവിവേചനം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് ദാരിദ്ര്യം കണക്കാക്കുന്നത്. ദാരിദ്ര്യം, അനുഭവിക്കുന്ന ആളുകളുടെ മാത്രം പ്രശ്നമല്ല, സമൂഹത്തിന്റെ കൂടി പ്രശ്നമാണ്. കുറഞ്ഞ വരുമാനക്കാരിലും അസംഘടിത മേഖലകളിലുമാണ് ദാരിദ്ര്യം കേന്ദ്രീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് വിവിധ ദാരിദ്ര്യനിർമാർജന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അവ ഏതെല്ലാമെന്നു പരിശോധിക്കാം.



സുസ്ഥിരവികസന ലക്ഷ്യം: കേരളം ഒന്നാമത്

സൂചിക തയ്യാറാക്കിയത് ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന്

കേന്ദ്രഭരണ പ്രദേശങ്ങളിൽ ചണ്ഡീഗഢ്

| | | | |
|---|---|---|---|
| [illegible] | 1 കേരളം 69 പോയന്റ് | 1 ഹിമാചൽ 69 | 2 തമിഴ്നാട് 66 |
| ആരോഗ്യവും ക്ഷേമവും | 1 കേരളം 92 പോയന്റ് | 2 തമിഴ്നാട് 77 | 3 തെലങ്കാന 73 |
| മികച്ച വിദ്യാഭ്യാസം | 1 കേരളം 87 പോയന്റ് | 2 ഹിമാചൽ 82 | 3 ആന്ധ്രപ്രദേശ് 77 |
| ലിംഗ സമത്വം | 1 കേരളം 50 പോയന്റ് | 1 സിക്കിം 50 | 2 ഛത്തീസ്ഗഢ് 49 |
| [illegible] | 1 ഗോവ 80 പോയന്റ് | 2 മണിപ്പുർ 74 | 3 കേരളം 72 |
| വ്യവസായവും നൂതനാശയവും | 1 മണിപ്പുർ 72 പോയന്റ് | 2 കേരളം 68 | 3 ഗുജറാത്ത് 65 |

*22-12-2018-ലെ 'മാതൃഭൂമി' ദിനപ്പത്രത്തിൽ നിന്ന്)*

- ക്ഷേമ പെൻഷനുകൾ വിതരണം
- കുടുംബശ്രീ യൂണിറ്റുകൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ
- പൊതു വിതരണ സംവിധാനം
  - റേഷൻ കടകൾ
  - അംഗനവാടികൾ
  - നീതി സ്റ്റോർ
  - സ്കൂൾ ഉച്ചഭക്ഷണം
  - മാവേലി സ്റ്റോറുകൾ
- ഭൂപരിഷ്കരണ നടപടികൾ
- സൗജന്യ വിദ്യാഭ്യാസ പരിപാടികൾ
- ആശ്വാസകിരൺ
- ആശ്രയ
- അമ്മത്തൊട്ടിൽ
- സ്നേഹ സ്പർശം
- ലൈഫ് മിഷൻ
- തൊഴിലില്ലായ്മ വേതനം

തുടങ്ങിയവയും കേന്ദ്രാവിഷ്കൃത പദ്ധതികളായ NREGS, SJRRY, SFGY, PMRY തുടങ്ങിയ നിരവധി പരിപാടികളും നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാരും കേരളസർക്കാരും നടപ്പിലാക്കുന്ന മറ്റു പരിപാടികൾ അന്വേഷിച്ചറിയുക.

- സാമ്പത്തിക വികസനം സാധ്യമാകണമെങ്കിൽ ആരോഗ്യ - വിദ്യാഭ്യാസരംഗങ്ങളിൽ മുതൽ മുടക്ക് വർദ്ധിപ്പിക്കണം. മാനവ വികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
- കേരളത്തിന്റെ വിദ്യാഭ്യാസ - ആരോഗ്യ രംഗത്തെ നേട്ടങ്ങളെ ദേശീയ നേട്ടങ്ങളുമായി താരതമ്യം ചെയ്യുക
- ദാരിദ്ര്യ നിർമാർജനം വ്യക്തിയുടെ മാത്രം ആവശ്യമല്ല. സമൂഹത്തിന്റെ കൂടി ആവശ്യമാണ്. കേരളത്തിന്റെ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളെ ഈ പ്രസ്താവനയുടെ അടിസ്ഥാന ത്തിൽ വിലയിരുത്തുക.

**മധ്യകാല ലോകം – നവോത്ഥാനം സാമ്രാജ്യത്വ വൽക്കരണം**

ഇന്ത്യയിലും കേരളത്തിലും ആരംഭിച്ച നവോത്ഥാന ശ്രമങ്ങളും പരിണിതഫലങ്ങളും ചർച്ച ചെയ്തു വല്ലോ. ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള വിജ്ഞാന വിനിമയം യൗറോപ്പിലെ വൈജ്ഞാനിക മേഖലയെ ഏറെ സ്വാധീനിച്ചു. ഇറ്റലിയിൽ ആരംഭിച്ച നവോത്ഥാനം യൂറോപ്പിലാകമാനം വ്യാപിച്ചു. ഇതിന്റെ ഫലമായി എല്ലാ രംഗങ്ങളിലും ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായി. CE 14 മുതൽ 17 -ാം നൂറ്റാണ്ടുവരെ മതം, സാഹിത്യം, ശാസ്ത്രം, ഭൂമിശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ എല്ലാ രംഗങ്ങളിലും ശക്തമായ സ്വാ ധീനം ചെലുത്തി. മത നവീകരണശ്രമങ്ങൾ ഒട്ടേറെ ക്രിസ്തീയ സഭകളുടെ നവീകരണത്തിനും ലോക മെമ്പാടും വ്യാപിക്കുന്നതിനും ഇടയാക്കി. ശാസ്ത്രരംഗത്തെ പുരോഗതി അനേകം കണ്ടുപിടിത്തങ്ങ ളിലേക്ക് നയിച്ചു. തുണിയുത്പാദന മേഖലയിലും മാറ്റമുണ്ടായി. ഈ മാറ്റം വ്യവസായ വിപ്ലവ ത്തിനും കാർഷിക മേഖലയിലെ യന്ത്രവൽക്കരണം കാർഷിക വിപ്ലവത്തിനും കാരണമായി. സമത ്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ആശയങ്ങൾ ഫ്രഞ്ച്, ഇംഗ്ലണ്ടു വിപ്ലവങ്ങൾക്കും കാരണമായി. ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങളും ഭൂമി ഉരുണ്ടതാണെന്ന കണ്ടെത്തലും വിവിധ പര്യവേ ഷണ യാത്രകൾക്കും തുടക്കം കുറിച്ചു. പാഠപുസ്തകങ്ങൾ പരിശോധിച്ച് താഴെത്തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കൂ.

| **സമുദ്ര സഞ്ചാരികൾ** | **വർഷം** | **യാത്ര പഥം** |
|---|---|---|
| കൊളംബസ് | | |
| ബർത്തലോമിയോ ഡയസ് | | |
| വാസ്കോഡഗാമ | | |
| കബ്രാൾ | | |
| ബാൽബോവ | | |
| ഫെർഡിനന്റ് മാഗല്ലൻ | | |

സമുദ്രപര്യവേഷണയാത്രകളും പുതിയ ഭൂപ്രദേശങ്ങളുടെ കണ്ടുപിടുത്തങ്ങളും വൻതോതിലുള്ള കുടിയേറ്റത്തിനും വ്യാപാരബന്ധങ്ങൾക്കും സാഹചര്യമൊരുക്കി. അതോടൊപ്പം യൂറോപ്യൻ രാജ്യ ങ്ങൾ, വ്യവസായ വിപ്ലവത്തിന്റെ ഫലമായുണ്ടായ ഉത്പന്നങ്ങൾ കച്ചവടം ചെയ്യാനുള്ള മാർക്കറ്റുക ളുടെ ആധിപത്യം സ്ഥാപിക്കാനും ആരംഭിച്ചു. വിവിധ വൻകരകളിൽ എത്തിച്ചേർന്ന യൂറോപ്യൻ രാജ്യങ്ങൾ തദ്ദേശീയ ജനതയെ അടിച്ചമർത്തിക്കൊണ്ട് അവിടെ ആധിപത്യം നേടുകയും തങ്ങളുടെ കോളനികളാക്കി മാറ്റുകയും ചെയ്തു. പോർട്ടുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലണ്ടുകാർ എന്നിവർ പരസ്പരം മത്സരിച്ചു. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം നൂറ്റാണ്ടുകൾ തുടർന്നത് ഓർക്കു മല്ലോ. ഇതിന്റെ ഫലമായി വിദേശാധിപത്യത്തിനെതിരെ ലോകത്തെമ്പാടും വിവിധ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരങ്ങളും ചെറുത്തുനിൽപ്പുകളും ഉണ്ടായ കാലഘട്ടമാണ് 19, 20 നൂറ്റാണ്ടുകൾ. ചില സമ രങ്ങൾ പട്ടികപ്പെടുത്തുക.

- അമേരിക്കൻ സ്വാതന്ത്ര്യസമരം
- കറുപ്പുയുദ്ധം
- ഇന്ത്യൻ സ്വാതന്ത്ര്യ സമരം
- ഒന്നാം ലോകമഹായുദ്ധം
- ദക്ഷിണാഫ്രിക്കൻ സ്വാതന്ത്ര്യസമരം
-
-

ഇത്തരം യുദ്ധങ്ങളും സമരങ്ങളും ഒട്ടേറെ സ്വതന്ത്രരാജ്യങ്ങളുടെ രൂപീകരണത്തിന് കാരണമായി. ഇതിൽ ബ്രിട്ടനാണ് ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ ആധിപത്യം ഉറപ്പിക്കുകയും കൂടുതൽ കാലം കോളനികളിൽ ഭരണം നടത്തുകയും ചെയ്തത്.

വിവിധ രാജ്യങ്ങൾ തമ്മിലുള്ള മത്സരമാണ് ലോകത്തെ ആയുധ പന്തയത്തിലേക്കും ഒന്നും രണ്ടും ലോകയുദ്ധത്തിലേക്കും നയിച്ചത്. ഇതിന്റെ ഫലമായി ലോകം അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരിയായും റഷ്യയുടെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റു ചേരിയായും രൂപപ്പെട്ടു. ഇതിൽപ്പെടാത്ത രാജ്യങ്ങൾ ചേരിചേരാനയം സ്വീകരിച്ച് മൂന്നാം ചേരിയായി രൂപപ്പെട്ടു. രാജ്യങ്ങൾ തമ്മിൽ വിദ്വേഷം വർദ്ധിക്കുവാനും ആയുധ പന്തയത്തിനും ശാക്തിക ചേരികളിൽ കൂടുതൽ രാജ്യങ്ങളെ ഉൾപ്പെടുത്താനുള്ള മത്സരത്തിനും ഇതു വഴിയൊരുക്കി. മനുഷ്യ നന്മയ്ക്കും വികസനത്തിനും ഉപയോഗിക്കേണ്ട സമ്പത്ത് യുദ്ധങ്ങൾക്കും വിനാശക പ്രവർത്തനങ്ങൾക്കും ഉപയോഗിക്കപ്പെട്ടു. ഇവയെല്ലാം നിങ്ങൾ വിവിധ ക്ലാസുകളിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ടല്ലോ.

*5, 6, 7, 8 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങൾ പരിശോധിച്ച് ലോക ചരിത്രത്തിൽ അടുത്ത കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ചർച്ച ചെയ്യൂ.*

നിങ്ങൾ ഈ യൂണിറ്റിലൂടെ ചർച്ചചെയ്ത ആശയങ്ങൾ

1. ചരിത്രത്തിലെ കാലഗണനാരീതികൾ
2. ചരിത്രപഠനത്തിനുള്ള തെളിവുകൾ
3. വിവിധ ശിലായുഗങ്ങൾ, ആദ്യകാല മനുഷ്യജീവിതം
4. വിവിധ നദീതട സംസ്കാരങ്ങൾ
5. പ്രാചീന, മധ്യകാല, ആധുനിക ഇന്ത്യയിലെ അധികാരരൂപങ്ങൾ - ജനജീവിതം
6. കേരളം ആദ്യകാല മനുഷ്യജീവിതം, പ്രാചീന തമിഴകം, നാടുവാഴി സ്വരൂപങ്ങൾ, കേരള രൂപീകരണം, കേരളത്തിന്റെ വികസനം
7. മധ്യകാലലോകം - നവോഥാനം, വ്യവസായിക-കാർഷിക വിപ്ലവം സാമ്രാജ്യത്വവൽക്കരണം.

## ഭാഗം 2 – ഭൂമിശാസ്ത്രം

സാമൂഹ്യശാസ്ത്ര പഠനത്തിൽ ഉൾപ്പെടുന്ന ഒരു പ്രധാന ശാഖയാണ് ഭൂമിശാസ്ത്രം. മനുഷ്യനും അവൻ ജീവിക്കുന്ന പ്രകൃതിയും തമ്മിലുള്ള പരസ്പര ബന്ധമാണ് ഭൂമിശാസ്ത്രപഠനത്തിൽ ചർച്ച ചെയ്യുന്നത്. മനുഷ്യ വികാസ ചരിത്രത്തിൽ ഭൗതിക പരിസ്ഥിതിയുടെ സ്വാധീനവും മനുഷ്യന്റെ ഇട പെടലുകൾ പ്രകൃതിയുണ്ടാക്കുന്ന മാറ്റങ്ങളും സൂക്ഷമമായി നിരീക്ഷിക്കുന്ന തലത്തിലാണ് ഭൂമിശാസ്ത്ര പഠനം നടക്കേണ്ടത്. ഈ ലക്ഷ്യത്തിൽ നിന്നുകൊണ്ട് അപ്പർ പ്രൈമറി ക്ലാസുകളിലെ ഭൂമിശാസ്ത്ര പാഠഭാഗങ്ങൾ വിശകലനം ചെയ്യുവാനും വരുംതലമുറയ്ക്ക് ഫലപ്രദമായി വിനിമയം ചെയ്യുവാനും. അധ്യാപക വിദ്യാർത്ഥികളും പ്രാപ്തരാവണം.

**ഭൂമിശാസ്ത്രത്തിന്റെ സ്വഭാവം:**


സൗരയൂഥം, ഭുമി എന്നിവയുടെ ഉൽപത്തിയെ പറ്റി സെമസ്റ്റർ ഒന്നിൽ ചർച്ച ചെയ്തുവല്ലോ. സൗര യുഥത്തിലെ ജീവനുള്ള ഏക ഗ്രഹമാണ് ഭൂമി. കരയിലും ജലത്തിലും വായുവിലുമായി വൈവിധ്യ മാർന്ന സസ്യ – ജന്തു ജാലങ്ങൾ നിലനിൽക്കുന്നു എന്നതാണ് ഭൂമിയെ മറ്റു ഗ്രഹങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നത്. ഭൗമോപരിതലം പരിശോധിച്ചാൽ പർവ്വതങ്ങൾ, പീഠഭുമികൾ, സമതലങ്ങൾ, മരുഭൂമികൾ തുടങ്ങിയ അനേകം സവിശേഷതകൾ കാണാം. ഭൂകമ്പങ്ങൾ, അഗ്നിപർവ്വതങ്ങൾ, പർവ്വ തരൂപീകരണ പ്രക്രിയകൾ തുടങ്ങിയ ഭൗമപ്രതിഭാസങ്ങളിലൂടെയും ജലം, ഹിമാനികൾ, കാറ്റുകൾ, കടൽ തിരകൾ തുടങ്ങിയവയുടെ പ്രവർത്തനഫലമായും ആണ് ഭൗമോപരിതലത്തിൽ വിവിധ തരം ഭൂരൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഇങ്ങനെ ഭൗമോപരിതലത്തിലെ ഓരോ പ്രദേശവും വ്യത്യസ്തമാ കുന്നു. ഭൂപ്രകൃതിയും കാലാവസ്ഥയും ജീവജാലവും ജന ജീവിതവും ഓരോ പ്രദേശത്തേയും വ്യത്യ സ്തമാക്കുന്നു. അതിന്റെ അന്വേഷണമാണ് ഭൂമിശാസ്ത്ര പഠനംകൊണ്ട് സാധ്യമാകുന്നത്. ഭൂപ്രകൃ തി, കാലാവസ്ഥാമാറ്റം, പ്രകൃതി ക്ഷോഭങ്ങൾ ഇവയെല്ലാം മനുഷ്യ ജീവിതത്തെ സ്വാധീനിക്കുന്നണ്ട്. ഭക്ഷണം, പാർപ്പിടം, വസ്ത്രം, ജീവനോപാധികൾ എന്നിവയിലെല്ലാം ഈ സ്വാധീനം കാണാം. ശാസ്ത്ര ത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ച മനുഷ്യന്റെ പ്രവർത്തന മേഖലകളുടെ വ്യാപ്തി വിസ്തൃതമാക്കുകയും പരിസ്ഥിതിയിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. കൃഷി, വ്യവസായം, നഗരവൽക്കരണം തുടങ്ങിയ മനുഷ്യപ്രവൃത്തികൾ പ്രകൃതിയിൽ ചെലുത്തിയ സ്വാധീനം ഭൂമിശാസ്ത്രം പഠന വിധേയമാക്കുന്നു.

*5, 6, 7, 8 ക്ലാസുകളിലെ ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ വിലയിരുത്തി കൊണ്ട് ഭൂമിശാസ്ത്ര പഠന സ്വഭാവം എത്രമാത്രം പ്രതിഫലിക്കുന്നുണ്ട് വിശകലനകുറിപ്പ് തയാറാക്കുക.*

**ഭൂമിശാസ്ത്രത്തിന്റെ ശാഖകൾ:**

ഭൗമോപരിതലത്തിൽ പ്രകൃതി ദത്തവും മനുഷ്യ നിർമ്മിതവുമായി നിരവധി പ്രത്യേകതകളെ ഭൂമി ശാസ്ത്രം പഠന വിധേയമാക്കുന്നുണ്ട്. എന്ന് മനസിലാക്കിയല്ലോ. അതിന്റെ അടിസ്ഥാനത്തിൽ ഭൂമി ശാസ്ത്ര പഠനത്തെ രണ്ട് പ്രധാന ശാഖകളായും-ഭൗതികഭൂമിശാസ്ത്രവും മാനവികഭൂമിശാസ്ത വും-വിവിധ ഉപശാഖകളായും തിരിക്കാവുന്നതാണ്. ഭൗമ പ്രതിഭാസങ്ങളെക്കുറിച്ചും പ്രകൃതിദത്ത ഘടകങ്ങളായ ഭൂരൂപങ്ങൾ, കാലാവസ്ഥ ജലസ്രോതസുകൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ചും പഠിക്കുന്ന ഭാഗമാണ് ഭൗതിക ഭൂമിശാസ്ത്രം. മനുഷ്യന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതുമൂലം പ്രകൃതിയിലുണ്ടാകുന്ന സ്വാധീനത്തെക്കുറിച്ചും ജനസംഖ്യയെകുറിച്ചും മാനവസംസ്കാരം, വാസ സ്ഥലങ്ങൾ എന്നിവയെ കുറിച്ചും, പഠിക്കുന്ന ഭാഗത്തിന് മാനവിക ഭൂമിശാസ്ത്രമെന്നും വിളിക്കാം.

ഫ്ളോചാർട്ട് പരിശോധിക്കുക.




ഫ്ളോചാർട്ട് വിശകലനം ചെയ്ത് ഓരോ ശാഖയും ഏതു മേഖലകളെ കുറിച്ചുള്ള പഠനമാണെന്ന് ചർച്ച ചെയ്യു. മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടലുകളെകുറിച്ച് സൂക്ഷ്മമായി പഠന വിധേയമാക്കുന്ന ശാഖയെന്ന നിലയിൽ ഭൂമിശാസ്ത്രത്തിന് സാമൂഹ്യ ശാസ്ത്രത്തിലെ എല്ലാ ശാഖകളുമായും അടുത്ത ബന്ധമുണ്ട്. പ്രകൃതി ശാസ്ത്രം, ഭൂഗർഭ ശാസ്ത്രം, അന്തരീക്ഷ പഠനം, പരിസ്ഥിതി, ശാസ്ത്രം, ചരിത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ മിക്ക ശാഖകളുമായും കൊടുക്കൽ വാങ്ങൽ ബന്ധമുണ്ട്.

**ഭൂമിശാസ്ത്ര പഠന ഉപാധികൾ:**

ഒരു സാമുഹ്യശാസ്ത്ര ശാഖയെന്ന നിലയിൽ ഭൂമിശാസ്ത്ര പഠനോപാധികൾ മുൻ അധ്യായങ്ങളിൽ ചർച്ച ചെയ്തുവല്ലോ. ഭൂമിശാസ്ത്ര പഠനം ഫലപ്രദമാക്കുന്നതിന് ചില പഠന ഉപാധികൾ ഇവിടെ പരിചയപ്പെടാം.

**1. ഭൂപടങ്ങൾ**

ഭൗമോപരിതല സവിശേഷതകളെ പരന്ന പ്രതലത്തിലേക്ക് ചിത്രീകരിക്കുന്നതാണ് ഭൂപടങ്ങൾ. ഭൂമിയെ മൊത്തമായോ ഭാഗീകമായോ ചിത്രീകരിക്കാം. സെമസ്റ്റർ ഒന്നിൽ വിവിധ തരം ഭൂപടങ്ങളും അവയുടെ സവിശേഷതകളും ചർച്ച ചെയ്തുവല്ലോ. സാമൂഹ്യശാസ്ത്ര ലാബിൽ നിന്നും വിവിധ ഭൂപടങ്ങൾ നിരീക്ഷിച്ച് ഉപയോഗം കണ്ടെത്തുക പട്ടികപ്പെടുത്തുക.

**2. ഗ്ലോബ്**

ഭൂമിയുടെ ത്രിമാന രൂപമെന്ന നിലയിൽ ഭൂമിയെ കുറിച്ചുള്ള പഠനത്തിന് അനിവാര്യമായ ഒരു ഉപകരണമാണ് ഗ്ലോബ്. ഗ്ലോബ് നിരീക്ഷിച്ച് അക്ഷാംശ - രേഖാംശ രേഖകളുടെ വ്യത്യാസം. അവയുടെ അളവുകൾ എന്നിവ നിരീക്ഷിക്കുക.

3. **വടക്കു നോക്കി യന്ത്രം (Magnetic Compass)**
4. **മഴമാപിനി**
5. **കാറ്റാടി യന്ത്രം**
6. **അനിമോ മീറ്റർ**
7. **തെർമോമീറ്റർ**
8. **മിനിമം - മാക്സിമം തെർമൊമീറ്റർ**
9. **മാതൃകകൾ (ഭൂമിയുടെ ഉള്ളറ, ഡെൽറ്റകൾ, സൗരയൂഥം, സാറ്റ്ലൈറ്റ് ലരേ)**
10. **ശേഖരങ്ങൾ (മണ്ണുകൾ, മണലുകൾ, ശിലകൾ, അയിരുകൾ, ലോഹങ്ങൾ ലരേ)**
11. ............................................

* ലിസ്റ്റ് പൂർത്തിയാക്കുക. ഇതിൽ നിങ്ങളുടെ സാമൂഹ്യ ശാസ്ത്ര ലാബിൽ ഏതെല്ലാം ഉപകരണങ്ങൾ, മാതൃകകൾ, ശേഖരങ്ങൾ ഉണ്ടെന്ന് പരിശോധിച്ച് ഇവയുടെ പ്രവർത്തനം, ഉപയോഗം എന്നിവ കണ്ടെത്തി ആൽബം തയ്യാറാക്കുക.
* 5,6,7, ക്ലാസിലെ സാമൂഹ്യശാസ്ത്ര പുസ്തകങ്ങളിൽ നിന്നു. ഭൂമിശാസ്ത്ര പാഠങ്ങൾ വിശകലനം ചെയ്ത് ക്ലാസ്സ്, യൂണിറ്റ്, ആശയമേഖല, ഉപയോഗിക്കാവുന്ന പഠനോപാധി എന്നിവ പട്ടികയാക്കുക.

## ഇന്ത്യ- ഭൂപ്രകൃതി

അസാധാരണമായ വൈവിധ്യമുള്ളതാണ് ഇന്ത്യയുടെ ഭൂപ്രകൃതി. മഹാസമതലങ്ങൾ, പീഠഭൂമികൾ, മരുഭൂമികൾ, പർവ്വതങ്ങൾ, ദ്വീപുകൾ, മഴക്കാടുകൾ, നദീതീരങ്ങൾ, തുടങ്ങി ഭൂമിയിലെ മിക്കവാറും ഭൂപ്രകൃതി വൈവിധ്യങ്ങൾ നിറഞ്ഞപ്രദേശമാണ് ഇന്ത്യ. അടിസ്ഥാന വിവരങ്ങൾ നൽകിയിട്ടുള്ളത് വായിക്കുക. ഏഴു രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നുണ്ട്. മാന്നാർ ഉൾക്കടലും പാക്ക് കടലിടുക്കും ചേർന്ന് രൂപം നൽകുന്ന ഇടുങ്ങിയ കപ്പൽ ചാലാണ് തെക്ക് ഭാഗത്ത് ഇന്ത്യയെയും ശ്രീലങ്കയേയും വേർതിരിക്കുന്നത്. ഇന്ത്യയുടെ മാനക രേഖാംശം $82^0$ 30 E ആണ്. ഇതനുസരിച്ച് ഇന്ത്യൻ സ്റ്റാന്റേർഡ് സമയം ഗ്രീനിച്ച് സമയത്തേക്കാൾ 5½ മണിക്കൂർ മുന്നിലാണ്.

### ഇന്ത്യ - പ്രധാന വിവരങ്ങൾ

| | | |
|---|---|---|
| വൻകര | - | എഷ്യ |
| അക്ഷാംശം | - | $8^0$ 04''N - $37^0$ 06''N |
| രേഖാംശം | - | $68^0$ 7''E - $97^0$ 25''E |
| ഭൂമി വിസ്തൃതി | - | 32,87,263 ച.കി.മി |
| തെക്കു-വടക്ക് ദൈർഘ്യം | - | 3214 കി.മി. |
| കിഴക്ക് - പടിഞ്ഞാറ് ദൈർഘ്യം | - | 2933 കി.മി. |
| കടർ തീരം | - | 7516 കി.മി |

*അതിരുകൾ :*

| | | |
|---|---|---|
| വടക്കുപടിഞ്ഞാറ് | - | അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ |
| വടക്ക് | - | ചൈന, നേപ്പാൾ, ഭൂട്ടാൻ |
| കിഴക്ക് | - | ബംഗ്ലാദേശ്, മ്യാൻമർ |
| ഉയർന്ന പ്രദേശം | - | കാഞ്ചൻ ജംഗ (8598 മീ) |
| താഴ്ന്ന പ്രദേശം | - | കുട്ടനാട് 2.2 മീ (Below Sea level) |


**ഭൂപ്രകൃതി**

ഭൂപ്രകൃതിയനുസരിച്ച് ഇന്ത്യയെ നാലായി തിരിക്കുന്നു. ഉത്തര പർവ്വതമേഖല, ഉത്തര മഹാസമതലം, ഉപദ്വീപീയ പീഠഭൂമി, തീരപ്രദേശം ഇവയോരോന്നും വിശദമായി മനസിലാക്കാം. ഇന്ത്യയുടെ ഭൗതിക ഭൂപടം നിരീക്ഷിക്കുക.

**1. ഉത്തര പർവ്വത മേഖല**

മധ്യേഷ്യയിലെ പാമീർ കെട്ടിൽ നിന്നും ആരംഭിച്ച് ഒട്ടേറെ പർവ്വത നിരകൾ സൃഷ്ടിച്ച് 2413 KM നീണ്ടു കിടക്കുന്ന ഹിമാലയ പർവ്വതം ഉൾപ്പെടുന്ന മേഖലയാണ് ഉത്തരപർവ്വത മേഖല, നാൽപതി

ലധികം കൊടുമുടികൾ ഈ മേഖലയിലിലുണ്ട്. ഉത്തരേന്ത്യൻ നദികളുടെ ഉദ്ഭവസ്ഥാനവും കൂടിയാണ് ഈ മേഖല. ഫ്ളോചാർട്ട് വിശകലനം ചെയ്യുക.




ധാരാളം സുഖവാസ കേന്ദ്രങ്ങളും മല നിരകളും ഈ പ്രദേശത്ത് ഉൾപ്പെടുന്നു. ഭൂപടം നോക്കി ഈ മഖലയുടെ സവിശേഷതകൾ കണ്ടെത്തുക. ഉത്തര പർവ്വതമേഖലയിലെ മണ്ണിനങ്ങളാണ് പർവ്വതമണ്ണ്, ചുവന്നമണ്ണ്, ലാറ്ററൈറ്റ് മണ്ണ് തുടങ്ങിയവ. ഇതിൽ പർവ്വതമണ്ണിൽ ബാർലി, ഗോതമ്പ്, ചോളം തേയില എന്നീ കൃഷികളും ചുവന്ന മണ്ണിൽ ആപ്പിൾ, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയും ലാറ്ററൈറ്റ് മണ്ണിൽ തേയിലയും പ്രധാനമായും കൃഷി ചെയ്തു വരുന്നു. ഇന്ത്യയുടെ കാലാവസ്ഥ, സംസ്കാരം, ജീവിതരീതി എന്നിവ രൂപപ്പെടുത്തുന്നതിൽ ഈ മേഖല നിർണായക പങ്ക് വഹിക്കുന്നു.

### 2. ഉത്തര മഹാസമതലം

ലോകത്തിലെ ഏറ്റവും വിസ്തൃതമായ എക്കൽ സമതലമായ ഉത്തര മഹാസമതലം ഉത്തര പർവ്വത മേഖലയ്ക്കും, ഉപദ്വീപീയ പീഠഭൂമിയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്നു. ഏകദേശം 3200 കി.മി. വടക്കു കിഴക്കു ദിശയിൽ വ്യാപിച്ചു കിടക്കുന്ന ഈ മേഖലയ്ക്ക് 150 മുതൽ 300 കി.മി വരെ വീതിയുള്ള ഭാഗങ്ങളുണ്ട്. ഹിമാലയൻ നദികൾ വഹിച്ചുകൊണ്ടു വന്ന എക്കൽ നിക്ഷേപമുള്ളതിനാൽ ഫലഭൂയിഷ്ടമായിത്തീർന്ന ഈ സമതലം ഇന്ത്യയുടെ പ്രധാന കാർഷിക മേഖലയും ആണ്.

സിന്ധു നദിയും പോഷകനദികളും വഴി എക്കൽ നിക്ഷേപിച്ച പഞ്ചാബ് - ഹരിയാന സമതലം, ലൂണി - സരസ്വതി നദികൾ വഴി ഒഴുകിവന്ന എക്കൽ നിക്ഷേപം രൂപപ്പെട്ട മരുസ്ഥലി ബാഗർ സമതലം, ഗംഗയും പോഷക നദികളും രൂപപ്പെടുത്തിയ ഗംഗാ സമതലവും ബ്രഹ്മപുത്രയും പോഷക നദികളും രൂപപ്പെടുത്തിയ ബ്രഹ്മപുത്ര താഴ്വരയും ഉൾപ്പെടുന്ന മേഖലയാണ് ഉത്തര മഹാസമതലം. പ്രധാന മണ്ണിനങ്ങൾ എക്കൽ മണ്ണും, മരുഭൂമി മണ്ണുമാണ്. ഈ മേഖലയിൽ നെല്ല്, കരിമ്പ്, ഗോതമ്പ്, പുകയില, എണ്ണക്കുരുക്കൾ, ബജ്റ എന്നിവ കൃഷി ചെയ്തു വരുന്നു. പ്രധാന നദികൾ രൂപപ്പെടുത്തിയ ഡൽറ്റകൾ ഈ മേഖലയിലാണ്. ലോകത്തിലെ ഏറ്റവും വലിയ ഡൽറ്റയായ 'സുന്ദരവനം' ബംഗാൾ ഉൾക്കടൽ തീരത്ത് ഗംഗാനദീമുഖത്താണ്.

### 3 ഉപദ്വീപീയ പീഠഭൂമി

ഉത്തര മഹാസമതലത്തിനും പൂർവ്വ - പശ്ചിമ ഘട്ടത്തിനും ഇടയിലാണ് ഈ ഭൂപ്രകൃതി വിഭാഗം സ്ഥിതിചെയ്യുന്നത്. 'ഗ്വാണ്ടാനാലാന്റ്' എന്ന പ്രാചീന വൻകരയിൽ നിന്ന് അടർന്നു മാറിയ ഈ ഭൂഭാഗം ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഏറ്റവും പഴക്കം ചെന്ന ഭാഗമാണ്. ധാരാളം മല നിരകളും താഴ്വരകളും പീഠഭൂമികളും ചേർന്ന ഈ ഭൂപ്രദേശത്തെ വിവിധ മേഖലകളായി തിരിച്ചിട്ടുണ്ട്. അവയേതെല്ലാമെന്ന് ഭൂപടം നോക്കി മനസിലാക്കുക.

**ഉപദ്വീപീയ പീഠഭൂമിയിലെ ഉപമേഖലകൾ**

ആരവല്ലി
പശ്ചിമ ഘട്ടം
പൂർവ്വ ഘട്ടം
വിന്ധ്യ മലനിര
സത്പുര മലനിര
ഡക്കാൻ പീഠഭൂമി
മാൾവാപീഠഭൂമി
ഛോട്ടാ നാഗ്പൂർ പീഠഭൂമി
കത്തിയവാർ പീഠഭൂമി
റാൻ ഓഫ് കച്ച്

**ഉപദ്വീപീയ പീഠഭൂമിയിലെ മണ്ണിനങ്ങളും കൃഷിയും**


കറുത്തമണ്ണ് പരുത്തി, ഗോതമ്പ്, ജോവർ, കരിമ്പ്
ചുവന്ന മണ്ണ് നെല്ല്, റാഗി, പുകയില, നിലക്കടല, ഉരുളക്കിഴങ്ങ് പച്ചക്കറികൾ
ചെങ്കൽ മണ്ണ് റബ്ബർ, തേയില, തെങ്ങ്, കവുങ്ങ്, കശുമാവ്

**ഉപദ്വീപിയ പീഠഭൂമിയുടെ മറ്റു സവിശേഷതകൾ:**

* വളരെയധികം പഴക്കുമുള്ള ഭൂവിഭാഗം
* ഇരുമ്പയിര് അടക്കം ധാരാളം ധാതുകളുടെ നിക്ഷേപം ഉണ്ട്.
* പർവ്വതങ്ങൾ, പീഠഭൂമികൾ, താഴ്വരകൾ തുടങ്ങിയ വൈവിധ്യമാർന്ന പ്രകൃതി
* 2695 മീറ്റർ ഉയരമുള്ള ആനമുടിയാണ് ഏറ്റവും ഉയരം കൂടിയ ഭാഗം
* മിക്ക നദികളും ഉത്ഭവിച്ച് കിഴക്കോട്ട് ഒഴുകി ബംഗാൾ ഉൾക്കടലിലെത്തുന്നു.
* വിലപിടിപ്പുള്ള വന വിഭവങ്ങൾ ലഭ്യമാകുന്നു.
* ഏറ്റവും വലിയ ഡക്കാൻ പീഠഭൂമി ഈ മേഖലയിലാണ്.
* ഏറ്റവും പഴക്കം ചെന്ന അവശിഷ്ട പർവ്വതങ്ങളിലൊന്നാണ് ആരവല്ലി.

**4. തീരപ്രദേശങ്ങളും ദ്വീപുകളും**

രണ്ടു തീര സമതലങ്ങളാണ് ഇന്ത്യയിലുള്ളത്. പശ്ചിമ തീരപ്രദേശവും പൂർവ്വ തീരപ്രദേശവും. തെക്ക് കന്യാകുമാരിയിൽ നിന്നും രണ്ടു ശാഖകളായി പടിഞ്ഞാറും കിഴക്കും തീരപ്രദേശത്തോടു ചേർന്ന് മേഖല വ്യാപിച്ചുകിടക്കുന്നു. ഗുജറാത്തിലെ റാൻ ഓഫ് കച്ച് വരേയും പശ്ചിമ ബംഗാളിലെ സുന്ദര വനം വരേയും നീളുന്ന ഈ ഭാഗത്തെ വിവിധ ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.



ചെങ്കൽ മണ്ണ്, ലാറ്ററൈറ്റ്, എക്കൽ മണ്ണ്, ചുവന്നമണ്ണ്, എന്നീ മണ്ണിനങ്ങളാണ് തീരപ്രദേശങ്ങളിൽ കണ്ടുവരുന്നത്. തേയില, കാപ്പി, റബ്ബർ, തെങ്ങ്, കമുക്, കശുമാവ് തുടങ്ങിയ കൃഷികളും ഈ മേഖല യിൽ ചെയ്തുവരുന്നു.

അറബിക്കടലിൽ സ്ഥിതി ചെയ്യുന്ന ലക്ഷദ്വീപും, ബംഗാൾ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്ന ആന്റമാൻ - നീക്കോബാർ ദ്വീപുകളുമാണ് പ്രധാന ദ്വീപുകൾ, ഇവ കൂടാതെ ചില ചെറിയ ദ്വീപുകളും ഇന്ത്യ യ്ക്കുണ്ട് (രാമേശ്വരം, ഗംഗാസാഗർ, നല്ലതണ്ണി......)

**ലക്ഷദ്വീപ് - ചില സവിശേഷതകൾ:**

* ചെറുതും വലുതമായ 36 ദ്വീപുകൾ, 11 എണ്ണത്തിൽ ജനവാസം
* പവിഴ പുറ്റുകളും ലഗൂണുകളും കാണപ്പെടുന്നു.
* കവരത്തിയാണ് ആസ്ഥാനം.
* വലിയ ദ്വീപ് ആന്ത്രോത്തും ചെറിയ ദ്വീപ് ബിത്രയും ആണ്.
* കേന്ദ്രഭരണ പ്രദേശം
* മലയാളത്തിനു പുറമേ മഹൽ, ജസരി എന്നീ ഭാഷകൾ സംസാരിക്കുന്നു.

**ആന്റമാൻ - നിക്കോബാർ ചില സവിശേഷതകൾ**

* ബംഗാൾ ഉൾക്കടലിൽ ചിതറിക്കിടക്കുന്ന 300-ൽ പരം ദ്വീപുകളുടെ കൂട്ടം.
* ഇന്ത്യയുടെ തെക്കേ അറ്റമായ **ഇന്ദിരാപോയിന്റ്** ഇവിടെയാണ്.
* തെക്കനേഷ്യയിലെ ഏക സജീവ അഗ്നിപർവ്വതമായ ബാരൻദ്വീപ്. നിർജീവമായ അഗ്നിപർവ്വതം നൽക്കോണ്ട എന്നിവ ഇവിടെയാണ്.
* കേന്ദ്രഭരണ പ്രദേശമായ ദ്വീപിന്റെ ആസ്ഥാനം പോർട്ട് ബ്ലെയർ ആണ്.
* മലയാളം, ബംഗാളി, ഹിന്ദി, തമിഴ് തെലുങ്ക്, നിക്കോബാരി തുടങ്ങിയ ഭാഷകൾ സംസാരിക്കുന്നു.
* 8249 $km^2$ വിസ്തീർണത്തിൽ നീണ്ടു കിടക്കുന്നു.

*ഇന്ത്യയുടെ ഭൂപ്രകൃതി ഭൂപടം, രാഷ്ട്രീയ ഭൂപടം, എന്നിവ നിരീക്ഷിച്ച് ഭൂപ്രകൃതി വിഭാഗങ്ങ ളുടെ സ്ഥാനം, സവിശേഷതകൾ എന്നിവ നിരീക്ഷിച്ച് ഔട്ട്ലൈൻ ഭൂപടത്തിൽ വരച്ച് നിറം നൽകുക.*

**ഇന്ത്യയിലെ നദികൾ - സവിശേഷതകൾ**

| | നദികൾ | ഉത്ഭവസ്ഥാനം | പതന സ്ഥലം | സവിശേഷതകൾ |
|---|---|---|---|---|
| 1 | സിന്ധു | ടിബറ്റിലെ മാന സരോവർ | അറബിക്കടൽ തടാകത്തിന് സമീപം | മഴ, മഞ്ഞ് എന്നിവയിൽ നിന്ന് ജലം ലഭിച്ച് വർഷം മുഴുവൻ ജല ലഭ്യതയുണ്ട്. |
| 2 | ഗംഗ | ഗംഗോത്രി ഹിമാനി | ബംഗാൾ ഉൾക്കടൽ | ഉൾനാടൻ ജലഗാതമാർഗം സാധ്യതയുണ്ട്. |
| 3 | ബ്രഹ്മപുത്ര | ടിബറ്റിലെ ചെമയുങ് ഹിമാനി | ബംഗാൾ ഉൾക്കടൽ | താഴ്വരകൾ, വെള്ളച്ചാട്ടങ്ങൾ |
| 4 | മഹാനദി | മാഹാരാഷ്ട്രയിലെ ഛത്തീസ്ഗഡി ലെ സിഹാവ പർവതം | ബംഗാൾ ഉൾക്കടൽ | ഒഴുക്ക് തീവ്രത കൂടുതൽ |

| | | | |
|---|---|---|---|
| 5 ഗോദാവരി | പശ്ചിമഘട്ടം, മഹാരാഷ്ട്രയിലെ മഹാബലേശ്വർ | ബംഗാൾ ഉൾക്കടൽ | വിസ്തൃതി കുറവ് |
| 6 കൃഷ്ണ | പശ്ചിമ ഘട്ടം | ബംഗാൾ ഉൾക്കടൽ | മഴയെ ആശ്രയിച്ച് ജല ലഭ്യത |
| 7 കാവേരി | പശ്ചിമ ഘട്ടം - ബ്രഹ്മഗിരി | ബംഗാൾ ഉൾക്കടൽ | ഗതാഗത സാധ്യതകുറവ് |
| 8 നർമ്മദ | മധ്യപ്രദേശിലെ മൈക്കലാ പീഠഭൂമി | അറബിക്കടൽ | ചെറിയ വെള്ളച്ചാട്ടങ്ങൾ താഴ്‌വരകൾ ഡെൽറ്റകൾ |
| 9 താപ്തി | മുൾത്തായ് പീഠഭൂമി | അറബിക്കടൽ | ഒഴുക്കിന്റെ തീവ്രതകുറവ് |

**ഇന്ത്യയിലെ പ്രധാന മണ്ണിനങ്ങളും അവയുടെ പ്രത്യേകതകളും**

പ്രകൃതി വിഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മണ്ണ്. സസ്യജന്തുജാലങ്ങളുടെ നില നിൽപ്പിന് മണ്ണ് അത്യന്താപേക്ഷിതമാണ്. ഭൂവൽക്ക ശിലകൾ, ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലം എന്നിവ യുടെ കാലങ്ങളായുള്ള പ്രവർത്തനങ്ങളിലൂടെയാണ് മണ്ണ് രൂപപ്പെടുന്നത്. നിറം, ഘടന, കാണപ്പെ ടുന്ന സ്ഥലം എന്നിവയടിസ്ഥാനത്തിൽ ഇന്ത്യയിൽ കാണപ്പെടുന്ന മണ്ണിനങ്ങളെ തരംതിരിച്ചുണ്ട്. പട്ടിക കാണുക.

| മണ്ണിനങ്ങൾ | സവിശേഷതകൾ |
|---|---|
| എക്കൽമണ്ണ് | • ഉയർന്ന ഫലപുഷ്ടി<br>• പുതുതായി രൂപംകൊള്ളുന്നതിനെ 'ഖാദർ' എന്നും പഴയ എക്കൽ മണ്ണിനെ 'ഭംഗർ' എന്നും അറിയപ്പെടുന്നു.<br>• നദീ തീരങ്ങളിലും ഡൽറ്റാ പ്രദേങ്ങളിലും കൂടുതലായി കാണപ്പെടുന്നു. |
| കറുത്ത മണ്ണ്<br>പുരത്തിമണ്ണ് | • കറുത്ത നിറം<br>• പരുത്തികൃഷിക്ക് ഉത്തമം<br>• റിഗർ എന്ന പേരിലും അറിയപ്പെടുന്നു.<br>• ലാവാശില പൊടിഞ്ഞ് രൂപം കൊള്ളുന്നു.<br>• ഫലപുഷ്ടിയും ഈർപ്പം സംഭരിച്ചുവയ്ക്കാനുള്ള കഴിവും കൂടുതലാണ്. |
| ചെമ്മണ്ണ് | • കായന്തരിക ശിലകളും ആഗ്നേയശിലകളും പൊടിഞ്ഞ് രൂപം കൊള്ളുന്നു.<br>• താരതമ്യേന ഫലപുഷ്ടി കുറവ്<br>• ഇരുമ്പിന്റെ അംശം ചുവപ്പ് നിറം നൽകുന്നു. |
| ചെങ്കൽ മണ്ണ്<br>(ലാറ്ററൈറ്റ്) | • ഫലപുഷ്ടി തീരെ കുറവ്<br>• മൺസൂൺ കാലാവസ്ഥാ മേഖലകളിൽ രൂപംകൊള്ളുന്നു.<br>• ചെളിയുടെയും ചുവന്ന മണൽക്കല്ലിന്റെയും മിശ്രിതം. |
| മരുഭൂമിമണ്ണ് | • ഈർപ്പത്തിന്റെ അംശം തീരെ കുറവ്<br>• ജലം ലഭ്യമായാൽ ഇവ കൂടുതൽ വിളവ് നൽകും.<br>• അലിയുന്ന ലവണങ്ങൾ കാണപ്പെടുന്നു. |
| പർവ്വതമണ്ണ് | • ജൈവാംശം ധാരാളമായി കാണപ്പെടുന്നു.<br>• ഇരുണ്ട തവിട്ടുനിറമോ, കറുത്തനിറമോ കാണപ്പെടുന്നു.<br>• താരതമ്യേന ഫലപുഷ്ടി കൂടുതൽ |

### ഇന്ത്യയിലെ കാലാവസ്ഥയും കൃഷിയും

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ കാലാവസ്ഥാ വൈവിധ്യം അനുഭവപ്പെടുന്നു. തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ പരിശോധിച്ചാൽ ധാരാളം മഴ ലഭിക്കുന്ന കേരളം, മരുപ്രദേശമായ രാജസ്ഥാൻ, മഞ്ഞു വീഴ്ചയനുവപ്പെടുന്ന കാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നി പ്രദേശങ്ങളിൽ വൈവിധ്യമാർന്ന കാലാവസ്ഥയാണ്. ഉഷ്ണമേഖല മൺസൂൺ കാലാവസ്ഥയാണ് ഇന്ത്യയുടേത്. അക്ഷാംശസ്ഥാനം, ഹിമാലയ പർവ്വതനിര, സമുദ്രസാമീപ്യം, ഉയരം, കാറ്റുകൾ, ഭൂപ്രകൃതി എന്നിവയനുസരിച്ച് കാലാവസ്ഥയിൽ വൈവിധ്യം അനുഭവപ്പെടുന്നു. ഇന്ത്യയിലെ ഋതുക്കളെ നാലായിതിരിക്കാം. ശൈത്യകാലം, ഉഷ്ണകാലം, തെക്കു പടിഞ്ഞാറൻ മൺസൂൺ കാലം, വടക്കുകിഴക്കൻ മൺസൂൺകാലം എന്നിവയാണ് അവ. ഇതിനനുസരിച്ച് കാർഷിക വിളകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വൈവിധ്യമാർന്ന വിളകളാണ് ഇന്ത്യയിൽ കൃഷി ചെയ്യുന്നത്. പട്ടിക പരിശോധിക്കുക.

| ഋതുക്കൾ | കാലഘട്ടം |
|---|---|
| ശൈത്യകാലം | ഡിസംബർ - ഫെബ്രുവരി |
| ഉഷ്ണകാലം | മാർച്ച് - മെയ് |
| തെക്ക് - പടിഞ്ഞാറൻ മൺസൂൺ | ജൂൺ - സെപ്തംബർ |
| വടക്ക് - കിഴക്കൻ മൺസൂൺ | ഒക്ടോബർ - നവംബർ |

| പേര് | വിളയിറക്കൽ കാലം | വിളവെടുപ്പുകാലം | പ്രധാനവിളകൾ |
|---|---|---|---|
| ഖാരിഫ് | ജൂൺ<br>(മൺസൂണിന്റെ ആരംഭം) | നവംബർ ആദ്യവാരം<br>(മൺസൂണിന്റെ അവസാനം) | നെല്ല്, ചോളം, പരുത്തി, തിനവിളകൾ,<br>ചണം, കരിമ്പ്, നിലക്കടല. |
| റാബി | നവംബർ മധ്യം<br>(ശൈത്യകാലാരംഭം) | മാർച്ച്<br>(വേനലിന്റെ ആരംഭം) | ഗോതമ്പ്, പുകയില<br>കടുക്, പയറുവർഗ്ഗങ്ങൾ, ലിൻസീഡ് |
| സൈദ് | മാർച്ച്<br>(വേനലിന്റെ ആരംഭം) | ജൂൺ<br>(മൺസൂണിന്റെ ആരംഭം) | പഴവർഗ്ഗങ്ങൾ<br>പച്ചക്കറികൾ, തണ്ണിമത്തൻ |


**ഇന്ത്യയിലെ കാർഷിക വിളകൾ**

- ധാന്യ വിളകൾ: നെല്ല്, ഗോതമ്പ്, ചോളം, ബജ്റ
- പയർ വിളകൾ: വൻപയർ, മുതിര, ഉഴുന്ന്, കടല, തുവര
- നാരു വിളകൾ: പരുത്തി, ചണം
- ധാന്യ വിളകൾ: കരിമ്പ്, റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ
- എണ്ണ ക്കുരുക്കൾ: നിലക്കടല, കടുക്, നാളികേരം, എള്ള്, ആവണക്ക്, ചണവിത്ത്
- പാനീയ വിളകൾ: തേയില, കാപ്പി, കൊക്കോ
- ധൂമ - ചർവ്വണ വിളകൾ: പുകയില, കമുക്

**ഇന്ത്യയിലെ വ്യവസായങ്ങൾ**

വ്യാവസായങ്ങളുടെ സ്ഥാന നിർണയത്തെ സ്വാധീനിക്കുന്ന ഘടങ്ങളാണ് താഴെ പറയുന്നവ

* അസംസ്കൃത വസ്തുക്കളുടെ ലഭ്യത
* കാലാവസ്ഥ
* ജല ലഭ്യത
* ഭൂപ്രകൃതി
* ഗതാഗത - വാർത്താ വിനിമയ സൗകര്യം
* മനുഷ്യവിഭവ ലഭ്യത
* ഊർജ്ജ വിഭവ ലഭ്യത




**നൈസർഗിക സസ്യജാലങ്ങൾ**

പരിസ്ഥിതിക്ക് യോജിച്ച രീതിയിൽ ഒരു പ്രദേശത്ത് ആവിർഭവിച്ച സസ്യജാലമാണ് നൈസർഗിക സസ്യജാലങ്ങൾ, ഭൂപ്രകൃതി, മണ്ണ്, മഴയുടെ അളവ്, ഊഷ്മാവ്, അന്തരീക്ഷം, ആർദ്രത എന്നിവയനുസരിച്ച് മാറ്റങ്ങൾ ഉണ്ടായിരിക്കും. അവയുടെ സവിശേഷതകൾക്കനുസരിച്ച് സസ്യജാലങ്ങളെ അഞ്ചായി തരം തിരിച്ചിരിക്കുന്നു. പട്ടികയിൽ അവയുടെ സ്ഥാനം, സവിശേഷതകൾ കാണുക.

| നൈസർഗിക സസ്യ ജാലങ്ങൾ | കാണപ്പെടുന്ന പ്രദേശങ്ങൾ |
|---|---|
| ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളും അർദ്ധ നിത്യ ഹരിതവനങ്ങളും | പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറ് ഭാഗം, വടക്ക് കിഴക്കൻ കുന്നിൻ പ്രദേശങ്ങൾ, ആന്റമാൻ നിക്കോബാർ ദ്വീപുകൾ |
| ഉഷ്ണ മേഖല ഇലപൊഴിയും മരങ്ങൾ<br>a) ഈർപ്പമുള്ള ഇലപൊഴിയും മരങ്ങൾ<br>b) വരണ്ട ഇലപൊഴിയും മരങ്ങൾ | വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഹിമാലയൻ താഴ്വരകൾ, പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചെരിവുകൾ, ഒറീസ ഉപദ്വീപീയ പീഠഭൂമി ഉത്തരപ്രദേശിന്റെ സമതലങ്ങൾ, ബീഹാർ |
| മുൾച്ചെടികളും കുറ്റിച്ചെടികളും | പഞ്ചാബിന്റെ തെക്കു പടിഞ്ഞാറ് ഹരിയാന, രാജസ്ഥാൻ, ഗുജറാത്ത്, മധ്യപ്രദേശ്, ഉത്തർപ്രദേശ്. |
| പർവ്വത വനങ്ങൾ | ഹിമാലയത്തിന്റെ വ്യത്യസ്ത ഉയരങ്ങളിൽ, പശ്ചിമഘട്ടം, വിന്ധ്യാപർവ്വത നിരകൾ, നീലഗിരി. |
| കടലോര ചതുപ്പു വനങ്ങൾ | വെള്ളം കെട്ടിനിൽക്കുന്ന കടലോര പ്രദേശങ്ങളിൽ, ബംഗാളിലെ സുന്ദർബൻ, ഒറീസ, രാജസ്ഥാൻ, ഡക്കാൻ പീഠഭൂമി, ഗുജറാത്തിന്റെ കിഴക്ക് ഗംഗാസമതലം, ബ്രഹ്മപുത്രാ പ്രളയസമതലങ്ങൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ |

**ഇന്ത്യയിലെ പ്രധാന ധാതുക്കൾ**

- ഒരു രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഭവങ്ങളിൽ ഒന്നായ ധാതുക്കൾ രാജ്യത്തിന്റെ സാമ്പത്തിക അഭിവൃദ്ധിയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.
- ഖര-ദ്രവ-വാതക അവസ്ഥകളിലാണ് ധാതുക്കൾ കാണപ്പെടുന്നത്.


| ലോഹധാതു | | |
|---|---|---|
| *ഇരുമ്പിന്റെ അംശം* | *ഇരുമ്പിന്റെ അംശമില്ലാത്തവ* | *അലോഹ ധാതുക്കൾ* |
| ഇരുമ്പയിര് | സ്വർണ്ണം | ചുണ്ണാമ്പുകല്ല് |
| മാംഗനീസ് | വെള്ളി | നൈട്രേറ്റ് |
| പൈറൈറ്റ് | ചെമ്പ് | ഡോളമൈറ്റ് |
| നിക്കൽ | ഈയം | അഭ്രം |
| ടങ്സ്റ്റൺ | ബോക്സൈറ്റ് | ജിപ്സം |
| കോബാൾട്ട് | ടിൻ | കൽക്കരി |
| | | പേട്രോളിയം |

**ഗതാഗത മാർഗ്ഗങ്ങൾ**

മനുഷ്യന്റെ സഞ്ചാരത്തിന് അവനോളം തന്നെ പഴക്കം ഉണ്ട്.

ഗതാഗത വാർത്താവിനിമയ സൗകര്യങ്ങളുടെ ആവിർഭാവം രാജ്യത്തിന്റെ നാനാഭാഗങ്ങളിലെ ജനങ്ങളെ തമ്മിൽ ഏറെ അടുപ്പിച്ചു. ഇത് സാംസ്കാരിക വിനിമയത്തിനും സർവ്വോപരി ദേശീയോദ്ഗ്രഥനത്തിനും സഹായകമായി.

**ഗതാഗത മാർഗ്ഗങ്ങൾ**




*5, 6, 7, 8 ക്ലാസുകളിൽ സാമൂഹ്യശാസ്ത്രം പാഠഭാഗങ്ങൾ പരിശോധിച്ച് ഇന്ത്യയുടെ ഭൂപ്രകൃതി, കാലാവസ്ഥ, കൃഷി, വ്യവസായങ്ങൾ, ധാതു വിഭവങ്ങൾ, ഗതാഗതം എന്നീ ആശയ മേഖലകളുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ആശയങ്ങൾ/ധാരണകൾ, മൂല്യങ്ങൾ/മനോഭാവങ്ങൾ എന്നിവ കണ്ടെത്തുക. സെമിനാർ നടത്തുക.*

**കേരളം - ഭൂപ്രകൃതി, കാലാവസ്ഥ, കൃഷി, ജനജീവിതം.**

ഇന്ത്യയുടെ ഭൂവിസ്തൃതിയിൽ 1.2% മാത്രം വലിപ്പമുള്ള കേരളം, ഇന്ത്യയിലെ ഏറ്റവും സുന്ദരവും വൈവിധ്യമാർന്ന ഭൂപ്രകൃതിയാൽ സമ്പന്നവുമായ പ്രദേശമാണ്. കിഴക്കുഭാഗത്ത് പശ്ചിമഘട്ട മലനിരകളാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വേറിട്ട് അറബിക്കടലിനോട് ചേർന്ന് പതിനാല് ജില്ലകളിലായി തെക്ക്- വടക്ക് നീളത്തിൽ വ്യാപിച്ചുകിടക്കുന്നു.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ കേരളത്തിന്റെ ഭൂപ്രകൃതിയെ വിഭജിച്ചിരിക്കുന്നു. പ്രൈമറി ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പുസ്തകത്തിൽ നിന്നും ബന്ധപ്പെട്ട പാഠഭാഗങ്ങൾ വിശകലനം ചെയ്ത് താഴെ പറയുന്ന പട്ടിക പൂർത്തിയാക്കുക.

| ഭൂപ്രകൃതി മേഖല | ഉൾപ്പെടുന്ന ജില്ല/മേഖല | പ്രധാന മണ്ണിനങ്ങൾ | വിളകൾ |
|---|---|---|---|
| മലനാട്<br>(7.5 മീറ്ററിൽ കൂടുതൽ ഉയരം) | | | |
| ഇടനാട്<br>(8- 7.5 മീറ്ററിൽ കൂടുതൽ ഉയരം) | | | |
| തീരപ്രദേശം<br>(8 മീറ്ററിൽ താഴെ ഉയരം) | | | |

സഹ്യപർവ്വതത്തോട് ചേർന്ന് കിഴക്കൻ മലനാടിലാണ് വയനാട്, ആനമല, നെല്ലിയാമ്പതി, പെരിയാർ, അഗസ്ത്യകൂടം തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്നത്. ഉഷ്ണമേഖലാ നിത്യഹരിത വനങ്ങളും ചോലവനങ്ങളും ഉൾപ്പെടുന്ന ഇവിടെ നിന്നാണ് കേരളത്തിലെ പ്രധാന നദികളെല്ലാം ഉത്ഭവിക്കുന്നത്. മലനാടിന് പടിഞ്ഞാറുഭാഗമാണ് അടിവാരമേഖല. നിത്യഹരിത വനങ്ങളാൽ സമ്പന്നമായ ഈ ഭാഗത്ത് ധാരാളം മഴ ലഭിക്കുന്നു. സൈലന്റ് വാലി നിത്യഹരിതവനമാണ്. പശ്ചിമ ഘട്ടത്തിലെ നെല്ലിയാമ്പതി മുതൽ വാളയാർ മല വരെയുള്ള 40 കിലോ മീറ്ററിലധികം വരുന്ന വിടവാണ് പാലക്കാട് ചുരം. മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട സ്വാഭാവിക റോഡു-റെയിൽ മാർഗം ഇതിലൂടെയാണ്. സമുദ്രനിരപ്പിൽ നിന്നും 10 മീറ്റർ ഉയരത്തിലുള്ള തീര സമതലം തെക്ക് - വടക്ക് വ്യാപിച്ചു കിടക്കുന്നു. ആലപ്പുഴയിലെ കുട്ടനാട് മേഖല സമുദ്രനിരപ്പിന് താഴെയാണ്. കാർഷികമേഖലയായ കുട്ടനാട്, പടിഞ്ഞാറൻ തീരസമതലത്തിന്റെ ഭാഗമാണ്. 44 നദികൾക്കു പുറമേ അനേകം തോടുകളും കായലുകളും, കേരളത്തിന് ജലസമൃദ്ധിയും ഉൾനാടൻ ജലഗതാഗത സൗകര്യവും നൽകുന്നു.

**കാലാവസ്ഥ:**

കേരളം മഴയുടെ നാടാണ്. മൺസൂൺ കാലമാണ് പ്രധാന മഴക്കാലം. പ്രതിവർഷം ശരാശരി 3017 മില്ലീമീറ്റർ മഴ ലഭിക്കുന്നു. ദേശീയ തലത്തിൽ ശരാശരി 1197 മില്ലി ലിറ്ററാണ്. 120-140 ദിവസങ്ങൾ കേരളത്തിൽ മഴ ലഭിക്കുന്നു. 5000 മി.മീറ്ററിലധികം മഴ ലഭിക്കുന്ന ഇടുക്കി ജില്ലയാണ് മുന്നിൽ. ഓരോ മഴക്കാലവും കേരളത്തിന് തീരാദുരിതങ്ങളും നൽകുന്നുണ്ട്. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയം നിരവധി നാശനഷ്ടങ്ങൾ വരുത്തിയാണ് അവസാനിച്ചത്.

| | | |
|---|---|---|
| *തെക്കുപടിഞ്ഞാറൻ മൺസൂൺ* | *ജൂൺ-സെപ്റ്റംബർ* | *കാലവർഷം (ഇടവപ്പാതി)* |
| *വടക്കു കിഴക്കൻ മൺസൂൺ* | *ഒക്ടോബർ-നവംബർ* | *തുലാവർഷം* |
| *തണുപ്പുകാലം* | *ഡിസംബർ-ഫെബ്രുവരി* | ................ |
| *വേനൽക്കാലം* | *മാർച്ച് - മെയ്* | .................. |

തണുപ്പുകാലത്ത് അതിശൈത്യം അനുഭവപ്പെടാറില്ലെങ്കിലും വേനൽക്കാലത്ത് $40^0$ ഡിഗ്രിയിലധികം ചൂട് ചില പ്രദേശങ്ങളിൽ അനുഭവപ്പെടുകയും ജലക്ഷാമം രൂക്ഷമാക്കുകയും ചെയ്യുന്നു. ഇടവപ്പാതി കാലത്താണ് പ്രധാനമായും മഴ ലഭിക്കുന്നത്.

**കൃഷിയും ജനജീവിതവും**

കേരളത്തിന്റെ മൊത്ത വരുമാനത്തിന്റെ 13% സംഭാവന ചെയ്യുന്നത് കൃഷിയാണ്. നെല്ലാണ് പ്രധാന കൃഷിയെങ്കിലും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്ന കാഴ്ചയാണ് നാം കാണുന്നത്. തെങ്ങാണ് അനേകം കുടുംബങ്ങൾ ആശ്രയിക്കുന്ന മറ്റൊരു കൃഷി. കൊക്കോ, കുരുമുളക്, റബ്ബർ, തേയില, കാപ്പി, ഏലം, ഇഞ്ചി, മരച്ചീനി, വാഴ, പച്ചക്കറികൾ, അടയ്ക്ക തുടങ്ങിയവയും കേരളത്തിന്റെ മുഖ്യ വിളകളാണ് ദീർഘകാല വിളകളും സീസണനുസരിച്ച് ഹ്രസ്വകാലവിളകളും ശൈത്യകാല വിളകളും കൃഷി ചെയ്തുവരുന്നു.


ഇവ കൂടാതെ മത്സ്യകൃഷി, പട്ടുനൂൽ കൃഷി, തേനീച്ച വളർത്തൽ, കാലി വളർത്തൽ തുടങ്ങിയവയും കേരളീയർ ഏർപ്പെട്ടിരിക്കുന്ന തൊഴിലുകളാണ്.

*കേരളത്തിന്റെ കാർഷിക മേഖലയിൽ അതിവേഗം മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഇതുമൂലം ഗുണമോ ദോഷമോ? ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുക.*

## ഭൂമിയും ജീവിലോകവും

### ഭൂമി – ആന്തരിക ഘടന

നാം അധിവസിക്കുന്ന ഭൂമിയുടെ ചലനങ്ങൾ, അക്ഷാംശം, രേഖാംശം, തുടങ്ങിയവയെക്കുറിച്ച് നിങ്ങൾ മനസിലാക്കിയല്ലോ. ഇനി നമുക്ക് ഭൂമിയുടെ ഉള്ളറ, ഉപരിതലത്തിലെ മാറ്റങ്ങൾ, അന്തരീക്ഷം തുടങ്ങിയവയെപ്പറ്റി കുറച്ചുകൂടി അറിയേണ്ടതുണ്ട്.




ഭൂമിയുടെ ഘടന, ഭൂമിയുടെ അന്തർഭാഗത്തും ഉപരിതലത്തിലുമായി നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയാണ് ഭൂവിജ്ഞാനീയം (Earth science). ശരാശരി 6370 KM വ്യാസാർദ്ധം ഉള്ള ഭൂമിയുടെ ഉള്ളിലേക്ക് കടന്നു ചെന്ന് അന്തർഭാഗത്തെക്കുറിച്ച് മനസിലാക്കുന്നത് അസാധ്യമാണ്. കാരണം 12 കിലോമീറ്റർ വരെ താഴ്ചയിലേക്ക് പോകാൻ മാത്രമേ ഇതുവരെ മനുഷ്യന് കഴിഞ്ഞിട്ടുള്ളു. ഭൂകമ്പ തരംഗങ്ങൾ, കാന്തികശക്തി, ഗുരുത്വാകർഷണം എന്നിവയെപ്പറ്റി വിശകലനം നടത്തി ലഭിക്കുന്ന സൂചകങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഭൂമിയുടെ അന്തർഭാഗത്തെപ്പറ്റി പഠനവിധേയമാക്കുന്നത്. ഭൂകമ്പ തരംഗങ്ങളുടെ ചലനം, ഖരം, ദ്രാവകം എന്നി മധ്യമങ്ങളിലൂടെയുള്ള ചലനങ്ങൾ എന്നിവ പഠന വിധേയമാക്കിയാണ് അന്തർഭാഗത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നത്. ഭൂമിയുടെ അന്തർഭാഗത്തു കൂടി സഞ്ചരിക്കുന്ന വിവിധ തരംഗങ്ങൾ ആന്തരിക പാളികളിലൂടെ സഞ്ചരിക്കുന്ന ദിശയും വേഗവും, പ്രതിഫലനവും രേഖപ്പെടുത്തിയാണ് ഇത്തരം ധാരണകളിലെത്തുന്നത്.

ഭൂമിയുടെ ഉള്ളറയെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

- ഭൂവൽക്കം
- മാന്റിൽ
- കാമ്പ്

| പാളി | ആഴം | ഉപവിഭാഗം | സവിശേഷതകൾ |
|---|---|---|---|
| ഭൂവൽക്കം | ശരാശരി 40. കി.മി | സിയാൽ | - ഭൂമിയുടെ ഉപരിതല താഴ്ചക്കനുസരിച്ച് ഘനം ഒരേ ആഴത്തിലല്ല.<br>- സമുദ്രഭാഗത്ത് ഘനം കുറവ് താഴ്ന്ന താപനില |
| | | സിമ | - വൻകരഭാഗത്ത് ഘനം കുടുതൽ പർവ്വത ഭാഗത്ത് ഏറ്റവും കൂടുതൽ ഘനം<br>- താപനില വർധിക്കുന്നു. |
| മാന്റിൽ | 40 മുതൽ 60 കി.മീ വരെ | ഉപരിമാന്റിൽ | - $200^0$C വരെ താപനില, ഭൂവൽക്കത്തിനടുത്ത് ഖരാവസ്ഥയിലാണ് |
| | 2900 കി.മീ വരെ | അധോമാന്റിൽ | - അർദ്ധദ്രവാവസ്ഥ $4000^0$C വരെ ഊഷ്മാവ് |
| കാമ്പ് (core) | 2900 - 4980 കി.മീ വരെ | പുറക്കാമ്പ് | - $5000^0$C വരെ ഊഷ്മാവ്<br>- NIFE എന്ന പേരിലും അറിയപ്പെടുന്നു |
| | 4980 - 6370 കി.മീ വരെ | അകകാമ്പ് | - അർദ്ധദ്രവാവസ്ഥ<br>- ഘനലോഹങ്ങളാൽ നിർമ്മിതം<br>- ഖരാവസ്ഥയിൽ കാണുന്നു.<br>- മർദ്ദം വളരെ കൂടുതൽ<br>- ഊഷ്മാവം കൂടുതൽ<br>- $7000^0$C വരെ ഊഷ്മാവ് |

ഭൂവൽക്കവും ഉപരിമാന്റിലും ചേർന്ന ഭാഗമാണ് ലിത്തോസ്ഫിയർ. ലിത്തോസ്ഫിയറിനടിയിൽ 80 മുതൽ 200 കി.മീ വരെ ആഴത്തിൽ സ്ഥിതിചെയ്യുന്ന ഭാഗമാണ് അസ്തനോഫിയർ. ലിത്തോസ്ഫിയർ വലതും ചെറുതുമായ നിരവധി ഫലകങ്ങളായാണ് സ്ഥിതിചെയ്യുന്നത്. ഈ ഫലകങ്ങൾ വൻകരകൾ മാത്രം ഉൾക്കൊള്ളുന്നവയും കടൽത്തറ മാത്രം ഉൾക്കൊള്ളുന്നവയും വൻകരയും കടൽതറയും ഉൾക്കൊള്ളുന്നവയുമയി മൂന്നുതരമുണ്ട്.

- ഭൂകമ്പത്തിന്റെ ഫലമായി ഭൗമോപരിതലത്തിൽ ഏതെല്ലാം പ്രശ്നങ്ങൾ ഉണ്ടാകുന്നു? വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയാറാക്കുക.
- അടുത്തകാലത്തുണ്ടായ സുനാമിത്തിരകളെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുക.

**അഗ്നിപർവ്വതങ്ങൾ**


ഭൂമിയുടെ ഉള്ളറയിൽ നടക്കുന്ന ടെക്ടോണിക്ക് ചലനങ്ങൾ അഥവാ അന്തർജന്യ ചലനങ്ങളാണ് ഭൂകമ്പങ്ങൾ, അഗ്നി പർവ്വതങ്ങൾ, മടക്കു പർവ്വതങ്ങൾ, ഭ്രംശ താഴ്വരകൾ തുടങ്ങിയ ഭൂരൂപങ്ങൾ ഭൗമോപരിതലത്തിൽ സൃഷ്ടിക്കുന്നതെന്ന് മനസിലാക്കിയല്ലോ. അഗ്നിപർവ്വതങ്ങൾ വൻതോതിൽ കൃഷി നാശം, പരിസ്ഥിതി മലിനീകരണം എന്നിവ സൃഷ്ടിക്കാറുണ്ടെങ്കിലും മനുഷ്യന് പ്രയോജനങ്ങളും നൽകുന്നുണ്ട്.

- ഭൂഗർഭ താപത്തിൽ നിന്നും വൈദ്യുതോൽപാദനം സാധിക്കുന്നു. (പ്യൂഗ - കാശ്മീർ, ബിയാസ് - ഹിമാലയ)
- ചൂടു നീരുറവകൾ ഔഷധമൂല്യമുള്ളവയാണ്; വിനോദ സഞ്ചാരത്തിനും സാധ്യതയേകുന്നു.

- മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നു.
- പലതരം ഖനിജങ്ങളും അയിരുകളും ലഭിക്കുന്നു.
- ഫോസ്ഫറസ്, പൊട്ടാസ്യം തുടങ്ങിയ ലവണങ്ങൾ കാർഷികോത്പാദനത്തിന് ലഭ്യമാക്കുന്നു.
- .....................

**ഭൂരൂപങ്ങൾ**

ആന്തരീക ശക്തികൾ സൃഷ്ടിക്കുന്ന ചില ഭുരൂപങ്ങൾ ചർച്ച ചെയ്തുവല്ലോ. ഇവ കൂടാതെ ഭൗമോപരിതലത്തിൽ വിവിധ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ബാഹ്യജന്യ ചലനങ്ങളും ഉണ്ട്. ഇവയാണ് മഴ, ഒഴുകുന്നജലം, മഞ്ഞ്, കാറ്റ് തുടങ്ങിയവ. ഇത്തരം ബാഹ്യശക്തികൾ സൃഷ്ടിക്കുന്ന ഭൂരൂപങ്ങളാണ് പർവ്വതങ്ങൾ, പീഠഭൂമികൾ, താഴ്വരകൾ, മരുഭൂമികൾ, തടാകങ്ങൾ, നദികൾ, മഞ്ഞുമലകൾ, ഗുഹകൾ തുടങ്ങിയവ. അനേകം വർഷങ്ങളുടെ പ്രക്രിയ വഴിയാണ് നാം ഇന്നു കാണുന്ന പല ഭൂരൂപങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അപക്ഷയം അപരദനം, നിക്ഷേപം, എന്നീ പ്രക്രിയകൾ വഴിയാണ് ഭൗമോപരിതലത്തിൽ വിവിധ ഭൂരൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.




ഉപരിതലം പലവിധ സമ്മർദ്ദങ്ങൾക്കും വിധേയമാകുന്നുണ്ട്. ഇതു മൂലം പർവ്വതങ്ങളും ഗർത്തങ്ങളും രൂപം കൊള്ളുന്നു. കനത്ത മണ്ണൊലിപ്പ് മൂലം പല രൂപങ്ങളും മാറ്റം വരുന്നു. കരപ്രദേശങ്ങൾ മാറുന്നതുപോലെ സമുദ്രത്തിന്റെ അടിത്തട്ടിലും അഗ്നിപർവ്വത ഫലമായി മലകളും താഴ്വരകളും സൃഷ്ടിക്കപ്പെടുന്നുണ്ട്.

ഉപരിതലം, മണ്ണൊലിപ്പിനും ശിലകളുടെ തേയ്മാനത്തിനും വിധേയമാകുന്നതിന്റെ ഫലമായി ഉണ്ടാകുന്ന അവശിഷ്ടങ്ങൾ കാറ്റ്, ഒഴുക്കു വെള്ളം, ഐസ് രൂപത്തിലുള്ള ജലം എന്നിവയുടെ പ്രവർത്തനത്താൽ നീക്കം ചെയ്യപ്പെട്ട് മറ്റൊരു സ്ഥലത്ത് നിക്ഷേപിക്കപ്പെട്ടാണ് സമതലങ്ങൾ പോലുള്ള ഭൂരൂപങ്ങൾ ഉണ്ടാകുന്നത്.

വ്യത്യസ്ത ഭൂരൂപങ്ങളെ ഇനി പരിചയപ്പെടാം.

**ഭൂരൂപങ്ങളുടെ രൂപീകരണം**

**പർവ്വതങ്ങൾ**

ആന്തരികമായി ഉയർന്ന താപനിലയിലാണെങ്കിലും ഭൂമിയുടെ ഉപരിതലം ശാന്തമാണ്. ഭൗമോപരിതലത്തിൽ മണ്ണൊലിപ്പു തുടങ്ങി പീഠഭൂമികളുടെ ഉത്ഭവം വരെ ധാരാളം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സമുദ്ര നിരപ്പിൽ നിന്നും 900 മീറ്ററിലധികം ഉയരുമുള്ള ഭൂരൂപങ്ങളാണ് പർവ്വതങ്ങൾ. മാഗ്മ അടിഞ്ഞുകൂടിയും ഭ്രംശനത്തിന്റെ ഫലമായും അപക്ഷയത്തിന്റെ ഫലമായുമെല്ലാം കാലാന്തരത്തിൽ പർവ്വതങ്ങൾ രൂപപ്പെടുന്നു. ഹിമാലയം ഫലകാതിരുകളിൽ ഉയർന്നു വന്ന മടക്കു പർവ്വതമാണ്.

**പീഠഭൂമികൾ**

ചുറ്റുമുള്ള പ്രദേശത്തേക്കാൾ ഉയരത്തിൽ കാണുന്ന വിശാലമായ പരന്ന പ്രദേശങ്ങളാണ് പീഠഭൂമികൾ. ഉയരം കുറഞ്ഞ് കുത്തനെയുള്ള ചരിവുള്ള പീഠഭൂമികളുണ്ട്. ടിബറ്റൻ പീഠഭൂമിക്ക് 5000 മിറ്ററിലധികം ഉയരമുണ്ട്. ഡക്കാൻ പീഠഭൂമി പല ഘട്ടങ്ങളിലായി ലാവ തണുത്തുറഞ്ഞുണ്ടായതാണ്. കേരളത്തിലെ പ്രധാന പീഠഭൂമികളാണ് വയനാട്, നെല്ലായമ്പതി, മൂന്നാർ എന്നിവ.

**സമതലങ്ങൾ**

അധികം കയറ്റിറക്കങ്ങളില്ലാത്ത, നിരപ്പായ, സമുദ്ര നിരപ്പിൽ നിന്നും അധികം ഉയരത്തിലല്ലാതെ കിടക്കുന്ന ഭൂപ്രദേശങ്ങളാണ് സമതലങ്ങൾ. ഉയർത്തപ്പെട്ട സമതലങ്ങളും അപരദന - നിക്ഷേപ പ്രക്രിയയിലൂടെ രൂപപ്പെട്ട സമതലങ്ങളും ഉണ്ട്.

*മറ്റു ഭൂരൂപങ്ങളെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു ആൽബം നിർമ്മിക്കുക.*

**ഭൂമിയുടെ അന്തരീക്ഷം**


ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നത് അന്തരീക്ഷമാണ്. ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന വാതക പാളിയാണ് അന്തരീക്ഷം. നൈട്രജൻ, ഓക്സിജൻ, കാർബൺ ഡയോക്സൈഡ് തുടങ്ങിയ വാതകങ്ങൾ, പൊടിപടലങ്ങൾ എന്നിവയാണ് അന്തരീക്ഷത്തിലെ പ്രധാന ഘടകങ്ങൾ. ഭൗമോപരിതലത്തിൽ നിന്നും 600 കി.മി. വരെ വായുമണ്ഡലം വ്യാപിച്ചു കിടക്കുന്നു. ഗുരുത്വാകർഷണ ബലം മൂലം ഭൂമിയോട് ചേർത്തു നിർത്തപ്പെടുന്ന അന്തരീക്ഷം വിവിധ പാളികളായാണ് കാണപ്പെടുന്നത്. ചിത്രവും പട്ടികയും നോക്കി അവയുടെ സവിശേഷതകൾ കണ്ടെത്തുക.

**അന്തരീക്ഷ സംരചന**

| | | |
|---|---|---|
| നൈട്രജൻ | – | 78% |
| ഓക്സിജൻ | – | 20.9% |
| ആർഗൺ | – | 0.9% |
| $CO_2$ | – | 0.03% |

$H_2$, Ne, Cr, He $O_3$, മീഥേൻ എന്നിവ ചെറിയ അളവിൽ അടങ്ങിയിരിക്കുന്നു.

ഇന്ധനങ്ങളുടെ ജ്വലനവും അഗ്നി പർവ്വതസ്ഫോടനങ്ങളും ചേർന്ന് അന്തരീക്ഷത്തിൽ ധാരാളം കാർബൺഡയോക്സൈഡ് എത്തിക്കുന്നു. കാർബൺഡയോക്സൈഡും പൊടിപടലങ്ങളും അന്തരീക്ഷത്തിലെ താപ കൈമാറ്റത്തിൽ മുഖ്യ പങ്കു വഹിക്കുന്നു. അന്തരീക്ഷത്തിന്റെ ഏറ്റവും ഉയർന്ന വിതാനം ഏകദേശം 30000 - 40000 കി.മീ വരെയാണ്. ഉയരമനുസരിച്ച് മർദ്ദം കുറഞ്ഞു കുറഞ്ഞുവരുന്നു. എന്നാൽ അന്തരീക്ഷ താപനില മുകളിലേക്ക് പോകുന്തോറും ആദ്യ കുറഞ്ഞും പിന്നെ കൂടിയും വീണ്ടും കുറഞ്ഞും കൂടിയും ക്രമമല്ലാതെ മാറിവരുന്നു. പട്ടിക നിരീക്ഷിക്കുക.




**അന്തരീക്ഷ ഘടന**

| അന്തരീക്ഷപാളി | വ്യാപ്തി | താപവ്യതിയാനം | പ്രയോജനം |
|---|---|---|---|
| 1. ട്രോപോസ്ഫിയർ (Troposphere) | ശരാശരി...... 13 കി.മീ വരെ | ഉയരം കൂടുമ്പോൾ താപം കുറയുന്നു | • ശ്വസനത്തിനുള്ള പ്രാണവായു ലഭിക്കുന്നു<br>• ഹരിതഗൃഹപ്രഭാവം<br>• മേഘം, മഴ, മഞ്ഞ് നീരാവി, കൊടുങ്കാറ്റ്, ഇടിമിന്നൽ, സാന്നിദ്ധ്യം |
| 2. സ്ട്രാറ്റോസ്ഫിയർ (stratosphere) | 15 കി. മീറ്റർ മുതൽ 50 കി.മീ വരെ | ഉയരം കൂടുമ്പോൾ താപം കൂടുന്നു | • ഓസോൺ സാന്നിദ്ധ്യം<br>• UV രശ്മികളെ ആഗിരണം ചെയ്ത് ഭൂമിയെ സംരക്ഷിക്കുന്നു.<br>• ജെറ്റ് വിമാനങ്ങൾക്ക് യാത്രക്ക് യോജിച്ചത്. |

| | | | |
|---|---|---|---|
| 3. മീസോസ്ഫിയർ (mesosphere) | 50 കി.മീ മുതൽ 80 കി.മീ വരെ | ഉയരം കൂടമ്പോൾ താപം കുറയുന്നു $90^0C$ വരെ. | • ഉൽക്കകൾ എരിഞ്ഞുതീരുന്നു. |
| 4. തെർമോസ്ഫിയർ (Thermosphere) | 100 മുതൽ 600 കി.മീ വരെ | ഉയരം കൂടുമ്പോൾ താപം കൂടുന്നു | • റേഡിയോപരിപാടികൾ പ്രതിഫലിപ്പിക്കുന്നു. • വിദൂര സംവേദന ഉപഗ്രഹങ്ങളുടെ സ്ഥാനം |
| 5. എക്സോസ്ഫിയർ (Exosphere) | 600-1000 കി.മീ വരെ | താപനില വൻ തോതിൽ കുറയുന്നു | • $O_2$, $N_2$ മാത്രം ശേഷിപ്പിച്ച് അന്തരീക്ഷ കണികകൾ ശൂന്യാകാശത്തേക്ക് നഷ്ടപ്പെടുന്നു. |

*അന്തരീക്ഷത്തിൽ ഓസോൺ പാളിയുടെ പ്രാധാന്യം, അവയുടെ ശോഷണം വഴിയുണ്ടാകുന്ന ദോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കുക. സെപ്റ്റംബർ 16 ന് ഓസോൺ ദിനം ആചരിക്കുന്നതിന്റെ പ്രാധാന്യം ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക.*

**അന്തരീക്ഷം ചൂടുപിടിക്കുന്ന വിവിധ രീതികൾ**

സൗരോർജം ഭൂമിയിലേക്ക് പതിക്കുമ്പോൾ അന്തരീക്ഷം നേരിട്ട് ചൂടാകുന്നില്ല. ഭൗമോപരിതലം സൗരോർജത്തെ ആഗിരണം ചെയ്ത് അന്തരീക്ഷത്തിലേക്കു തന്നെ പുനർവികിരണം ചെയ്യുന്നതിലൂടെ താഴെ വിതാനത്തിൽ നിന്നും മുകളിലേക്കാണ് ചൂടുപിടിക്കുന്നത്. അന്തരീക്ഷം ചൂടിപിക്കുന്ന വിവിധ രീതികൾ ഏതെല്ലാമെന്ന് നോക്കാം.

**1. സൗര വികിരണം (Solar Radiation)**

സൂര്യനിൽ നിന്നും നേരിട്ട് സൂര്യതാപം തരംഗരൂപത്തിൽ ഭൂമിയിലെത്തുന്ന പ്രക്രിയയാണിത്. സൗര വികിരണത്തിന് തരംഗദൈർഘ്യം കുറവാണ്. ചെറിയ തോതിൽ മാത്രമേ താപ കൈമാറ്റം നടക്കുന്നുള്ളൂ.

**2. സംനയനം (Conduction)**

വായുതന്മാത്രകളുടെ പ്രവർത്തനഫലമായി താപംകൈമാറ്റം ചെയ്യപ്പെടുന്ന രീതിയാണിത്. അന്തരീക്ഷത്തിലെ താഴ്ന്ന വിതാനത്തിൽ നിന്ന് വായു ചൂടുപിടിച്ച് സമ്പർക്കമുള്ള ഭാഗങ്ങളിൽ താപകൈമാറ്റം നടക്കുന്നു.

**3. സംവഹനം (Convection)**

അന്തരീക്ഷ വായു ചൂടുപിടിച്ച് ചൂടുകൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയ. വായു ചൂടുപിടിച്ച് മേലോട്ട് ഉയർന്ന് താഴ്ന്ന വിതാനത്തു നിന്നും ഉയർന്ന പാളികളിലേക്ക് താപ കൈമാറ്റം നടക്കുന്ന പ്രക്രിയാണ് സംവഹനം.

**4. അഭിവഹനം (Advection)**

ഒരു പ്രദേശത്തു വീശുന്ന കാറ്റിന്റെ ചൂടനുസരിച്ച് താപ കൈമാറ്റം നടക്കുന്നു. തിരശ്ചീന തലത്തിലുള്ള വായുപ്രവാഹം മൂലം അന്തരീക്ഷത്തിൽ ചൂടാകലോ തണുക്കലോ നടക്കുന്ന രീതിയാണിത്.

**5. ഭൗമ വികിരണം (Terrestrial Radiation)**

ഭൗമോപരിതലം ആഗിരണം ചെയ്യുന്ന സൗരോർജം മുഴുവനും ദീർഘതരംഗ രൂപത്തിൽ അന്തരീക്ഷത്തിലേക്കു തന്നെ തിരിച്ചു പ്രതിഫലിക്കുന്നു. ഈ ഘട്ടത്തിൽ അന്തരീക്ഷത്തിലെ വിവിധ ഘടകങ്ങൾ പുനർ വികിരണത്തിലൂടെ താപം ആഗിരണം ചെയ്യുന്നതുവഴി അന്തരീക്ഷം ചൂടാകുന്നു. അന്ത


രീക്ഷം പ്രധാനമായും ചൂടുപിടിക്കുന്നത് ഈ രീതിയിലാണ്. ഭൗമോപരിതലത്തിൽ താപം എല്ലായിടത്തും ഒരു പോലെയല്ല. ഭൂമിയെ താപത്തിന്റെ അടിസ്ഥാനത്തിൽ 3 താപീയ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ചിത്രം നിരീക്ഷിക്കൂ....




1. ഉഷ്ണ മേഖല
2. മിതോഷ്ണ മേഖല,
3. ശൈത്യമേഖല എന്നിവയാണവ. ഭൂമധ്യരേഖയിൽ നിന്നും ധ്രുവങ്ങളിലേക്ക് പോകുന്തോറും ക്രമമായി താപനിലകുറയുന്നു.

**അന്തരീക്ഷത്തിലെ താപ ബഡ്ജറ്റ്**

ഭൂമിയിൽ പതിക്കുന്ന ശരാശരി ഊഷ്മാവ് ഏറെക്കുറെ സ്ഥിരമായിരിക്കും. ഭൂമിയിൽ എത്തിച്ചേരുന്ന സൗരവികിരണത്തിന്റെയും അന്തരീക്ഷ ത്തിലേക്ക് തിരിച്ചുപോകുന്ന ഭൗമ വികരിണത്തിന്റെയും അളവ് തുല്യമായതിനാൽ ആണ് ഇത് സാധ്യമാകുന്നത്. താപ ബഡ്ജറ്റ് ഡയഗ്രം നിരീക്ഷിക്കുക. 51% സൗര വികിരണം ഭൂമിയുടെ ഉപരിതലം ആഗിരണം ചെയ്യുന്നു. ഇതുവഴി ചൂടായ ഭൗമോപരിതലം പ്രതിഫലിപ്പിക്കുന്ന താപം ദീർഘതരംഗ രൂപത്തിൽ തിരിച്ച് അന്തരീക്ഷത്തിൽ എത്തുന്നത് അന്തരീക്ഷത്തിലെ കാർബൺമോണോക്സൈ ഡും ജല ബാഷ്പവും ആഗിരണം ചെയ്യുന്നു. അന്തരീക്ഷം ചൂടാവുന്നു. അന്തരീക്ഷ താപനിലയിലുണ്ടാകുന്ന മാറ്റങ്ങൾ വായുവിന്റെ ചലനങ്ങൾക്ക് കാരണമാകുന്നു.





**അന്തരീക്ഷ ചലനങ്ങൾ**

ഭൂമധ്യരേഖാ പ്രദേശങ്ങളിൽ പകൽ ദൈർഘ്യം കൂടുതൽ ആയതിനാൽ അന്തരീക്ഷം ചുടാവുകയും ചൂടായ വായു ഉയർന്ന് നിശ്ചിത ഉയരത്തിലെത്തുമ്പോൾ തണുക്കുന്നതിന്റെ ഫലമായി ഇരുവശത്തുമുള്ള ധ്രുവങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്നു. എന്നാൽ ധ്രുവപ്രദേശം സൂര്യപ്രകാശം ചരിഞ്ഞ് പതിക്കുന്നതിനാൽ കുറഞ്ഞ താപനിലയിൽ ആയിരിക്കും. ഉയർന്നു പൊങ്ങിയ വായു തണുത്ത് സാന്ദ്രതകൂടി താഴേക്ക് വരികയും ഉപരിതലത്തിലൂടെ വീണ്ടും ഭുമധ്യരേഖയിലേക്ക് പ്രവഹിക്കുകയും ചെയ്യുന്ന ഒരു ചലന വ്യവസ്ഥയാണ് അന്തരീക്ഷ വായുവിനുള്ളത്. ഭൂമിയുടെ ഭ്രമണം മൂലവും വിവിധ ഭാഗങ്ങളിലെ മർദ്ദവ്യത്യാസം മൂലവും വായുവിന്റെ ചലനത്തിന് ദിശാമാറ്റങ്ങൾ ഉണ്ടാകുന്നു. ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന വായു സഞ്ചയത്തിന്റെ ഭാരമാണ് അന്തരീക്ഷ മർദ്ദം. ഒരു നിശ്ചിത സ്ഥലത്ത് നിശ്ചിത സമയത്ത് അനുഭവപ്പെടുന്നവായുവിന്റെ ഭാരമാണ് അന്തരീക്ഷമർദ്ദം. ബാരോമീറ്റർ ഉപയോഗിച്ച് മില്ലിബാർ എന്നീ യൂണിറ്റിലാണ് അന്തരീക്ഷ മർദ്ദം അളക്കുന്നത്. ഒരേ അന്തരീക്ഷ മർദ്ദം അനുഭവപ്പെടുന്ന സ്ഥലങ്ങളെ തമ്മിൽ ചേർത്തു വരയ്ക്കുന്ന സാങ്കൽപിക രേഖകളാണ് സമ്മർദ്ദരേഖകൾ (Isobars)

**അന്തരീക്ഷ മർദ്ദത്തിൽ ഏറ്റകുറച്ചിൽ ഉണ്ടാക്കുന്ന ഘടകങ്ങൾ**

- അന്തരീക്ഷ ഊഷ്മാവ്
- സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം
- അന്തരീക്ഷത്തിലെ നീരാവിയുടെ അളവ്

- ഭൂമിയുടെ ഭ്രമണം



*Major Pressure Belts and Wind System*

തുടങ്ങിയവ അന്തരീക്ഷ മർദ്ദത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാക്കുന്ന ഘടകങ്ങളാണ്. മർദ്ദം കൂടിയ പ്രദേശത്തുനിന്നും മർദ്ദം കുറഞ്ഞ പ്രദേശത്തേയ്ക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ, ലംബദിശയിലുള്ള വായുവിന്റെ ചലനമാണ് വായുപ്രവാഹം. ചിത്രം നിരീക്ഷിച്ച് ആഗോളവാതങ്ങൾ ഏതെല്ലാം എന്ന് കണ്ടെത്തുക.

**കുറിപ്പ് തയ്യാറാക്കുക**

- ദിനാവസ്ഥയും കാലാവസ്ഥയും
- കാലിക വാതങ്ങൾ
- മൺസൂൺ
- കടൽകാറ്റ്, കരക്കാറ്റ്,
- ആഗോളതാപനം

**പ്രകൃതി ദുരന്തങ്ങൾ**

അന്തരീക്ഷ ഘടന, സംരചന, മർദ്ദ മേഖലകൾ, കാറ്റുകൾ, താപന പ്രക്രിയകൾ തുടങ്ങിയവ മനസിലാക്കിയല്ലോ. ഇവയുടെ എല്ലാം സ്വാധീനത്താൽ അന്തരീക്ഷത്തിൽ നിരവധി പ്രതിഭാസങ്ങൾ നടക്കുന്നുണ്ട്. അന്തരീക്ഷത്തിലുണ്ടാകുന്ന വായുപ്രവാഹങ്ങളും മാർദ്ദവ്യതിയാനങ്ങളും പ്രളയം, വരൾച്ച, അന്തരീക്ഷ താപനം, അതിശൈത്യം, തുടങ്ങിയ നിരവധി പ്രകൃതി ദുരന്തങ്ങൾക്കും അതുമൂലം ഉരുൾപൊട്ടൽ, അന്തരീക്ഷചുഴി, കടൽക്ഷോഭം, കൊടുങ്കാറ്റ്, തടുങ്ങിയവയ്ക്കും കാരണമാകുന്നു. അയിൽ ചിലത് പരിശോധിക്കാം. ചൂടായ അന്തരീക്ഷവായു മുകളിലേക്ക് ഉയരുന്ന സംവഹന പ്രവാഹം മൂലം താപ നിലയിലും മർദ്ദത്തിലും വ്യത്യാസമുണ്ടാകുന്നു. ഈ പ്രതിഭാസം മേഘങ്ങളുടെ രൂപീകരണത്തിനും ചുഴലികാറ്റ് രൂപീകരണത്തിനും കാരണമാകുന്നു. കരയും കടലും ഉൾപ്പെടുന്ന ഭാഗങ്ങൾ വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്ത രീതിയിലാണ് ചൂടാകുന്നതെന്ന് കണ്ടല്ലോ. ചുഴലിക്കാറ്റ് രൂപപ്പെട്ടപ്പോൾ വർത്തുളഭാഗങ്ങളിൽ വായു അതിന്റെ കേന്ദ്രഭാഗത്തേക്ക് പ്രവഹിക്കുന്നതിനാൽ വളരെ കൂടിയ വിസ്താരത്തിൽ ചുഴലിക്കാറ്റടിക്കാനും മഴയുണ്ടാവാനും സാധ്യതയുണ്ട്. കടലിൽ രൂപംകൊള്ളുന്ന ശക്തമായ കാറ്റുകൾ കരിയിലെത്തുമ്പോൾ അവയുടെ ഗതി തടസ്സപ്പെടുന്നതിനാൽ വൻ നാശങ്ങൾക്ക് വഴിയൊരുക്കുന്നു. ബംഗാൾ ഉൾക്കടലിലും അറബിക്കടലിലും ന്യൂനമർദ്ദം രൂപം കൊള്ളുന്നതു മൂലം സ്ഥിരമായി ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. കേരളത്തിൽ വീശിയടിച്ച 'ഓഖി' ഇതിനുദാഹരണമാണ്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയമഴ മറ്റൊരു ദുരന്തമാണ് കേരളത്തിന് നൽകിയത്. കേരളത്തിന്റെ ചരിത്രത്തിൽ ധാരാളം സ്ഥലത്ത് ഉരുൾപ്പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്.

- ബംഗാൾ ഉൾക്കടലിൽ കിഴക്കൻ തീരദേശങ്ങളിലും അറബിക്കടലിൽ പടിഞ്ഞാറൻ തീരങ്ങളിലും ചുഴലിക്കാറ്റാടിച്ചുണ്ടായ ദുരന്തങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക. 'കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.
- 'പ്രളയക്കെടുതികളും അതിജീവനവും' ഡിജിറ്റൽ ആൽബം തയാറാക്കുക.
- ചുഴലിക്കാറ്റുകൾക്ക് പേരിടൽ – ഇന്ന് അന്താരാഷ്ട്രതലത്തിൽ തന്നെ മാർഗ നിർദേശങ്ങൾ നിലവിലുണ്ട്. അടുത്ത കാലത്തുണ്ടായ ചുഴലിക്കാറ്റുകളുടെ പേരുകൾ ശേഖരിച്ച് അവക്ക് പേരിടുന്ന രീതിയും രാജ്യബന്ധവും കണ്ടെത്തി കുറിപ്പു തയാറാക്കുക.

അന്തരീക്ഷ ചുഴിയിൽപ്പെട്ട് വിമാന ദുരന്തങ്ങൾ ഉണ്ടാകുന്നത് അടുത്തകാലത്തുണ്ടാകുന്ന പ്രധാന സംഭവങ്ങളാണ്. അന്തരീക്ഷ വായുവിന്റെ ലംബ തലത്തിലുള്ള പ്രവാഹം വിമാന യാത്രക്ക് പല പ്പോഴും തടസ്സങ്ങൾ ഉണ്ടാക്കുകയും അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നുണ്ട്. വായു പ്രവാ ഹങ്ങളിൽപ്പെടുന്ന വിമാനങ്ങൾക്ക് ഭയങ്കര കുലുക്കം അനുഭവപ്പെടുന്നു. മോശം കാലവാസ്ഥയിൽ വ്യോമഗതാഗതം നിർത്തി വക്കാറുണ്ട്.

**ഭൂകമ്പങ്ങൾ, അഗ്നി പർവ്വതങ്ങൾ**

എക്കാലത്തും ഓർമ്മപ്പെടുത്തുന്ന ദുരന്തങ്ങളിൽ ഒന്നാണ് 2004 ഡിസംബർ 26 നുണ്ടായ സുനാമി ദുര ന്തം. സുമാത്ര ദ്വീപുകളിലുണ്ടായ ഭുകമ്പം വളരെ അകലയുള്ള ഇന്ത്യൻ തീരത്തുവരെ ആഞ്ഞടിച്ച ഭീമൻ തിരമാല, വൻനാശം വിതച്ചാണ് അടങ്ങിയത്. കടലിനടിയിലുണ്ടായ ഭൂകമ്പങ്ങളാണ് ഇത്തരം ദുരന്തങ്ങൾക്ക് കാരണമാകുന്നത്. ഭൂകമ്പത്തിന്റെ ഫലമായി ഭൂതലം കുലുങ്ങി കെട്ടിടങ്ങൾ തകർന്നും ഉരുൾ പൊട്ടിയും വൻ നാശം ഉണ്ടാവാറുണ്ട്. കേരളവും ഇതിന് സാധ്യതയേറിയമേഖലയാണ്. ഇതു പോലെ ലോകത്തിന്റെ പലഭാഗങ്ങളിലും ജന ജീവിതം തടസ്സപ്പെടുത്തുന്ന പ്രകൃതി ദുരന്തങ്ങൾ നട ന്നുകൊണ്ടിരിക്കുന്നു. ഭൂമിയുടെ അന്തർഭാഗത്തുണ്ടാകുന്ന ഫലക ചലനങ്ങളാണ് ഇത്തരം പ്രതിഭാ സങ്ങൾക്ക് കാരണമാകുന്നത്. അഗ്നി പർവ്വത സ്ഫോടനങ്ങളും അടുത്തകാലത്ത് പലസ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ട്.

"പ്രകൃതി ദുരന്തങ്ങളിൽ നിന്നും അതിജീവിക്കാം." വിവിധ പ്രകൃതി ദുരന്തങ്ങൾ ഏതെല്ലാം എന്ന് പട്ടികപ്പെടുത്തുക. ഓരോന്നിൽ നിന്നും രക്ഷപ്പെടുന്നതിനും അതിജീവിക്കാനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്ത്? എങ്ങനെ? എന്നതിനെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖ രിക്കുക. ചർച്ച സംഘടിപ്പിക്കുക.

5, 6, 7, 8 ക്ലാസ്സുകളിലെ ഭുമി ശാസ്ത്ര പാഠഭാഗങ്ങൾ വിശകലനം ചെയ്ത് പഠനനേട്ടങ്ങൾ, പ്രധാനാശയങ്ങൾ, ബോധന തന്ത്രങ്ങൾ പഠനോപകരണങ്ങൾ എന്നിവ പട്ടികപ്പെടുത്തുക.

**ഭാഗം 2 – ഭൂമിശാസ്ത്രം – ഭാഗത്തിലൂടെ ചർച്ച ചെയ്ത ആശയങ്ങൾ**

1. ഭൂമിശാസ്ത്രപഠന ശാഖകൾ, പഠന ഉപാധികൾ
2. കേരളം – ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, കൃഷി, സസ്യജാലം, പ്രകൃതി വിഭവങ്ങൾ, ഊർജവിഭവങ്ങൾ, വിഭവ സംരക്ഷണം.
3. ഇന്ത്യ – ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, കൃഷി, സസ്യജാലം, പ്രകൃതി വിഭവങ്ങൾ, ഊർജ വിഭവങ്ങൾ, വിഭവ സംരക്ഷണം.
4. ഭൂമിയും ജീവലോകവും – ശിലാമണ്ഡലം, ജലമണ്ഡലം, ജൈവമണ്ഡലം, ഭൂമി ആന്തരികഘടന, അന്തരീക്ഷം, കാലാവസ്ഥാ മേഖലകൾ, താപീയ മേഖലകൾ.

***റഫറൻസ്***


1. ഒരേയൊരു ഭൂമി, KSSP
2. കൃഷിപാഠം – R ഹേലി.
3. SALT അധ്യാപക പഠനസഹായി, DIET Palakkad
4. Teacher Text - Std. 5, 6, 7, (S.S)
5. ലോകരാഷ്ട്രങ്ങൾ DCB Vol.1
6. സർവ്വവിജ്ഞാന കോശം – കേരള ഗവൺമെന്റ് Vol. 3
7. ഇന്ത്യാചരിത്രം – എ. ശ്രീധരമേനോൻ
8. കേരള ചരിത്രം – എ. ശ്രീധരമേനോൻ
9. കേരള ചരിത്രം – കേരള ഹിസ്റ്ററി അസോസിയേഷൻ
10. കേരളീയ നവോത്ഥാനം – ഡോ. പി.എഫ്.ഗോപകുമാർ

## ഭാഗം 3 – സാമ്പത്തിക ശാസ്ത്രം

സാധനങ്ങളുടേയും സേവനങ്ങളുടേയും ഉത്പാദനവും വിതരണവും ഉപഭോഗവും ചർച്ച ചെയ്യുന്ന ശാസ്ത്ര ശാഖയാണ് സാമ്പത്തികശാസ്ത്രം. 1776 – ൽ പ്രസിദ്ധീകരിച്ച 'An Inquiry into the Nature and courses of the wealth of Nations' എന്ന കൃതിയിലൂടെയാണ് ഈ ശാസ്ത്രം വളർന്നത്. തുടർന്ന് ഓരോ കാലഘട്ടത്തിലും സാമ്പത്തിക ശാസ്ത്രത്തെ കുറിച്ചുള്ള കാഴ്ചപ്പാട് വ്യത്യാസപ്പെട്ടുവന്നതിനാൽ അതിന്റെ നിർവചനത്തിലും വ്യത്യാസം കാണാം.

ധനത്തെ അടിസ്ഥാനമാക്കിയുള്ള നിർവചനം

ക്ഷേമത്തെ അടിസ്ഥാനമാക്കിയുള്ള നിർവചനം

ദൗർലഭ്യതയെ അടിസ്ഥാനമാക്കിയുള്ള നിർവചനം

ആഡംസ്മിത്ത്, ആൽഫ്രഡ് മാർഷൻ, ലിയോണൽ റോബിൻസൺ തുടങ്ങിയവരുടെ നിർവ്വചനങ്ങൾ നോക്കൂ.

1. Economics is the Science of Wealth - Adam Smith - (1776)
2. Economics is the study of making in the ordinary business of Life - (Alfred marshel (1880)
3. Economics is the science which studies human behaviours as a relation between ends and scarce means which have alternative uses - Lionel Robbinsons (1931)

- *നിർവ്വചനത്തിൽ വന്ന മാറ്റങ്ങൾ ചർച്ച ചെയ്ത് നിങ്ങളുടേതായ ഒരു നിർവ്വചനം തയ്യാറാക്കുക.*

സാമ്പത്തിക ശാസ്ത്രപഠനത്തിലൂടെ സാധാരണക്കാർക്ക് സർക്കാരിന്റെ നയരേഖകൾ മനസിലാക്കാൻ കഴിയുന്നു. ആവശ്യങ്ങൾ അനവധിയും വിഭവങ്ങൾ പരിമിതവും ആകുമ്പോൾ ലഭ്യമായ വിഭവങ്ങൾകൊണ്ട് എങ്ങനെ ആവശ്യങ്ങൾ നിറവേറ്റാം എന്നു ധാരണ ലഭിക്കുകയും ചെയ്യുന്നു. സാമൂഹ്യ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം സാമ്പത്തിക പ്രശ്നമായതുകൊണ്ട് സാമ്പത്തിക ശാസ്ത്രത്തിലുള്ള അറിവ് സാമൂഹ്യ – രാഷ്ട്രീയ പ്രവർത്തകർക്ക് പ്രശ്ന പരിഹാരത്തിനും സാമ്പത്തിക നയരൂപീകരണത്തിനും സഹായകമാകുന്നു.

**അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ**

മനുഷ്യന്റെ ആവശ്യങ്ങൾ അനന്തമാണ്. ഒരു ആവശ്യം പൂർത്തീകരിക്കുമ്പോൾ അടുത്ത ആവശ്യം വന്നുചേരും. ഇതൊരു ആഗോള പ്രതിഭാസമാണ്. ഇത് വ്യക്തികൾക്ക് മാത്രമല്ല, സമൂഹത്തിന്റേയും രാജ്യത്തിന്റെയും കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. വിഭവങ്ങൾ ദുർലഭമാകുകയും ആവശ്യങ്ങൾ അധികമാകുകയും ചെയ്യുമ്പോൾ മുൻഗണനാക്രമം നിശ്ചയിക്കണം. ഇതെല്ലാം അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. എന്തെല്ലാം ചിന്തിക്കേണ്ടിവരും?

- എന്ത് ഉല്പാദിപ്പിക്കണം?
- എങ്ങനെ ഉല്പാദിപ്പിക്കണം?
- ആർക്കുവേണ്ടി ഉല്പാദിപ്പിക്കണം?

എന്ന അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

### സാമ്പത്തിക പ്രവർത്തനങ്ങൾ

നമുക്കു ചുറ്റും നിരവധി സമ്പത്തുല്പാദന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ചിലത് പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്. ചിലത് വ്യവസായിക പ്രവർത്തനങ്ങളിലൂടെ പുതിയ ഉല്പന്ന

ങ്ങൾ ഉണ്ടാക്കുന്നതാണ്. ചിലത് സേവന പ്രവർത്തനങ്ങൾ നടത്തി സമ്പത്തുല്പാദിപ്പിക്കുന്നവയാണ്. ഇവയെ യഥാക്രമം പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിക്കാവുന്നതാണ്. നിങ്ങളുടെ ചുറ്റുപാടിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി നിർവ്വചനം പൂർത്തിയാക്കുക.

പ്രാഥമിക മേഖല : ........................................

ദ്വിതീയ മേഖല : ............................................

തൃതീയ മേഖല : ....................................

സാമ്പത്തിക പ്രവർത്തനങ്ങളെ തരം തിരിച്ചല്ലോ. എന്താണ് ഉല്പാദന പ്രക്രിയ? മനുഷ്യന് സംതൃപ്തകരമായ ജീവിതം നയിക്കുന്നതിന് നിരവധി സാധനങ്ങളും സേവനങ്ങളും ആവശ്യമാണ്. ഇവ നിർമ്മിക്കുന്ന പ്രവർത്തനങ്ങളാണ് ഉല്പാദന പ്രക്രിയ. ഇവയിൽ സങ്കീർണമായ പങ്ക് വഹിക്കുന്ന ഘടകങ്ങളെ ഉല്പാദന ഘടകങ്ങൾ എന്നു വിളിക്കുന്നു. ലോകത്തിലെ സമ്പദ് വ്യവസ്ഥ നിർണയിക്കുന്നത് ഉല്പാദന ബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഉല്പാദന ഘടകങ്ങൾ കൂടിച്ചേരുമ്പോഴാണ് ഉല്പാദനം നടക്കുക. ഏതെല്ലാമാണ് ഉല്പാദന ഘടകങ്ങൾ? പട്ടിക നിരീക്ഷിക്കുക.

| **ഘടകങ്ങൾ** | **പ്രതിഫലം** | **സവിശേഷതകൾ** |
|---|---|---|
| 1. ഭൂമി | പാട്ടം | - ലഭ്യത സ്ഥിരമാണ്<br>- ചലനശേഷി ഇല്ല<br>- വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. |
| 2. അധ്വാനം | കൂലി | തൊഴിലാളിയിൽ നിന്നും വേർപ്പെടുത്താനാവില്ല.<br>ഭാവിയിലേക്ക് അധ്വാനം കരുതിവക്കാനാവില്ല<br>ചലനാത്മകമാണ് പരിശീലനത്തിലൂടെ മെച്ചപ്പെടുത്താം. |
| 3. മൂലധനം | പലിശ | അധ്വാനത്തിന് പകരമായി പ്രവർത്തിക്കാം.<br>തേയ്മാനം ഉണ്ടാകാം. |
| 4. സംഘാടനം | ലാഭം | നഷ്ട സാധ്യതകൾ ഏറ്റെടുക്കുന്നു, നിശ്ചിത വരുമാനം ഇല്ല.<br>എല്ലാ ചെലവുകളും വഹിക്കുന്നു. |

- *ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ ഘടകത്തേയും വിശദമായി ചർച്ച ചെയ്യുക. ഉദാഹരണങ്ങൾ കണ്ടെത്തുക.*

ഉത്പാദന രീതിയുടെ അടിസ്ഥാനത്തിൽ യന്ത്രങ്ങൾക്ക് പ്രാധാന്യമുള്ള ഉല്പാദനത്തെ മൂലധന തീവ്രമെന്നും തൊഴിലാളികൾക്ക് കൂടുതൽ പ്രധാന്യം ലഭിക്കുന്ന ഉല്പാദന രീതിയെ അധ്വാന തീവ്രമെന്നും തരം തിരിക്കാറുണ്ട്

### സമ്പദ് വ്യവസ്ഥ

ഒരു രാജ്യത്തിലെ വിഭവങ്ങൾ ഉപയോഗപ്പെടുത്തി എന്ത് ഉല്പാദിപ്പിക്കണം, എങ്ങനെ ഉല്പാദിപ്പിക്കണം, ആർക്കു വേണ്ടി ഉല്പാദിപ്പിക്കണം? എന്നു തീരുമാനിക്കുന്ന വ്യവസ്ഥയെ സമ്പദ് വ്യവസ്ഥയെന്ന് പറയുന്നു. പ്രാഥമിക - ദ്വിതീയ - തൃതീയ മേഖലകളിൽ നിന്ന്, സമ്പദ് വ്യവസ്ഥക്ക് സംഭാവന ലഭിക്കുന്നുണ്ട്. അറിവിനെ അടിസ്ഥാനമാക്കിയുള്ള മേഖലയെ ആധുനിക സാമ്പത്തിക ശാസ്ത്രത്തിൽ ചതുർത്ഥീയ മേഖല (നാലാം മേഖല)യായി പരിഗണിക്കുന്നുണ്ട്. വിവരങ്ങളുടെ ശേഖരണവും സാങ്കേതിക വിദ്യയിലൂടെ വിതരണവും ഗവേഷണ പ്രവർത്തനങ്ങൾ തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയവയും ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നു. എല്ലാ മേഖലകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

**ദേശീയ വരുമാനം**

എല്ലാ മേഖലകളിൽ നിന്നും ഒരു വർഷം ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടേയും മൂല്യം പണത്തിൽ കണക്കാക്കി കിട്ടുന്നതാണ് ആ രാജ്യത്തിന്റെ ദേശീയ വരുമാനം. ഇന്ത്യയിൽ മൊത്ത ആഭ്യന്തര ഉല്പാദനമായാണ് കണക്കാക്കുന്നത്. (National Income, Gross Domestic Productions) ആധുനിക കാലഘട്ടത്തിൽ രാജ്യത്തിന്റെ GDP യിലേക്ക് സംഭാവനചെയ്യുന്നത് ഭൂരിഭാഗവും തൃതീയ മേഖലയാണ്. സാമ്പത്തിക വളർച്ചയുണ്ടാവുമ്പോൾ ജീവിത ഗുണനിലവാരം വർദ്ധിക്കുന്നു. പ്രാഥമിക മേഖലയിലാണ് ഇന്നും കൂടുതൽ പേർ ജോലിചെയ്യുന്നത്. മേഖലാവിഹിതം നോക്കുക.

- പ്രാഥമിക മേഖല - 56.8% പേർ
- ദ്വീതിയ മേഖല - 18.7 % പേർ
- തൃതീയ മേഖല - 24.8 % പേർ

നമ്മുടെ സംസ്ഥാനത്തെ ഉത്പാദന യൂണിറ്റുകൾ പട്ടികയാക്കുക. അവയുടെ ഉടമസ്ഥത സംബന്ധിച്ച വിവരവും ശേഖരിക്കുക. അതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന യൂണിറ്റുകളെ തരംതിരിച്ചു നോക്കുക.

| സ്ഥാപനം | ഉടമസ്ഥത | ലാഭം ഉപയോഗപ്പെടുത്തുന്നത് |
|---|---|---|
| മലബാർ സിമന്റ്സ് | | |
| ഭാരത് പെട്രോളിയം | | |
| ടാറ്റാസ്റ്റീൽ | | |
| റിലയൻസ് ഇൻഡസ്ട്രീസ് | | |
| KSFE | | |
| CIAL | | |
| BSNL | | |

സ്വകാര്യ സ്ഥാപനങ്ങൾ ലാഭം നേടുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭം ജനങ്ങളുടെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തുന്നു. ഗവൺമെന്റിന്റെ പ്രധാന വരുമാന സ്രോതസുകളാണ് സർക്കാർ സ്ഥാപനങ്ങൾ. ഇതു കൂടാതെ നികുതികൾ, പിഴകൾ, വാടകകൾ, ഫീസുകൾ, പലിശ, വായ്പകൾ എന്നിവയാണ് ഗവൺമെന്റിന്റെ വരുമാനം. ഓരോ വർഷവും ഗവൺമന്റുകൾ വരുമാനവും ചെലവും നിശ്ചയിച്ച് ബഡ്ജറ്റ് ഉണ്ടാക്കിയാണ് സാമ്പത്തിക ആസൂത്രണം നടത്തുന്നത്.

- *ഈ വർഷത്തെ കേരള ബഡ്ജറ്റ് വിവരങ്ങൾ ശേഖരിച്ച് ഗവൺമെന്റിന്റെ വരവു ചെലവ് സംബന്ധിച്ച് ചർച്ച നടത്തുക.*


**ഭാഗം 3 - സാമ്പത്തികശാസ്ത്രം: ഭാഗത്തിലൂടെ ചർച്ച ചെയ്ത ആശയങ്ങൾ**

1. സാമ്പത്തികശാസ്ത്രം - നിർവചനം, പ്രസക്തി
2. അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ
3. സമ്പദ്വ്യവസ്ഥ, ദേശീയ വരുമാനം

## ഭാഗം 4 – രാഷ്ട്രതന്ത്രം

**നമ്മുടെ ഭരണഘടന**

നമ്മുടെ ഭരണഘടനയുമായി ബന്ധപ്പെട്ട ഒട്ടേറെ ആശയങ്ങൾ പ്രൈമറി വിഭാഗം സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. **ഇന്ത്യൻ ഭരണഘടനയുടെ പ്രത്യേകതകൾ** എന്ന തലക്കെട്ടിൽ ഉൾപ്പെടുത്താവുന്നവ എന്തൊക്കെയാണ്?




- ലിഖിത ഭരണഘടന
- ലോകത്ത് നിലനിന്ന എല്ലാ ഭരണഘടനകളുടെയും മികച്ച ഭാഗങ്ങളെ സ്വീകരിച്ചത്
- പാർലമെന്ററി സമ്പ്രദായം
- മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്നത്
- ഭരണഘടനാഭേദഗതിക്കു സാധ്യതയുള്ളത്
- സാമൂഹ്യതുല്യത, ജനാധിപത്യം, മതേതരത്വം ഇവ ഉയർത്തിപ്പിടിക്കുന്നത്
- ഫെഡറൽ വ്യവസ്ഥ
- നിയമവാഴ്ച
- സ്വതന്ത്ര നീതിന്യായവ്യവസ്ഥ
- 
- 

പട്ടിക പൂർത്തിയാക്കൂ. പൂർത്തിയാക്കിയ പട്ടിക അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്താം.

**ഇന്ത്യൻ ഭരണഘടന**

1950 ജനുവരി 26ന് നിലവിൽ വന്നു.
22 ഭാഗങ്ങൾ
395 ആർട്ടിക്കിളുകൾ
12 പട്ടികകൾ

ഭരണഘടനയുടെ ഭാഗം ഒന്നിൽ ഇന്ത്യൻ യൂണിയൻ, അതിന്റെ ഭൂപ്രദേശം എന്നിവയെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. ഭാഗം രണ്ടിൽ പൗരത്വ വിശദാംശങ്ങളും. ഭാഗം മൂന്നിലാണ് മൗലികാവകാശങ്ങൾ വിശദീകരിക്കുന്നത്. ആർട്ടിക്കിൾ 12 മുതൽ 35 വരെ മൗലികാവകാശങ്ങളുടെ വിശദാംശങ്ങളും ഭരണഘടനാപരമായ പരിഹാര മാർഗ്ഗങ്ങൾക്കുള്ള അവകാശങ്ങളും വിശദീകരിക്കുന്നു.

**മൗലികാവകാശങ്ങളുടെ സവിശേഷത എന്താണ്?**

എങ്ങിനെ നിർവചിക്കാം?

തുടക്കത്തിൽ ഉണ്ടായിരുന്ന മൗലികാവകാശങ്ങൾ എല്ലാം ഇപ്പോഴുമുണ്ടോ?

മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ഭരണഘടനാ ഭാഗങ്ങൾ റഫർചെയ്ത് മുകളിൽ ഉന്നയിച്ചിട്ടുള്ള സംശയങ്ങൾക്ക് പരിഹാരം കുറിക്കാം. നമ്മുടെ മൗലികാവകാശങ്ങൾ എന്ന പേരിൽ ഒരു പ്രസന്റേഷൻ തയാറാക്കാം. മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ഭരണഘടനാ ഭേദഗതി

കളും വിധികളും ഇന്റർനെറ്റ് സാധ്യത പ്രയോജനപ്പെടുത്തി ഈ ആവശ്യത്തിലേക്ക് വിശകലനം ചെയ്യാവുന്നതാണ്. വ്യത്യസ്ത ഗ്രൂപ്പുകൾക്ക് വ്യത്യസ്ത ഭാഗങ്ങൾ വീതിച്ചെടുക്കാം പ്രസന്റേഷനാക്കാം. അവതരണത്തെ തുടർന്ന് സമഗ്രമായ കുറിപ്പുകൾ ഡയറിയിൽ രേഖപ്പെടുത്താം.

നിർദേശകതത്ത്വങ്ങൾ മൗലികാവശങ്ങളിൽ നിന്ന് എങ്ങിനെയാണ് വ്യത്യസ്തമാകുന്നത്? രാഷ്ട്രനയത്തിന്റെ നിർദേശകതത്ത്വങ്ങൾ എന്ന ഭാഗം പരിശോധിക്കാം. കുറിപ്പു തയാറാക്കാം.

**ഭരണഘടന**

ഭാഗം IV A യിലുള്ള മൗലിക കർത്തവ്യങ്ങൾ ഇന്ത്യയിലെ ഓരോ പൗരന്റെയും കർത്തവ്യമായിരിക്കുന്നവയാണെന്ന് വിശദീകരിക്കുന്നുണ്ട്. തുടക്കത്തിൽ 10 എണ്ണമായിരുന്നു ഇപ്പോൾ 11 ആയിട്ടുണ്ട്.

### രാഷ്ട്രനയത്തിന്റെ നിർദേശക തത്ത്വങ്ങൾ

- ഭരണഘടന ഭാഗം IV ൽ.
- ആർട്ടിക്കിൾ 36 മുതൽ 51 വരെ.
- രാജ്യത്തെ ഒരു ക്ഷേമരാഷ്ട്രമായി ഉയർത്താൻ ഉദ്ദേശിച്ചുള്ളവ.
- ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ കോടതിക്ക് നടപ്പാക്കാവുന്നതല്ല.
- തുല്യനീതിയും സൗജന്യ നിയമസഹായവും ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കൽ, തൊഴിലിനും വിദ്യാഭ്യാസത്തിനുമുള്ള അവകാശം, ജീവിത നിലവാരവും ആരോഗ്യനിലയും മെച്ചപ്പെടുത്തൽ, കുടിൽ വ്യവസായ പ്രോത്സാഹനം, ലഹരി പാനീയ നിരോധനം, ഏകീകൃത സിവിൽ നിയമം, കൃഷി, മൃഗസംരക്ഷണ സംഘാടനം, ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്നു വേർതിരിക്കൽ എന്നിവ ഇവയിലുൾപ്പെടുന്നു.

ഭരണഘടനയുടെ ഭാഗം II പൗരത്വത്തെക്കുറിച്ചാണ് വിശദമാക്കുന്നത്. ഇതിൽ 5 മുതൽ 11 വരെ ആർട്ടിക്കിളുകളുണ്ട്. ആർട്ടിക്കിൾ 11 പ്രകാരം പൗരത്വത്തിനുള്ള അവകാശം പാർലമെന്റിന് നിയമം വഴി ക്രമപ്പെടുത്താൻ അധികാരം നൽകുന്നുണ്ട്. പൗരത്വ വ്യവസ്ഥകൾ ഭരണഘടനയിൽ നിന്നും മനസ്സിലാക്കി ക്ലാസിൽ ചർച്ചചെയ്യൂ.

ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന ഭരണക്രമം ഫെഡറലിസത്തിലൂന്നിയുള്ളതാണല്ലോ. കേന്ദ്രഭരണകൂടവും സംസ്ഥാന ഭരണകൂടങ്ങളും തമ്മിൽ കൃത്യമായ അധികാര വിഭജനം നിലനിൽക്കുന്നതിനെ സംബന്ധിച്ചും അതിന്റെ സവിശേഷതകളെയും കുറിച്ച് സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിൽ നാം ചർച്ച ചെയ്തിട്ടുണ്ട്.

**ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ കുറിക്കാമോ.**

1. സുവ്യക്തമായ അധികാര വിഭജനം
2. ഏകപൗരത്വം
3. കേന്ദ്രവും സംസ്ഥാനവും പൊതുഭരണഘടനക്കു വിധേയം
4. സംസ്ഥാനാതിർത്തികൾ ദേശീയതാത്പര്യ പ്രകാരം പുനർ നിർണ്ണയിക്കാം
5. അഖിലേന്ത്യാ സർവ്വീസുകൾ
6. അടിയന്തരാവസ്ഥ വ്യവസ്ഥകൾ
7.
8.
9.
10.
11.

(പട്ടിക പൂർത്തിയാക്കുക)

ഇന്ത്യൻ ഭരണഘടനയുടെ മഹത്വവും സൂക്ഷ്മതയുമാണ് ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകളുടെ അടിസ്ഥാനം. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം V ആണ് ഇന്ത്യൻ ഭരണക്രമത്തിന്റെ നിർദേശങ്ങൾ ഉൾക്കൊള്ളുന്നത്.

ഭരണഘടന ഭാഗം V ന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു ചർച്ചചെയ്തു കുറിപ്പുകൾ തയാറാക്കുക.

(i) രാഷ്ട്രപതി

തെരഞ്ഞെടുപ്പു രീതി

കാലാവധിയും അധികാരങ്ങളും

(ii) കേന്ദ്രമന്ത്രി സഭ - രൂപീകരണം, ഘടന, ചുമതലകൾ

(iii) പാർലമെന്റ് രൂപീകരണം രാജ്യസഭ, ലോകസഭ ഇവയുടെ ഘടന

സമാനരീതിയിൽ ഭാഗം VI (ഇന്ത്യൻ ഭരണഘടന) പരിശോധിച്ച് സംസ്ഥാന ഗവർണർ, നിയമന രീതി അധികാരങ്ങൾ,

(i) സംസ്ഥാന മന്ത്രിസഭകൾ

(ii) സംസ്ഥാന നിയമനിർമ്മാണ സഭകൾ

എന്നിവയെക്കുറിച്ചും ലഘുകുറിപ്പുകൾ തയാറാക്കുക.

**തദ്ദേശ സ്വയംഭരണം**

സംസ്ഥാന സർക്കാരിനു താഴെ നമ്മുടെ സംസ്ഥാനത്ത് നില നിൽക്കുന്ന അധികാര കേന്ദ്രങ്ങൾ/ ഭരണ സംവിധാനങ്ങൾ ഏതൊക്കെയാണ്?

നിങ്ങളുടെ ഐ.ടി.ഇ. സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) പ്രദേശം ഏതാണ്?

പ്രാദേശിക സ്വയം ഭരണത്തെ നമ്മുടെ ഭരണഘടന എങ്ങനെയാണ് വിശദീകരിക്കുന്നത്? ഇതിനായി നടന്ന നിയമനിർമ്മാണപരമായ നീക്കങ്ങൾ/ഭേദഗതികൾ ഏതൊക്കെയാണ്... സ്കൂൾ ക്ലാസുകളിൽ നാം നിരന്തരം ചർച്ച ചെയ്തിട്ടുള്ളവയാണ് പഞ്ചായത്തീരാജ്/നഗരപാലിക സംവിധാനങ്ങൾ

**ഭരണഘടനാഭേദഗതികൾ**

**73, 74 ഭരണ ഘടനാഭേദഗതികൾ**

73-ാം ഭേദഗതി പഞ്ചായത്തീരാജുമായി ബന്ധപ്പെട്ടതാണ്. പഞ്ചായത്തിന്റെ അധികാരങ്ങൾ, ഉത്തരവാദിത്വങ്ങൾ, വ്യത്യസ്ത സംവരണ വ്യവസ്ഥകൾ എന്നിവ ഇതുമായി ബന്ധപ്പെട്ട് നിലവിൽ വന്നു. 112-ാം ഷെഡ്യൂൾ കൂട്ടിച്ചേർത്തു. 74-ാം ഭേദഗതി മുനിസിപ്പാലിറ്റികളുടെ അധികാരങ്ങൾ, ഉത്തരവാദിത്വങ്ങൾ എന്നിവ വ്യവസ്ഥ ചെയ്തു.12-ാം ഷെഡ്യൂൾ കൂട്ടിച്ചേർത്തു (1992 ലാണ്). Date of commencement 73 - 24.04.1993, 74 - 01.06.1993. ഭരണഘടനയിൽ ഭാഗം IX പഞ്ചായത്തുകൾ ഭാഗം IX - A മുനിസിപ്പാലിറ്റികൾ എന്നിവ വിശദീകരിക്കുന്നു.

നിലവിൽ ഇന്ത്യയിലുള്ള പഞ്ചായത്തീരാജ് - സംവിധാനങ്ങൾ ഏതൊക്കെയാണ്? ജില്ലാ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് സംവിധാനങ്ങളുടെ പൊതു പ്രവർത്തനരീതികളും അധികാരങ്ങളും തെരഞ്ഞെടുപ്പു രീതിയും സംബന്ധിച്ച് അഭിമുഖം സംഘടിപ്പിക്കാം.

മൂന്നു തലങ്ങളുമായും ബന്ധപ്പെട്ട് വെവ്വേറെ സംഘടിപ്പിക്കാൻ പ്രായോഗിക തടസ്സങ്ങൾ ഉണ്ടെങ്കിൽ ഒറ്റ അഭിമുഖമായി (ത്രിതല സംവിധാനത്തിലെ ഏതെങ്കിലും ഒരംഗവുമായി) സംഘടിപ്പിച്ചാൽ മതിയാകും. അപ്പർ പ്രൈമറിക്ലാസുകളിലെ ടീച്ചർ ടെക്സ്റ്റുകൾ പരിശോധിച്ചാൽ അഭിമുഖ സംഘാടനം,

ചോദ്യാവലി നിർമ്മാണ വിശദാംശങ്ങൾ എന്നിവ ലഭിക്കും. നിങ്ങളുടെ അധ്യാപികയുടെ സഹായത്തോടെയും മികച്ച ചോദ്യാവലി തയാറാക്കി അഭിമുഖം സംഘടിപ്പിക്കാം. അഭിമുഖ റിപ്പോർട്ടിൽ വിശദാംശങ്ങൾ വിട്ടുപോകാതെ ശ്രദ്ധിക്കണം.

## ദ്വിതല ത്രിതല സംവിധാനങ്ങൾ

**ദ്വിതല സംവിധാനം**

ജില്ലാ പഞ്ചായത്ത് സമിതി - ഗ്രാമപഞ്ചായത്ത് സമിതി

**ത്രിതല സംവിധാനം**

ജില്ലാ പഞ്ചായത്ത് സമിതി - ബ്ലോക്ക് പഞ്ചായത്ത് സമിതി - ഗ്രാമപഞ്ചായത്ത് സമിതി

ഇരുപത് ലക്ഷം ജനങ്ങളിൽ കുറവ് ഉള്ള സംസ്ഥാനങ്ങളിൽ ദ്വിതല പഞ്ചായത്ത് സംവിധാനവും മറ്റുള്ള സംസ്ഥാനങ്ങളിൽ ത്രിതല സംവിധാനവുമാണ് നിലവിലുള്ളത്.

**ജില്ലാപഞ്ചായത്ത്**

ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ഏറ്റവും ഉയർന്ന സമിതിയാണ് ജില്ലാ പഞ്ചായത്ത്

**ബ്ലോക്ക് പഞ്ചായത്ത്**

റവന്യൂ ബ്ലോക്കുകളെ അടിസ്ഥാനമാക്കിയാണ് ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുള്ളത്

**ഗ്രാമപഞ്ചായത്ത്**

- പഞ്ചായത്തീരാജിന്റെ അടിസ്ഥാനതലം - അഞ്ചുവർഷ കാലാവധി.
- ജനങ്ങൾ നേരിട്ട് ഗ്രാമപഞ്ചായത്തംഗങ്ങളെ തിരഞ്ഞെടുക്കുന്നു.
- മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരും.
- എല്ലാ തീരുമാനങ്ങളും വോട്ടിനിടും.

**ഗ്രാമസഭ**

ഗ്രാമസഭയിൽ നിങ്ങൾ പങ്കെടുത്തിട്ടുണ്ടോ? ഒരു വർഷത്തിൽ എത്ര പ്രാവശ്യമാണ് ഗ്രാമസഭ ചേരാറുള്ളത്? മുൻകൂട്ടി അറിയിച്ചശേഷം ഒരു ഗ്രാമസഭായോഗം നിരീക്ഷിക്കാമോ? ഇതിനു സാധിക്കാത്ത പക്ഷം ഒരു ഗ്രാമ പഞ്ചായത്തംഗത്തെയോ, പഞ്ചായത്ത് സെക്രട്ടറിയെയോ സന്ദർശിച്ച് ഗ്രാമസഭയുടെ വിശദാംശങ്ങൾ ശേഖരിക്കാം.

കേരള പഞ്ചായത്തീരാജ് നിയമത്തിലെ സവിശേഷസ്ഥാനം നൽകുന്ന സംവിധാനമാണ് ഗ്രാമസഭ. ജനാധിപത്യഭരണക്രമത്തിൽ സാധാരണ ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനമാണിത്. ഒരു ഗ്രാമപഞ്ചായത്തിന്റെ വാർഡുകൾ അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ. ഒരു വാർഡിലെ മുഴുവൻ സമ്മതിദായകരും ഗ്രാമസഭയിലെ അംഗങ്ങളാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തംഗമായിരിക്കും കൺവീനർ. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയും മൂന്നുമാസത്തിൽ ഒന്നെന്ന കണക്കിലാണ് സാധാരണ യോഗം ചേരാറുള്ളത്. പ്രദേശത്തെ ആവശ്യങ്ങൾ, വികസന സാധ്യതകൾ എന്നിവ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നു. വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതും ഗ്രാമസഭയാണ്.

**ജനാധിപത്യം**

ജനങ്ങളുടെ ഇച്ഛയ്ക്ക് പ്രാമുഖ്യം നൽകുന്ന ഭരണ സംവിധാനമാണ് ജനാധിപത്യം. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സംവിധാനമാണിത്. എന്താണ് ജനാധിപത്യത്തിന്റെ മേന്മകൾ?

- ജന പങ്കാളിത്തം.
- പ്രതിപക്ഷ ബഹുമാനം
- വിവിധ ജനവിഭാഗങ്ങളെ ഒരുമിപ്പിക്കുന്നു
- ജനങ്ങളുടെ അംഗീകാരം
- സമാധാനപരമായി ഭരണമാറ്റം
- ..............................................

തുടങ്ങിയ ഒട്ടേറെ മേന്മകൾ അവകാശപ്പെടാനുണ്ട്. എങ്കിലും ചില പോരായ്മകളും ഉണ്ട്. ഭരണ തുടർച്ച ലഭ്യമാകാതാകുമ്പോൾ ദീർഘകാല നയങ്ങളും പരിപാടികളും നടപ്പിലാക്കാൻ കഴിയില്ല. അഴിമതിക്കും കാലുമാറ്റം പോലുള്ള പ്രവണതകൾക്കും സാധ്യതയുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയ ചെലവേറിയതാകുന്നു. തുടങ്ങിയ ദോഷങ്ങളൊക്കെ പറയാമെങ്കിലും ഇന്ന് നിലവിലുള്ള ഭരണ സംവിധാനങ്ങളിൽ മെച്ചപ്പെട്ടതാണ് ജനാധിപത്യം. പ്രത്യക്ഷ ജനാധിപത്യമെന്നും പരോക്ഷ ജനാധിപത്യമെന്നും രണ്ടുതരത്തിലുണ്ട്. ജനങ്ങൾ നേരിട്ടുതന്നെ നിയമ നിർമാണവും ഭരണവും നടത്തുന്ന പ്രത്യക്ഷ ജാനാധിപത്യം ജനസംഖ്യാവർദ്ധനവിന്റെ കാലത്ത് ചെലവേറിയതാവും. റഫറണ്ടം, ഇനിഷ്യേറ്റിവ്, പ്ലെബിസൈറ്റ്, റീക്കാൾ തുടങ്ങിയ മാർഗങ്ങളാൽ പ്രത്യക്ഷ ജനാധിപത്യം നടപ്പിലായിട്ടുണ്ട്. കാര്യനിർവ്വഹണ വിഭാഗത്തിന്റെ സ്വഭാവമനുസരിച്ച് പാർലമെന്ററി ജനാധിപത്യമെന്നും പ്രസിഡൻഷ്യൽ ജനാധിപത്യമെന്നും മറ്റൊരു തരത്തിലും തരം തിരക്കാറുണ്ട്. ഇന്ത്യയിൽ പ്രാതിനിധ്യ സ്വഭാവമനുസിരിച്ച് പരോക്ഷ ജനാധിപത്യമാണ് നിലവിലുള്ളത്. അമേരിക്കയിൽ പ്രസിഡൻഷ്യൽ ജനാധിപത്യമാണ് നിലവിലുള്ളത്.

- പ്രത്യക്ഷ - പരോക്ഷ ജനാധിപത്യത്തിന്റെ മേന്മകളും പോരായ്കളും ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക.
- ജനാധിപത്യ ഭരണ സംവിധാനം നിലവിലുള്ള രാജ്യങ്ങൾക്കും ജനാധിപത്യേതര ഭരണ സംവിധാനമുള്ള രാജ്യങ്ങൾക്കും ഉദാഹരണങ്ങൾ കണ്ടെത്തുക.

കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഭരണ സംവിധാനത്തെ യൂണിറ്ററിയെന്നും ഫെഡറലെന്നും വേർതിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് മാത്രമുള്ള ഭരണം യൂണിറ്ററിയെന്നും കേന്ദ്രവും സംസ്ഥാനങ്ങളും അധികാരം വിഭജിച്ച് ഭരണം നടത്തുന്ന സംവിധാനത്തെ ഫെഡറൽ സംവിധാനം എന്നും പറയുന്നു.

ഇന്ത്യൻ ഫെഡറൽ സംവിധാനമനുസഹിച്ച് അധികാരത്തെ മൂന്നാക്കി തിരിച്ചിരിയ്ക്കുന്നു. ഫ്ളോചാർട്ട് പൂർത്തിയാക്കുന്നു.

ഇന്ത്യൻ ഫെഡറൽ സംവിധാനം

| യൂണിയൻ ലിസ്റ്റ് | സ്റ്റേറ്റ് ലിസ്റ്റ് | കൺകറണ്ട് ലിസ്റ്റ് |
|---|---|---|
| **പ്രതിരോധം** | **ക്രമസമാധാനം** | **വിദ്യാഭ്യാസം** |
| • .................................. | • .................................. | • .................................. |
| • .................................. | • .................................. | • .................................. |
| • .................................. | • .................................. | • .................................. |

**അവകാശങ്ങൾ**

ജനാധിപത്യ ഗവൺമെന്റുകളെ ഇതര ഗവൺമെന്റുകളിൽ നിന്നും വ്യത്യസ്ഥമാകുന്ന പ്രധാനഘടകം, അവ ഉറപ്പുനൽകുന്ന പൗരാവകാശങ്ങളാണ്. ഇന്ത്യൻ ഭരണഘടനയനുസരിച്ച് ജനങ്ങൾക്ക് ഉറപ്പുനൽക്കുന്ന ചില അവകാശങ്ങൾ നോക്കുക.

- ജീവിക്കാനുള്ള അവകാശം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- അഭിപ്രായ സ്വാതന്ത്ര്യം
- സംഘടനാ സ്വാതന്ത്ര്യം
- ..........................................




ഒരു പൗരന് മെച്ചപ്പെട്ട ജീവിതം നയിക്കാനുള്ള ശേഷിയും കഴിവും ആർജിക്കുന്നതിന് രാഷ്ട്രം ഉറപ്പു നൽകുന്ന വ്യവസ്ഥകളാണ് അവകാശങ്ങൾ. ഓരോ പൗരനും ഭരണഘടനയിലുൾപ്പെടുത്തി ഉറപ്പുനൽകുന്ന പട്ടികയാണ് അവകാശ പത്രിക. മനുഷ്യവംശത്തിലെ ഒരംഗം എന്ന നിലക്ക് എല്ലാവർക്കും ഒരേപോലെ ലഭ്യമായിരിക്കേണ്ട അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. 1948 ലെ സാർവ്വദേശിയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഐക്യരാഷ്ട്രസഭ എല്ലാ അംഗരാഷ്ട്രങ്ങളും ഇവ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. മനുഷ്യവാകാശങ്ങൾ ഉറപ്പുവരുത്തുവാനും ലംഘനങ്ങൾ തടയുന്നതിനുമായി ദേശിയ തലത്തിലും സംസ്ഥാന തലത്തിലും മനുഷ്യവകാശ കമ്മിഷനുകൾ പ്രവർത്തിക്കുന്നുണ്ട്.

- മനുഷ്യാവകാശം പോലെതന്നെ, ബാല്യത്തിൽ ശാരീരികവും മാനസികവുമായ വികാസം ഉറപ്പുവരുത്തുന്നതിനായി കുട്ടികളുടെ അവകാശങ്ങളും ഭരണഘടന ഉറപ്പു നൽകുന്നുണ്ട്. ബാലാവകാശ സംരക്ഷണത്തിനും ദേശീയ-സംസ്ഥാനതല കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങൾ അവസാനിപ്പിക്കേണ്ടതും എല്ലാ നിലയിലും പുരുഷനു തുല്യമായ അവകാശങ്ങൾ ഉറപ്പുവരുത്തേണ്ടതും പരിഷ്കൃത സമൂഹത്തിന്റെ കടമയാണ്. സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുവാനായി 1979-ൽ സ്ത്രീ വിവേചന ഉന്മൂലന ഉടമ്പടി ഐക്യരാഷ്ട്ര സഭ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ദേശീയ-സംസ്ഥാന തലങ്ങളിൽ വനിതാകമ്മിഷനുകളും പ്രവർത്തിക്കുന്നു. ഏതെങ്കിലും അവകാശങ്ങളുടെ നിഷേധമുണ്ടായാൽ സംരക്ഷിച്ചുകിട്ടുവാനായി കമ്മിഷനേയും കോടതികളേയും സമീപിക്കാവുന്നതാണ്.
- ദേശീയ-സംസ്ഥാതലങ്ങളിൽ മനുഷ്യാവകാശം, സ്ത്രീകളുടെ അവകാശം, കുട്ടികളുടെ അവകാശം എന്നിവ ഉറപ്പുവരുത്തുന്നതിനായി കമ്മിഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഘടന, ചുമതലകൾ, ഇപ്പോഴത്തെ കമ്മിഷൻ അംഗങ്ങൾ, ഉറപ്പുവരുത്തുന്ന അവകാശങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക. അതിന്റെയടിസ്ഥാനത്തിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക.
- പുരുഷനു തുല്യമായ എല്ലാ അവകാശങ്ങളും സ്ത്രീകൾക്കും ലഭ്യമാണോ? ഈ വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കുക.

**ജനാധിപത്യവും തെരഞ്ഞെടുപ്പും**

ജനാധിപത്യ ഗവൺമെന്റുകൾ ജനാഭിലാഷങ്ങൾ നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകുന്നു. ജനാഭിലാഷങ്ങൾ അറിയുന്നതിനായി നിശ്ചിത കാലയളിൽ തെരഞ്ഞെടുപ്പുകൾ നടക്കണം. തെരഞ്ഞെടുപ്പു പ്രക്രിയയിലൂടെ ഭൂരിപക്ഷം നേടുന്ന കക്ഷിക്കു/കക്ഷികൾക്കു ഗവൺമെന്റു രൂപീകരിക്കാം. നമ്മുടെ നാട്ടിൽ അഞ്ചുവർഷകാലയളവിലാണ് പ്രാദേശിക ഗവൺമെന്റുകളേയും

സംസ്ഥാന ഗവൺമെന്റുകളേയും, കേന്ദ്രഗവൺമെന്റിനേയും വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നത്. സ്വതന്ത്രമായി പ്രവർത്തിക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷനാണ് ഇലക്ഷന്റെ നടത്തിപ്പ് ചുമതല. പ്രാദേശിക ഭരണ സംവിധാനത്തിലേക്ക് ഇലക്ഷൻ നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മിഷനാണ്. സംസ്ഥാന ഗവൺമെന്റിനുള്ള എം.എൽ.എ.മാരെ തെരഞ്ഞെടുത്ത് മന്ത്രിസഭ രൂപീകരണത്തിനവസരം ഒരുക്കുന്നതിനും കേന്ദ്രഗവൺമെന്റ് രൂപീകരിക്കുന്നതിനുള്ള എം.പി.മാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള ചുമതലയും കേന്ദ്ര ഇലക്ഷൻ കമ്മിഷനാണ്. 18 വയസ്സു തികഞ്ഞ മുഴുവൻ പൗരന്മാരേയും ഉൾപ്പെടുത്തി വോട്ടർപട്ടിക തയ്യാറാക്കൽ തുടങ്ങി ഫലപ്രഖ്യാപനം വരെ കുറ്റമറ്റ രീതിയിലും സ്വതന്ത്രമായും തെരഞ്ഞെടുപ്പു നടപടികൾ സംഘടിപ്പിക്കുന്നത് ഇലക്ഷൻ കമ്മിഷനാണ്. രാഷ്ട്രീയ പാർട്ടികളാണ് തെരഞ്ഞെടുപ്പിന് ജനങ്ങൾക്കു ബോധവൽക്കരണം നടത്തുന്നതും സ്ഥാനാർത്ഥികളെ മത്സരിപ്പിക്കുന്നതും. ദേശീയ തലത്തിലും സംസ്ഥാനതലത്തിലും അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നു. ഇലക്ഷൻ കമ്മിഷനാണ് രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുന്നത്.

- കേന്ദ്ര-സംസ്ഥാന തലത്തിൽ ഇലക്ഷൻ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനുള്ളസംവിധാനങ്ങളും അവയുടെ ചുമതലകളും അന്വേഷിച്ചറിയുക.
- 'ജനാധിപത്യസംവിധാനത്തിൽ രാഷ്ട്രീയ പാർട്ടിയുടെ പങ്ക്,' (ദേശീയ പാർട്ടികൾ, സംസ്ഥാനപാർട്ടികൾ) എന്ന വിഷയത്തിൽ ഒരു സിമ്പോസിയം സംഘടിപ്പിക്കുക.

**ഭാഗം 4 – രാഷ്ട്രതന്ത്രം ഭാഗത്തിലൂടെ നേടിയ ആശയങ്ങൾ.**


1. നമ്മുടെ ഭരണഘടന, മൗലികാവകാശങ്ങൾ
2. നിർദേശക തത്വങ്ങൾ, ഭരണഘടനാ ഭേദഗതികൾ
3. ത്രിതല പഞ്ചായത്തുഭരണ സംവിധാനങ്ങൾ
4. ജനാധിപത്യം, തെരഞ്ഞെടുപ്പ്
5. അവകാശങ്ങൾ

**റഫറൻസ്**


1. ഇന്ത്യൻ ഭരണഘടന; കേന്ദ്രസർക്കാർ – മലയാളം പരിഭാഷ
2. ഇന്ത്യൻ ഭരണഘടന – ഡോ.പൈലി

## ഭാഗം 5 – സമൂഹശാസ്ത്രം

സമൂഹത്തിലെ കൂട്ടായ്മകളിൽ പരമപ്രധാനമാണ് കുടുംബം. മനുഷ്യവളർച്ചയുടെ ഒരു ഘട്ടത്തിൽ രൂപമെടുത്തതാണ് കുടുംബം. ജനനം മുതൽ മനുഷ്യൻ ആശ്രയിക്കുകയും ഇടപെടുകയും ചെയ്യുന്ന അടിസ്ഥാന സാമൂഹ്യ സ്ഥാപനമാണിത്. മനുഷ്യന്റെ എല്ലാ വിശാല കൂട്ടായ്മകളുടെയും അടിസ്ഥാന ഘടകം ഒരു കാലത്ത് കുടുംബമായിരുന്നു. പ്രാചീന സമൂഹത്തിലെ ഗോത്രം, വംശം എന്നിവയുടെ രീതികൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. മനുഷ്യന്റെ സാമൂഹീകരണ പ്രക്രിയയിൽ സുപ്രധാന പങ്കാണ് കുടുംബം നിർവ്വഹിച്ചുവരുന്നത്. മാനവ ചരിത്രത്തിലെ തന്നെ ഏറ്റവും പഴക്കമേറിയ സാമൂഹ്യ സ്ഥാപനം കൂടിയാണ് കുടുംബം. സമൂഹത്തിന്റെ തന്നെ ഏറ്റവും ലളിതവും പ്രാഥമികവുമായ രൂപമാണിത്. സാർവ്വത്രിക സാമൂഹ്യ സ്ഥാപനമായ കുടുംബം ബന്ധങ്ങളുടെ ഒരു വ്യവസ്ഥയാണ്. സ്കൂൾ ക്ലാസുകളിൽ നാം കുടുംബവുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കുടുംബത്തിന്റെ സവിശേഷതകളെ പട്ടികപ്പെടുത്താമോ...




ലോകത്ത് വിവിധ കാലഘട്ടത്തിൽ വ്യത്യസ്തരീതികളിലാണ് കുടുംബം ഉടലെടുത്തത് വ്യത്യസ്ത വിവാഹരീതികളാണ് കുടുംബ ബന്ധങ്ങളുടെ രൂപപ്പെടലിന് കാരണമായതെന്ന് കരുതുന്നു. കുടുംബത്തിന്റെ പൊതുഘടനയും ബന്ധങ്ങളുടെ സ്വഭാവവും എല്ലാക്കാലത്തും ഒരു പോലെയായിരുന്നില്ല. കേരളത്തിൽ പോലും ഇത് കാണുന്നതിൽ നിന്നും വ്യത്യസ്തമായ, മരുമക്കത്തായാധിഷ്ഠിതമായ സമ്പ്രദായത്തിലുള്ള കുടുംബ വ്യവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. മരുമക്കത്തായ പ്രകാരമല്ലാത്ത കൂട്ടുകുടുംബ വ്യവസ്ഥയും ചില പ്രദേശങ്ങളിൽ നില നിന്നിരുന്നു. എന്നാൽ ഇന്ന് 'അണുകുടുംബ'ങ്ങളാണ് നിലവിലുള്ളത് ഇന്നത്തെ അണുകുടുംബങ്ങൾ അച്ഛൻ, അമ്മ ഒന്നോ രണ്ടോ മക്കൾ എന്ന രീതിയിലാണുള്ളത്. എന്നാൽ ഒരു പരമ്പരാഗത കൂട്ടുകുടുംബത്തിൽ മൂന്നോ അതിലധികമോ തലമുറയിൽ പെട്ടവരെ കാണാം. സ്വത്ത് ഭാഗം വെയ്ക്കാതിരിക്കുന്നതും കൂട്ടായി കൈവശം വെയ്ക്കുന്നതും അനുഭവിക്കുന്നതും പരമ്പരാഗത കൂട്ടുകുടുംബത്തിന്റെ പൊതു രീതികളിൽ പെടുന്നു. ഒരു കുടുംബത്തിലെ രണ്ടു തലമുറയിൽ പെട്ടവർ ഒരുമിച്ച് താമസിക്കുന്ന വിസ്തൃത കുടുംബങ്ങൾ ഇതിൽ നിന്നും വ്യത്യസ്തമാണ്. ഇത്തരം കുടുംബങ്ങളിൽ പൊതുവെ ഭാര്യാഭർത്താക്കന്മാർ, മക്കൾ, ഭാര്യയുടെയോ ഭർത്താവിന്റെയോ മാതാപിതാക്കൾ എന്നിവരാണുണ്ടാകുക. സ്കൂൾ ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങൾ വ്യത്യസ്ത കുടുംബവ്യവസ്ഥകളെ പഠന വിധേയമാക്കുന്നുണ്ട്.

**പഴയകുടുംബവുമായി താരതമ്യം ചെയ്യുമ്പോൾ അണുകുടുംബം ഒറ്റപ്പെട്ടതും നിസ്സഹായ സ്വഭാവത്തിലുമുള്ളതാണെന്ന് അഭിപ്രായമുണ്ട്. മറ്റെന്തൊക്കെ പ്രശ്നങ്ങളാണ് അണുകുടുംബ വ്യവസ്ഥയിലുള്ളത്?**

- കുട്ടികളെ ശ്രദ്ധിക്കാൻ ആളില്ല
- കുട്ടികൾക്കു കളിക്കൂട്ടുകാരുടെ ദൗർലഭ്യം
- വർധിക്കുന്ന ചെലവുകൾ
- ഒന്നോ രണ്ടോ പേരുടെ മാത്രം വരുമാനം
- സഹായിക്കാൻ ആരുമില്ല
- ആധുനിക സാങ്കേതിക വിദ്യ ഉയർത്തുന്ന പുതിയപ്രശ്നങ്ങൾ

വീട്ടിൽ നിന്നും കൗമാരക്കാരുടെ ഒളിച്ചോട്ടം; മൂത്തകുട്ടിക്ക് ഇളയ കുട്ടിയോടു തോന്നുന്ന പകയുടെ അനന്തര ഫലങ്ങളുമായി ബന്ധപ്പെട്ട മാധ്യമ റിപ്പോർട്ടുകൾ... എന്നിവയെ അണുകുടുംബ ക്രമത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കാമോ? കണ്ടെത്തലുകൾ അധ്യാപികയുടെ നിർദേശപ്രകാരം നോട്ടുബുക്കിൽ കുറിക്കാം...

- കൂട്ടുകുടുംബ വ്യവസ്ഥ, അണുകുടുംബ വ്യവസ്ഥ എന്നിവയുടെ ഗുണ ദോഷങ്ങൾ കൂടി കണ്ടെത്തുക. പൊതുചർച്ചയെ തുടർന്ന് താഴെ തന്നിട്ടുള്ള കോളം പൂരിപ്പിക്കാം.

| | **അണുകുടുംബം** | **കൂട്ടുകുടുംബം** |
|---|---|---|
| ഗുണങ്ങൾ | | |
| ദോഷങ്ങൾ | | |

പരസ്പരം ചുമതലകൾ പങ്കുവെച്ച് ഒരു സ്ത്രീയും പുരുഷനും, അവരുടെ കുട്ടികളോടൊപ്പമോ, കുട്ടികൾ ഇല്ലാതെയോ ഒന്നിച്ചു ജീവിക്കുന്നതിനെയാണ് സാധാരണയായി കുടുംബം എന്നു പറയുന്നത്. എന്നാൽ ആധുനിക കാലത്ത് കുടുംബ സങ്കൽപ്പം ഈ നിർവ്വചനത്തിനപ്പുറത്ത് എത്തി നിൽക്കുന്നു. മനുഷ്യൻ ഗോത്രങ്ങളായി ജീവിക്കാൻ തുടങ്ങിയ ആദിമകാലം മുതൽക്കേയുള്ള ഒന്നാണ് കുടുംബം. സ്വകാര്യസ്വത്തിന്റെ പരമ്പരാഗതമായ പങ്കുവെയ്പ് ഇതിന്റെ ഒരു പ്രധാന ലക്ഷ്യമായി വിലയിരുത്തപ്പെടുന്നു. കുടുംബ ജീവിതത്തിൽ മതപരവും ഗോത്രപരവും സാമൂഹികവുമായ ഒട്ടേറെ ഇടപെടലുകൾ ഉണ്ടാകും. വിവാഹം ഇതിന്റെ ആദ്യപടിയാണ്. മതങ്ങളും ഗോത്രങ്ങളും ഭൂമിശാസ്ത്രഘടകങ്ങളും വിവാഹ രീതിയുടെ വ്യത്യസ്തതകൾക്കു കാരണമാകുന്നു. ഇത് തുടർന്ന് കുടുംബ രീതികളുടെ വ്യത്യസ്തതകൾക്കും കാരണമാകുന്നു. കുടുംബം ഏതു തന്നെയായാലും ഒരു നിയന്ത്രണകേന്ദ്രം അതിലുണ്ടാകും അത് പുരുഷനാകാം, സ്ത്രീയാകാം, മിക്കപ്പോഴും പുരുഷന്മാരായിരിക്കും അധികാരകേന്ദ്രമായിരിക്കുക. എന്തുകൊണ്ടായിരിക്കാം ഈ രീതി നിലവിൽ വന്നത്? ഗൃഹനാഥനുപകരം ഗൃഹനാഥയായാലോ... താവഴി സമ്പ്രദായം ശക്തമായിരുന്ന ചില സമൂഹങ്ങളിൽ ഗൃഹനാഥ നയിക്കുന്ന കുടുംബങ്ങൾ ഉണ്ടായിരുന്നു. നിങ്ങളുടെ റേഷൻ കാർഡ് പരിശോധിക്കൂ....

- ഗൃഹനാഥയാക്കിയിരിക്കുന്നതിന്റെ മെച്ചങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.

**ഗോത്രസമൂഹം, ഗ്രാമസമൂഹം, നഗരസമൂഹം**

വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളുടെ ചിലമേഖലകളിൽ കേന്ദ്രീകരിച്ച് ഗോത്രസമൂഹങ്ങൾ ആയി ഒരു വിഭാഗം ജീവിച്ചു വരുന്നു. ഇത്തരത്തിൽ ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും ജനങ്ങൾ ജീവിക്കുന്നുണ്ട്. പൊതുവിൽ ട്രൈബൽ വിഭാഗങ്ങളായി ഇവർ അറിയപ്പെടുന്നു. ഗോത്ര സമൂഹങ്ങൾ അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിതരീതിയും നിലനിർത്തി പോകുന്നുണ്ട്. എങ്കിലും ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമായും മറ്റുവിഭാഗങ്ങളുമായുള്ള കൂടിച്ചേരൽ മൂലവും ചില മാറ്റങ്ങളും ജീവിതരീതിയിൽ വന്നിട്ടുണ്ട്. അതുപോലെ സംസ്ഥാനത്ത് പല മേഖലകളും കേന്ദ്രീകരിച്ച് ഗ്രാമീണ ജീവിതം നയിക്കുന്ന സമൂഹങ്ങളും കാണാം. പരമ്പരാഗത ഗ്രാമങ്ങളിൽ ആദ്യകാലങ്ങളിൽ കൂട്ടുകുടുംബ വ്യവസ്ഥയ്ക്ക് ഏറെ പ്രാധാന്യമുണ്ടായിരുന്നു. ഗ്രാമീണ കൂട്ടുകുടുംബങ്ങൾക്ക് അവരുടേതായ കുലത്തൊഴിലും ഉണ്ടായിരുന്നു. കൃഷിയും അനുബന്ധ തൊഴിലുകളുമാണ് ഗ്രാമസമൂഹങ്ങളിൽ മുഖ്യം.

- കൈത്തൊഴിലുകൾ
- കന്നുകാലി വളർത്തൽ
- കരകൗശല വസ്തുക്കളുടെ നിർമാണം
-

തുടങ്ങിയവയും ഗ്രാമീണ ജനതയുടെ ഉപജീവനമാർഗമാണ്. കൃഷിയും വിളവെടുപ്പുമായി ബന്ധപ്പെട്ടാണ് പല ഗ്രാമീണ ആഘോഷങ്ങളും നടക്കുന്നത്. ഇന്ത്യ, ഇന്നു ഗ്രാമങ്ങളുടെ നാടാണ്. എന്നാൽ കേരളം ഗ്രാമീണ ജീവിതത്തിൽ നിന്നും നഗര ജീവിതത്തിന്റെ ഘട്ടത്തിലേക്ക് മാറികൊണ്ടിരിക്കുന്നു. ഗ്രാമങ്ങൾ പട്ടണങ്ങളായും നഗരങ്ങളായും മാറിക്കൊണ്ടിരിക്കുന്നതോടൊപ്പം ചില നഗരങ്ങൾ വൻ നഗരങ്ങളായും മാറിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗോത്ര സമൂഹം, ഗ്രാമസമൂഹം, നഗര സമൂഹം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി താരതമ്യ പട്ടിക തയ്യാറാക്കുക.

| | ഗോത്രസമൂഹം | ഗ്രാമസമൂഹം | നഗരസമൂഹം |
|---|---|---|---|
| • ആചാരങ്ങൾ | | | |
| • തൊഴിൽ | | | |
| • ഭക്ഷണരീതി | | | |
| • വസ്ത്രധാരണം | | | |
| • വാസഗൃഹം | | | |

- *5, 6, 7, 8 ക്ലാസ്സുകളിലെ സാമൂഹ്യ ശാസ്ത്രപാഠപുസ്തകം പരിശോധിച്ച് സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്ന പാഠഭാഗങ്ങളുടെ പ്രധാനാശയങ്ങൾ, പഠനനേട്ടങ്ങൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ കണ്ടെത്തുക.*

**ഭാഗം 5 – സമൂഹശാസ്ത്രം ഭാഗത്തിലൂടെ നേടിയ ആശയങ്ങൾ;**

1. കുടുംബം, വിവിധതരം കുടുംബങ്ങൾ
2. സമൂഹം – വിവിധതരം സമൂഹം

## യൂണിറ്റ് - 4

# സാമൂഹ്യശാസ്ത്രവും സാങ്കേതിക വിദ്യയും

അധ്യാപന പ്രക്രികയിൽ, വിവരവിനിമയ സാങ്കേതികവിദ്യയ്ക്ക് വളരെ പ്രാധാന്യമുണ്ട്. പഠനപ്രക്രിയയുടെ ഗുണമേന്മ ഉറപ്പുവരുത്തിയെങ്കിൽ മാത്രമെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നതിന് കഴികയുള്ളു. ICT ഒരു പഠന ബോധന സഹായിയായി ഉപയോഗപ്പെടുത്തുന്നതിലൂടെ പഠനം ഫലപ്രദമാക്കുന്നതിന് കഴിയും. ഹൈടെക് ക്ലാസുമുറികളും ഡിജിറ്റൽ സംവിധാനങ്ങളും കേരളത്തിലെ വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിക്കൊണ്ട് വലിയ മാറ്റം വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അധ്യാപക വിദ്യാർഥികളും അതിനനുസരിച്ച് ICT ഉപയോഗം ഫലപ്രദമാക്കുന്നതിനുള്ള ശേഷികൾ ആർജിക്കേണ്ടതുണ്ട്. സാമൂഹ്യശാസ്ത്രപഠനത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യയും അനുബന്ധ പഠനസാമഗ്രികളും ബോധന പ്രക്രിയയിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന വിശകലനമാണ് ഈ യൂണിറ്റിലൂടെ നടത്തുന്നത്.

### ICT യുടെ പ്രാധാന്യം

ദൃശ്യ - ശ്രാവ്യ പഠനാനുഭവങ്ങൾ ഒരുക്കികൊണ്ട് രാജ്യാന്തര പഠനനിലവാരം ഓരോ കുട്ടിക്കും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ തലത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) എന്ന കമ്പനി പ്രവർത്തിച്ചുവരികയാണ്. വിദ്യാലയങ്ങളിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, അധ്യാപകർക്ക് പരിശീലനം നൽകുക, വിവിധ ഡിജിറ്റൽ കണ്ടന്റുകൾ തയാറാക്കുക, ഇ-ഗവേണൻസ് നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് KITE നേതൃത്വം നൽകിവരുന്നു. ICT യുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രൈമറി ക്ലാസുകളിലടക്കം ICT ഒരു പ്രത്യേക വിഷയമായി കുട്ടികൾ പഠിച്ചുവരുന്നു. ഇത്തരത്തിൽ മാറുന്ന ക്ലാസുമുറികൾക്ക് അനുഗുണമായി, ബോധന ശാസ്ത്രത്തിലും പഠനപ്രക്രിയയിലും നൈപുണ്യം നേടിയ അധ്യാപക വിദ്യാർഥികളാണ് നാളത്തെ അധ്യാപകരായിവരേണ്ടത്. ഒന്നാം സെമസ്റ്ററിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകളും പ്രാധാന്യവും വിശദമായി ചർച്ച ചെയ്തിരുന്നല്ലോ. ഇവിടെ സാമൂഹ്യശാസ്ത്ര പഠനത്തിനുപയോഗിക്കേണ്ട ICT സാധ്യതകളാണ് പരിശോധിക്കപ്പെടേണ്ടത്.

മനുഷ്യന്റെ സാമൂഹിക പുരോഗതിയെ സ്വാധിനിക്കുന്ന ആശയങ്ങൾ, വ്യക്തികൾ, സംഭവങ്ങൾ സ്ഥാപനങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള പരസ്പരബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമുഹ്യശാസ്ത്രത്തിൽ നടക്കുന്നത്. സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ സമൂഹത്തെ മുന്നോട്ടുനയിക്കുക എന്ന ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം ജനാധിപത്യബോധം, മതനിരപേക്ഷചിന്ത, ദേശീയബോധം, സഹകരണമനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളരുകയും ചെയ്യുന്നു. ഇതിനായി വൈവിധ്യമാർന്ന പഠന തന്ത്രങ്ങളിലൂടെ കുട്ടികൾ കടന്നുപോകേണ്ടിവരും. അവയേതെല്ലാമെന്ന് മുൻപാഠഭാഗത്തു ചർച്ച ചെയ്തുവല്ലോ.

- സെമിനാർ
- ഗ്രൂപ്പുചർച്ച
- സംവാദം
- അഭിമുഖം
- ഫീൽഡ്ട്രിപ്പ്
- പ്രോജക്ട്

- ആൽബങ്ങൾ തയാറാക്കൽ
- ...........

വിവിധ പഠനബോധന തന്ത്രങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കണമെങ്കിൽ അതിനാവശ്യമായ ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നിവ നടക്കണം. ഇതിന്റെ ഓരോ ഘട്ടത്തിലും സാങ്കേതിക സഹായവും ഉപകരണങ്ങളും ഉപയോഗപ്പെടുത്തേണ്ടിവരും. എന്തെല്ലാം ഉപകരണങ്ങളും സാമഗ്രികളുമാണ് സാമൂഹ്യശാസ്ത്രപഠനത്തിൽ ആവശ്യമായിവരുക? പട്ടികപ്പെടുത്തുക.

- പാഠപുസ്തകങ്ങൾ
- റഫറൻസ് പുസ്തകങ്ങൾ
- പത്രമാസികകൾ
- ദൃശ്യ - മാധ്യമങ്ങൾ
- ചരിത്രരേഖകൾ, നാണയങ്ങൾ
- ഭൂപടങ്ങൾ, അറ്റ്ലസുകൾ
- ചരിത്ര സ്മാരകങ്ങൾ
- പഴയകാല ഉപകരണങ്ങൾ, സാമഗ്രികൾ
- ചിത്രങ്ങൾ, ഫോട്ടോകൾ
- സിനിമ. നാടകം.......
- ........

തുടങ്ങിയ നിരവധി സാമഗ്രികളാണ് ആവശ്യമായിവരുന്നത്. ഇവയിൽ പലതും നേരിട്ട് കാണാനും കേൾക്കാനും പറ്റിയ പ്രാഥമിക സ്രോതസ്സുകളായി ലഭ്യമാക്കാൻ പലപ്പോഴും നമുക്ക് കഴിയില്ല. അറിവിന്റെ മേഖല ജില്ല - സംസ്ഥാനം - രാജ്യം - ലോകം - പ്രപഞ്ചം എന്നിങ്ങനെ വിശാലമായി വ്യാപിച്ചു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രാഥമിക സ്രോതസുകളുടെ സാധ്യതകൾ പരിമിതമാകുകയും ദ്വിതീയ സ്രോതസുകൾ ഉപയോഗപ്പെടുത്തേണ്ടതായി വരുകയും ചെയ്യുന്നു. വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളാണ് ഇവിടെ ഉപയോഗപ്പെടുത്തേണ്ടിവരിക. ബോധന പ്രക്രിയയുടെ ആസൂത്രണത്തിൽ അധ്യാപികയ്ക്കും വൈവിധ്യമാർന്ന ശേഖരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർഥികൾക്കും ICT സഹായം ആവശ്യമായിവരുന്നു.

ലഭ്യമായ ബ്ലോഗുകൾ, വെബ് സൈറ്റുകൾ ഏതെല്ലാമെന്ന് ലിസ്റ്റു ചെയ്യുക.

- സമഗ്ര പോർട്ടൽ (Samagra itschool.gov.in)
- ശാസ്ത്രസഹായി (Sasthra Sahayi.blogspot.in)
- മെന്റേഴ്സ് കേരള (Mentors Kerala.blog.com)
- എസ്.എസ്. ഗുരുബ്ലോഗ് (ssgurublogspot.com)
- ബയോവിഷൻ ബ്ലോഗ് (bio-vision-s.blospot.com)
- കേരള നിയമസഭ വെബ്സൈറ്റ് (www.niyamasabha.org)
- ലോകസഭ (loksabha.nic.in)
- രാജ്യസഭ (rajyasabha.nic.in)
- എസ്.സി.ഇ.ആർ.ടി വെബ്സൈറ്റ് (scertkerala.gov.in)
- കാലാവസ്ഥവകുപ്പ് (www.imd.gov.in)
- ....................

സമഗ്രപോർട്ടലിലൂടെ സ്ക്കൂൾ പാഠപുസ്തകങ്ങളും പഠനവിഭവങ്ങളും ഡിജിറ്റൽ ആയിലഭിക്കും.

ഇതുപോലെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പൊതുജനങ്ങളുമായി സംവദിക്കുന്നതിന് വെബ്സൈറ്റുകളുണ്ട്. ഇവയെല്ലാം സാമൂഹികശാസ്ത്ര അധ്യാപകർക്കും വിദ്യാർഥികൾക്കും വിവരശേഖരണത്തിന് ഉപയോഗപ്പെടുത്താം. സംസ്ഥാനത്തിനകത്തും പുറത്തും രാജ്യാന്തരതലത്തിലുമുള്ള നിരവധി സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ, ചരിത്ര സ്മാരകങ്ങൾ, ഐക്യരാഷ്ട്രസഭ, കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റുകൾ തുടങ്ങിയവയുടെ വെബ്സൈറ്റുകൾ സന്ദർശിച്ച് വിവരങ്ങൾ ആധികാരികമായിത്തന്നെ ശേഖരിക്കാവുന്നതാണ്. വിവരങ്ങൾ ഡൗൺലോഡ് ചെയ്തുപയോഗിക്കുമ്പോൾ സൈബർ നിയമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

**ശേഖരിച്ച വിവരങ്ങളുടെ പ്രോസസിംഗ്**

ഇന്റർനെറ്റിന്റെ സഹായവും ലഭ്യതയും ഉറപ്പായതോടെ നഗരഗ്രാമ വ്യത്യാസമില്ലാതെ കേരളത്തിലെ വിദ്യാലയങ്ങൾ ഇവയെല്ലാം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. സാങ്കേതിക വിദ്യകളുടെ ലഭ്യതയും വ്യാപനവും,  കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ആൻഡ്രോയ്ഡ് ഫോണുകൾ തുടങ്ങിയവയുടെ സാർവത്രിക ലഭ്യതയും ഏത് അധ്യാപകർക്കും തന്റെ ക്ലാസുകൾ, ഡിജിറ്റൽ സഹായത്തോടെ മൾട്ടിമീഡിയ സംവിധാനത്തിലേക്ക് മാറ്റികൊണ്ട് പഠന - ബോധന പ്രക്രിയയിൽ കുട്ടികളുടെ താൽപ്പര്യം നിലനിർത്തുവാനും പഠനം ഫലപ്രദമാക്കുവാനും കഴിയുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. വിവരങ്ങൾ ശേഖരിക്കുക, ശേഖരിച്ച വിവരങ്ങളെ ക്ലാസ്സിന് പറ്റിയരീതിയിൽ പ്രോസസ് ചെയ്യുക, സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ കുട്ടികളിലെത്തിക്കുക എന്നി കാര്യങ്ങൾ വളരെ പ്രധാനമാണ്. ഉദാഹരണമായി ശിലായുഗമെന്ന ആശയം വിനിമയം ചെയ്യുമ്പോൾ പ്രാചീന ശിലായുഗം, മധ്യകാലശിലായുഗം, നവീന ശിലായുഗം എന്നീ കാലഘട്ടങ്ങളിലെ മനുഷ്യജീവിതത്തിന്റെ തെളിവുകൾ ശേഖരിക്കണം. ഇവയെല്ലാം ഒരു പ്രസന്റേഷനായി ദൃശ്യ-ശബ്ദ സഹായത്തോടെ വിനിമയം ചെയ്യുമ്പോൾ ഏറെ ഫലപ്രദമാകും. നേരിട്ട് ശേഖരിക്കുന്ന വിവരങ്ങൾ തന്റെ ക്ലാസിലേക്ക് ഉപയോഗിക്കാവുന്ന വിധം മാറ്റം വരുത്താനുള്ള ശേഷി ഓരോ അധ്യാപക വിദ്യാർഥിയും ആർജിക്കേണ്ടതുണ്ട്. ഡിജിറ്റൽ സാധ്യതകൾ ഉപയോഗപ്പെടുത്തുമ്പോൾ അവ കുട്ടികളുമായി സംവദിക്കുന്നതുറപ്പുവരുത്താനും ജ്ഞാന നിർമിതിക്കുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്താനും ശ്രദ്ധിക്കേണ്ടതുണ്ട്.

5, 6, 7 ക്ലാസുകളിലെ സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഓരോ പാഠഭാഗത്തിനും യോജിച്ച ICT സാധ്യതകൾ കണ്ടെത്തി പട്ടികപ്പെടുത്തുക ഗ്രൂപ്പടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

അപ്പർ പ്രൈമറി ക്ലാസിലെ ഏതെങ്കിലും സാമൂഹ്യ ശാസ്ത്രപാഠഭാഗത്തെ ആസ്പദമാക്കി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കി Tryout നടത്തുക.

| ക്രമ നമ്പർ | ക്ലാസ് | യൂണിറ്റ് | വിനിമയം ചെയ്യേണ്ട ആശയമേഖല | പഠനോപകരണ സാധ്യത | ICT ഡിജിറ്റൽ സാധ്യത |
|---|---|---|---|---|---|
| 1 | 6 | മധ്യകാല ഇന്ത്യ | കലയും സാഹിത്യവും | 8 - 18 വരെ നൂറ്റാണ്ടു കാലത്തെ നിർമ്മിതികൾ, വ്യക്തികൾ, സാഹിത്യം ചിത്രങ്ങൾ | |
| | | | | | |

**പ്രയുക്ത സോഫ്റ്റ് വെയറുകൾ (Application Softwares) - സാമൂഹികശാസ്ത്ര പഠനത്തിൽ**

ക്ലാസ് മുറികളുടെ അതിർവരമ്പുകൾക്കപ്പുറത്ത് എവിടെ നിന്നും ഏതു സമയത്തും പഠന വിഭവങ്ങൾ ലഭിക്കാൻ കഴിയുന്ന സാഹചര്യം ഇന്നുണ്ടായിരിക്കുന്നുവെന്നത് ഈ രംഗത്തുണ്ടായ വലിയ മാറ്റമാണ്. ഇന്റർനെറ്റിന്റെ വ്യാപനത്തോടെയാണ് ഇത് സാധ്യമായത്. ഇതൊടൊപ്പം തന്നെ പരിഗണിക്കേണ്ടതാണ് പ്രയുക്ത സോഫ്റ്റുവെയറുകളും ആപ്പുകളും (Apps), ഓഡിയോ വീഡിയോകളും. സാമൂഹികശാസ്ത്രപഠനത്തിന് ഉപയോഗപ്പെടുത്താവുന്ന സോഫ്റ്റുവെയറുകൾ ഏതെല്ലാമെന്ന് ആദ്യം മനസിലാക്കാം. ഉബണ്ടുവിലും വിന്റോസിലും ഇത്തരം വിഭവങ്ങൾ ലഭ്യമാണെന്ന് ഒന്നാം സെമസ്റ്ററിൽ പരിചയപ്പെട്ടല്ലോ.

**സ്റ്റെല്ലേറിയം (Stellarium)**

ഒരു ഡെസ്ക്ടോപ്പ് പ്ലാനറ്റോറിയം സോഫ്റ്റ്വെയറാണ് സ്റ്റെല്ലേറിയം. ഏതു ദിവസത്തെയും ഏതു സയമത്തെയും ആകാശത്തെ നിരീക്ഷിക്കുവാൻ ഇതിലൂടെ സാധിക്കുന്നു. നക്ഷത്രഗണങ്ങളടക്കം 21 കോടി നക്ഷത്രങ്ങളുടെ വിവരങ്ങൾ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാണ്. സൗരയൂഥ/പ്രപഞ്ച നിരീക്ഷണത്തിന് ഈ സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്താം.

**മാർബിൾ: (Marble)**

ഭൂമിയെയും ചന്ദ്രനെയും പൂർണരൂപത്തിൽ നിരീക്ഷിക്കാനുള്ള ഡിജിറ്റൽ ഗ്ലോബാണ് മാർബിൾ. ഭൂമിയെയും ഭൂമിയുടെ അന്തരീക്ഷത്തെയും വിശദമായും ഓരോഭാഗം സൂം ചെയ്തും (പരന്ന പ്രതലമായും) നമുക്ക് കാണാനാവും. കൂടാതെ അക്ഷാംശരേഖാംശങ്ങൾ, വൻകരകൾ, സമുദ്രങ്ങൾ എന്നിവ നിരീക്ഷിക്കുവാനും ഈ സോഫ്റ്റ് വെയർ ഉപയോഗിക്കാം. ചന്ദ്രന്റെ ഉപരിതലവും താപീയ മേഖലകളും നിരീക്ഷിക്കാം. പ്രൈമറി ക്ലാസിലെ ഏതെല്ലാം പാഠഭാഗങ്ങൾ വിനിമയം ചെയ്യാൻ ഈ സോഫ്റ്റ് വെയർ ഉപയോഗിക്കാമെന്ന് പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

**'XR map'**

ഡിജിറ്റൽ ഗ്ലോബുതന്നെയാണ് ഈ സോഫ്റ്റ് വെയർ. രാജ്യങ്ങളുടെയും വിവിധ സ്ഥലങ്ങളുടേയും വിശദാംശങ്ങൾ ശേഖരിക്കാനും ഈ സോഫ്റ്റുവെയറുകൾ ഉപയോഗപ്പെടുത്താം. ഓരോ രാജ്യവും സെലക്ട് ചെയ്താൽ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ വിവരങ്ങളും ദേശീയ പതാക, ദേശീയ ഗാനം തുടങ്ങിയവയും ഈ മാപ്പിലെ ലിങ്കിൽ ലഭ്യമാണ്.

**Sun clock**

സമയമേഖലകൾ, ഭൂമിയുടെ ഭ്രമണം മൂലം ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവ നിരീക്ഷിക്കുവാൻ പര്യാപ്തമായ സോഫ്റ്റ്വെയറാണിത്.

**K. Geography**

ഈ സോഫ്റ്റ് വെയറിലൂടെ സൗരയൂഥം, പരിക്രമണം, ഭ്രമണം തുടങ്ങിയ മേഖലകളുടെ വിനിമയത്തിന് ഉപയോഗിക്കുന്നതിനൊപ്പം സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം, തുടങ്ങിയവ നിരീക്ഷിക്കാനും സാധിക്കും. ചില സോഫ്റ്റുവെയറുകൾ കൂടി ഉബണ്ടുവിന്റെ പുതിയ പതിപ്പിൽ ലഭ്യമാണ്. അവയേതെല്ലാമെന്ന് നിങ്ങളുടെ അധ്യാപകരുടെ സഹായത്തോടെ പരിശോധിക്കുക. കമ്പ്യൂട്ടർ ലാബിൽ നിന്നും അവയുടെ ഉപയോഗവും മനസ്സിലാക്കാമല്ലോ.

- 'സാമൂഹ്യ ശാസ്ത്രപഠനത്തിൽ പ്രയുക്തസോഫ്റ്റ് വെയറുകളുടെ വിവിധ സാധ്യതകൾ' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുക.

സോഫ്റ്റുവെയറുകൾ കൂടാതെ നിരവധി ഡിജിറ്റൽ സാമഗ്രികളും ആപ്പുകളും CD, DVD തുടങ്ങിയവയും ലഭ്യമാണ്. ഇവ മിക്കതും ഡൗൺലോഡ് ചെയ്തും വാങ്ങിയും ഉപയോഗപ്പെടുത്താനാവും. അവ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തുക.

- World Clock
- Google Map
- GPS
- Digital compass
- Digital Atlas
- Digital Maps
- .............
- ...............

നിങ്ങളുടെ മൊബൈൽ ഫോണിൽ ഏതെല്ലാം ആപ്പുകൾ ഡൗൺലോഡു ചെയ്തു ഉപയോഗിക്കാമെന്ന് കണ്ടെത്തൂ.

കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന നിരവധി സാമഗ്രികൾ ലഭ്യമാണ്. അവയുടെ ഉപയോഗം മനസ്സിലാക്കി ഏതെല്ലാം യൂണിറ്റുകളുടെ വിനിമയത്തിന് ഉപയോഗപ്പെടുത്താമെന്ന് കണ്ടെത്തുക.

സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ഏതാനും ദൃശ്യ - ശ്രാവ്യ സാധ്യതകളാണ് ഈ യൂണിറ്റിലൂടെ നിങ്ങൾ പരിചയപ്പെട്ടത്. ഇനിയും ധാരാളം സാധ്യതകൾ ഉണ്ടാകാം. അവയെല്ലാം കണ്ടെത്തി ഉപയോഗപ്പെടുത്തുമ്പോഴാണ് അധ്യാപിക എന്ന നിലയിൽ കഴിവുകൾ മെച്ചപ്പെടുത്താനും ഒരു നല്ല അധ്യാപികയായി മാറാനും നിങ്ങൾക്ക് കഴിയുന്നത്.

**നിങ്ങൾ ഈ യൂണിറ്റിലൂടെ ചർച്ചചെയ്ത ആശയങ്ങൾ**

1. സാമൂഹ്യശാസ്ത്രപഠനവും വിവിധവിനിമയ സാങ്കേതികവിദ്യയും
2. സാമൂഹ്യശാസ്ത്രപഠനത്തിനുപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ, പഠനോപകരണങ്ങൾ, സാധ്യതകൾ
3. സാമൂഹ്യശാസ്ത്ര പഠനത്തിനുപയോഗപ്രദമായ വെബ് പോർട്ടലുകൾ, വെബ്സൈറ്റുകൾ, ബ്ലോഗുകൾ
4. സാമൂഹ്യശാസ്ത്രപഠനത്തിനുപയോഗിക്കുന്ന സോഫ്റ്റുവെയറുകൾ.